KOTTAYAM PUBLIC LIBRARY

Call No. M 297 Acc. No. 14370

Author മുഹമ്മദ് സാഹിബ് .എ

Title ഇസ്ലാം ബാലബോധിനി

947

KOTTAYAM PUBLIC LIBRARY
14370

# ഇസ്ലാം ബാലബോധിനി

## അഥവാ

# നമസ്കാരക്രമം

## (ചോദ്യോത്തരം)

അറബിമൂലവും പരിഭാഷയും ഉൾപ്പെടുത്തി
ചിത്രസഹിതം പരിഷ്കരിച്ച
പുതിയ പതിപ്പ്.

NATIONAL BOOK STALL * KOTTAYAM * BR. S.P.C.S. LTD.

എ. മുഹമ്മദ് സാഹിബ്

കോപ്പി 2000 1961 ജനുവരി

227

കാപ്പിറൈററ് 75 നയാപൈസാ

# പ്രസ്താവന

മതവിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കന്മാർ തീരെ ശ്രദ്ധപതിപ്പിക്കാത്ത ഒരു കാലമാണിതെന്നു പറയുന്ന തിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ആധുനിക പരിഷ്കാരം നമ്മുടെ മതത്തിൻെറയും, സംസ്കാരത്തിൻെറ യും വേരറുത്തുകൊണ്ടിരിക്കുന്നു എന്ന സംഗതി നാം അല്പംപോലും ചിന്തിക്കുന്നില്ല. മതവിദ്യാഭ്യാസത്തിനു പ്രഥമസ്ഥാനവും മററു വിദ്യാഭ്യാസങ്ങൾക്ക് രണ്ടാംസ്ഥാന വുമാണു കല്പിക്കേണ്ടതു്. ഈ തത്വത്തെ മുൻനിറുത്തി പ്രവർത്തിക്കുന്ന സമുദായങ്ങൾ ഇന്ന് എത്തിച്ചേർന്നിട്ടുള്ള ഉന്നതനില നമ്മെ കണ്ണുതുറപ്പിക്കാൻ പര്യാപ്തമാകുന്നി ല്ലെങ്കിൽ അതു നമ്മുടെ ശോചനീയാവസ്ഥയെ പ്രത്യക്ഷ മാക്കുകമാത്രമേ ചെയ്യുന്നുള്ളൂ. നമ്മുടെയിടയിൽ ഉയർന്ന വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരുമായ പലരും മതം എന്താണെന്നുപോലും അറിഞ്ഞുകൂടാത്തവരായിത്തീർന്നി രിക്കുന്നു. അതിൽ അവരെമാത്രം കുററംപറയേണ്ടതില്ല. അതിൻെറ ഉത്തരവാദിത്വം സമുദായത്തിലാണ് സ്ഥിതി ചെയ്യുന്നതു്. ഇനിയെങ്കിലും നമ്മുടെയിടയിൽ മതബോധം വളർത്തുന്നതിനുള്ള പരിപാടികൾ നാം സ്വീകരിക്കേണ്ട താണ്. അതിലേയ്ക്കു പരിഷ്കൃതരീതിയിലുള്ള മദ്രസ കളും, സ്റ്റഡിക്ലാസ്സുകളും ആരംഭിക്കുകയും സംസ്കാരസമ്പ ന്നരായ അദ്ധ്യാപകന്മാരുടെ കീഴിൽ അവയെ പുരോഗമി പ്പിക്കുകയും ചെയ്യേണ്ടതാകുന്നു. ധനവാന്മാർ അവരുടെ

കഴിവിനെ ഇസ്ലാമിൻെറ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കേണ്ട സന്ദർഭം ഇതാണ്.

കുട്ടികളുടെ മതപഠനത്തിനുപയുക്തമാകത്തക്കവിധം ലളിതമായ ഭാഷയിൽ ചോദ്യോത്തരരൂപമായി രചിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥം. ഇതിൻെറ പ്രതികൾ ധാരാളം വാങ്ങി സാധുവിദ്യാൎത്ഥികളുടെയിടയിൽ വിതരണംചെയ്യണമെന്നു ധനവാന്മാരോടു ഞങ്ങൾക്കൊരഭ്യൎത്ഥനയുണ്ടു്. ഞങ്ങളും കഴിവനുസരിച്ചു കുറച്ചു പ്രതികൾ ഫ്രീയായി കൊടുക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇതിൻെറ അറബിമലയാളപ്രതിയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പൊതുജനങ്ങളുടെ സഹായസഹകരണങ്ങളെ സാദരം പ്രതീക്ഷിച്ചുകൊണ്ടു് ഈ ഗ്രന്ഥം സജ്ജനസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
22-9-1129

ഇസ്ലാംസേവകൻ,
ഏ. മുഹമ്മദുസാഹിബ്.

# വിഷയവിവരം

## ഭാഗം 1


| | | പേജ് |
|---|---|---|
| 1. | ഈമാൻ | 1 |
| 2. | അല്ലാഹുവിലുള്ള വിശ്വാസം | 5 |
| 3. | തൗഹീദിനെ സ്ഥാപിക്കുന്ന ഒരു ചരിത്രകഥ | 7 |
| 4. | മലക്കുകളിലുള്ള വിശ്വാസം | 9 |
| 5. | കിത്താബുകളിലുള്ള വിശ്വാസം | 11 |
| 6. | ഖുർആൻ | 13 |
| 7. | മുർസലുകളിലുള്ള വിശ്വാസം | 15 |
| 8. | മുഹമ്മദുനബി | 18 |
| 9. | യൗമുൽആഖിറിനെക്കുറിച്ചുള്ള വിശ്വാസം | 22 |
| 10. | നന്മതിന്മകളിലുള്ള വിശ്വാസം | 24 |


## ഭാഗം 2


| | | |
|---|---|---|
| 1. | ഇസ്ലാമിയസിദ്ധാന്തങ്ങൾ | [illegible] |
| 2. | ഫർസ്, ശർത്ത്, സുന്നത്ത് | 27 |
| 3. | അഞ്ചു കലിമയും അർത്ഥവും | 28 |
| 4. | നമസ്കാരം | 31 |
| 5. | നമസ്കാരത്തിന്റെ ശറുത്തുകൾ | 32 |
| 6. | ചെറിയ അശുദ്ധിയും വലിയ അശുദ്ധിയും | 33 |
| 7. | ശുദ്ധജലം | ,, |
| 8. | ശുദ്ധി | 35 |
| 9. | അശുദ്ധവസ്തുക്കൾ | 37 |
| 10. | രണ്ടു ഖുല്ലത്ത് | 41 |
| 11. | ഇസ്തിഞ്ചാ | 42 |
| 12. | മലമൂത്രവിസർജ്ജനമര്യാദകൾ | 43 |
| 13. | ഇസ്തിഞ്ചാ ചെയ്യേണ്ട വിധം | 44 |
| 14. | മലമൂത്രവിസർജ്ജനത്തിൽ ഹറാമായ സംഗതികൾ | 45 |
| 15. | കറാഹത്തുകൾ | 46 |
| 16. | നിർബന്ധമായ കുളി | ,, |
| 17. | കുളിയുടെ ഫർസുകൾ | ,, |
| 18. | കുളിയുടെ ശറുത്തുകൾ | 47 |
| 19. | കുളിയുടെ സുന്നത്തുകൾ | ,, |
| 20. | കുളിയുടെ മര്യാദകൾ | 48 |

| | | പേജ് |
|---|---|---|
| 21. | വുസൂ | 49 |
| 22. | വുസൂവിൻെറ ഫർസുകൾ | ,, |
| 23. | വുസൂവിൻെറ ശറുത്തുകൾ | 50 |
| 24. | വുസൂവിൻെറ സുന്നത്തുകൾ | ,, |
| 25. | വുസൂ മുറിയുന്ന സംഗതികൾ | ,, |
| 26. | വുസൂവിൻെറ കറാഹത്തുകൾ | 51 |
| 27. | വുസൂവില്ലാത്തവക്ക ഹറാമായ സംഗതികൾ | 52 |
| 28. | വുസൂ ചെയ്യേണ്ട ക്രമം | ,, |
| 29. | വുസൂവിൻെറ ദുആ | 54 |
| 30. | തയമ്മും | 55 |
| 31. | തയമ്മും ചെയ്യേണ്ട വിധം | ,, |
| 32. | ഔറത്തിനെ മറയ്ക്കുന്നത്ത് | 56 |
| 33. | നമസ്കാരസമയങ്ങൾ | 57 |
| 34. | ഖിബിലയ്ക്ക് അഭിമുഖമായി നിൽക്കുന്നത്ത് | 59 |
| 35. | നമസ്കാരത്തിൻെറ ഫർസുകൾ | 60 |
| 36. | അബ്ആസുസുന്നത്തുകൾ | 61 |
| 37. | ഹൈഅത്തുസുന്നത്തുകൾ | ,, |
| 38. | നമസ്കാരം കറാഹത്തായ സമയങ്ങൾ | 63 |
| 39. | നമസ്കാരത്തിൽ കറാഹത്തായ സംഗതികൾ | ,, |
| 40. | നമസ്കാരത്തെ മുറിയ്ക്കുന്ന സംഗതികൾ | 64 |
| 41. | ബാങ്കും ഇഖാമത്തും | 65 |
| 42. | ബാങ്കിൻെറ ദുആ | 67 |
| 43. | നമസ്കാരം | 68 |
| 44. | നമസ്കരിക്കേണ്ട ക്രമം | 69 |
| 45. | ഖുനൂത്ത് | 89 |
| 46. | നമസ്കാരത്തിനുശേഷം | 90 |
| 47. | ജമാഅത്തുനമസ്കാരം | 93 |
| 48. | ജുംഅനമസ്കാരം | 95 |
| 49. | കസർനമസ്കാരം | 97 |
| 50. | ജംഅ്നമസ്കാരം | 98 |
| 51. | രണ്ട പെരുനാൾനമസ്കാരം | 99 |
| 52. | മററു സുന്നത്തുനമസ്കാരങ്ങൾ | 100 |
| 53. | മയ്യിത്തുനമസ്കാരം | 101 |
| 54. | സക്കാത്ത് | 104 |
| 55. | റമസാൻവ്രതം | ,, |
| 56. | ഹജ്ജ് | 105 |
| 57. | കാഫിറായിത്തീരാനിടയാക്കുന്ന സംഗതികൾ | 106 |
| 58. | അനുബന്ധം | 107 |

# ഇസ്ലാംബാലബോധിനി

അഥവാ

# നമസ്കാരക്രമം

## (ചോദ്യോത്തരം)

## ഭാഗം 1

### പാഠം 1

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

نَحْمَدُهُ وَنُصَلِّي عَلٰى رَسُوْلِهِ الْكَرِيْمِ

## ഈമാൻ (ഇസ്ലാമിയവിശ്വാസങ്ങൾ)

ചോദ്യം:—നിങ്ങൾ ആരാകുന്നു?

ഉത്തരം:—ഞാൻ മുസ്ലിം ആകുന്നു.

ചോദ്യം:—മുസ്ലിമിന്റെ മതത്തിന്റെ പേരെന്തു്?

ഉത്തരം:—ഇസ്ലാം.

ചോദ്യം:—ഇസ്ലാം എന്തു പഠിപ്പിക്കുന്നു?

ഉ:—അല്ലാഹു ഏകനാണെന്നും, മുഹമ്മദുനബി* സല്ലല്ലാഹു അലൈഹിവസല്ലം അവന്റെ ദൂതനും ദാസനും

---

* നമ്മുടെ പ്രവാചകന്റെ നാമം ഉച്ചരിക്കുന്നതു കേൾക്കുമ്പോൾ "സല്ലല്ലാഹു അലൈഹിവസല്ലം" എന്നു പറയേണ്ടതാകുന്നു. ഇതിന്റെ അർത്ഥം 'അല്ലാഹു നബിയെ അനുഗ്രഹിക്കട്ടെ' എന്നാകുന്നു.

ആണെന്നും, ഖുർആൻ ശരീഫ് അല്ലാഹുവിൻെറ വേദഗ്രന്ഥമാണെന്നും, ഇസ്ലാം സത്യമതമാണെന്നും, ഇങ്ങനെ മതപരമായും ലൌകികമായുമുള്ള സകല നന്മകളും നല്ലുപദേശങ്ങളും ഇസ്ലാം പഠിപ്പിക്കുന്നു.

ചോ:—ഈമാൻ എന്നാൽ എന്ത്?

ഉ:—ഒരാൾ മുസ്ലിമായിത്തീരണമെങ്കിൽ ചില സംഗതികളെ വിശ്വസിക്കണമെന്ന് ഇസ്ലാം സിദ്ധാന്തിക്കുന്നു. ആ വിശ്വാസത്തിനാണ് 'ഈമാൻ' എന്നു പറയുന്നത്.

ചോ:—ഈമാൻെറ മതപരമായ അർത്ഥമെന്ത്?

ഉ:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം കൊണ്ടുവന്നിട്ടുള്ള എല്ലാ കാര്യങ്ങളേയും ദൃഢമായി വിശ്വസിക്കുന്നതാണ് ഈമാൻ.

ചോ:—എല്ലാ കാര്യങ്ങളേയും വിശ്വസിക്കേണ്ടതു് എപ്രകാരമാണ്?

ഉ:—മനസ്സുകൊണ്ടു് ഉറപ്പിക്കുകയും, നാവുകൊണ്ടു് ഉച്ചരിക്കുകയും, അവയവങ്ങൾകൊണ്ടു് പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

ചോ:—ഈമാൻ മുജ്മൽ (വിവരിക്കപ്പെടാത്ത ഈമാൻ) എന്നാൽ എന്ത്?

آمَنْتُ بِاللّٰهِ كَمَا هُوَ بِأَسْمَائِهِ وَصِفَاتِهِ
وَقَبِلْتُ جَمِيعَ أَحْكَامِهِ ۝

ഉ:—"ആമൻതു ബില്ലാഹി കമാഹുവ ബിഅസ്മാഇഹീ വസിഫാതിഹീ വ കബിൽതു ജമീഅ അഹ്കാമിഹീ" ഇതാണ് ഈമാൻ മുജ്മൽ. 'അല്ലാഹുത്തആലാ അവൻെറ തിരുനാമങ്ങളാലും, അവൻെറ സിഫാത്ത് എന്ന

ഗുണങ്ങളാലും എപ്രകാരം ഇരിക്കേണമോ അപ്രകാരം ഇരിക്കുന്നു എന്നു് ഞാൻ വിശ്വസിച്ചു' എന്നാണിതിനർത്ഥം.

ചോ:—ഈമാൻ മുഫസ്സൽ (വിവരിക്കപ്പെട്ട ഈമാൻ) എന്താണു്?

آمَنْتُ بِاللهِ وَمَلٰئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الْآخِرِ
وَالْقَدْرِ خَيْرِهِ وَشَرِّهِ مِنَ اللهِ تَعَالٰى ۝

ഉ:—"ആമൻതു ബില്ലാഹി വ മലാഇക്കത്തിഹീ വ കുത്തുബിഹീ വറുസുലിഹീ വൽയൌമിൽ ആഖിരി വൽഖദ്രി ഖൈരിഹീ വശർരിഹീ മിനല്ലാഹിത്തആലാ" എന്നാകുന്നു. ഇതിന്റെ അർത്ഥം "അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ കിത്താബുകളിലും, അവന്റെ മുർസലുകളിലും, അന്ത്യദിനത്തിലും, നന്മയും തിന്മയും അല്ലാഹുവിന്റെ പക്കൽനിന്നാണെന്നുള്ളതിലും ഞാൻ വിശ്വസിച്ചു" എന്നാകുന്നു.

ചോ:—ഒരു മുസ്ലിം വിശ്വസിക്കുകയും, അനുഷ്ഠിക്കുകയും ചെയ്യേണ്ടതായി ഉള്ള സംഗതികൾ എന്തെല്ലാം?

ഉ:—ഒരാൾ മുസ്ലിമാകണമെങ്കിൽ താഴെപ്പറയുന്ന ആറു കാര്യങ്ങളിൽ വിശ്വസിക്കുകയും, അഞ്ചുസംഗതികൾ അനുഷ്ഠിക്കുകയും ചെയ്യേണ്ടതാകുന്നു. (1) അല്ലാഹുവിലും (2) അവന്റെ മലക്കുകളിലും (3) അവന്റെ കിത്താബുകളിലും (4) അവന്റെ മുർസലുകളിലും (5) അന്ത്യദിവസത്തിലും (6) നന്മയും തിന്മയും അല്ലാഹുവിൽനിന്നാണെന്നുള്ളതിലും വിശ്വസിക്കണം.

(1) ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മററാരുമില്ലെന്നും, മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം

അല്ലാഹുവിൻെറ പ്രവാചകനാണെന്നും സാക്ഷ്യംവഹിക്കുക. (2) അഞ്ചുസമയത്തെ നമസ്കാരത്തെ കൃത്യമായി അനുഷ്ഠിക്കുക. (3) സക്കാത്തെന്ന നിർബ്ബന്ധദാനം കൊടുക്കുക. (4) റമസാൻമാസത്തിൽ വ്രതമനുഷ്ഠിക്കുക. (5) കഅ്ബാലയത്തിൽ പോയി ഹജ്ജു നിർവ്വഹിക്കുക എന്നീ അഞ്ചു സംഗതികളും അനുഷ്ഠിക്കേണ്ടതാകുന്നു.

ചോ:—മുഅ്മിൻ (സത്യവിശ്വാസി) എന്നാൽ ആരു്?

ഉ:—അല്ലാഹുവിലും, അവൻെറ റസൂലിലും വിശ്വസിക്കുകയും, അവൻെറ സിഫാത്തു് എന്ന ഗുണങ്ങളെ അറിയുകയും അവൻെറ കല്പനകളെ അനുസരിച്ചു നടക്കുകയും ചെയ്യുന്നവനാണു് മുഅ്മിൻ.

ചോ:—മുനാഫിക്കു (കപടവിശ്വാസി) എന്നാൽ ആരു്?

ഉ:—പുറമേ വിശ്വാസിയെന്നു ഭാവിക്കുകയും, ഉള്ളിൽ വിശ്വാസത്തിനെതിരായ സംഗതികളെ മറച്ചുവയ്ക്കുകയും അതനുസരിച്ചു പ്രവത്തിക്കുകയും ചെയ്യുന്നവനാണു് കപടവിശ്വാസി.

ചോ:—അല്ലാഹുവിനെയും അവൻെറ റസൂലിനെയും വിശ്വസിക്കാതെയും അനുസരിക്കാതെയും ഇരിക്കുന്നവക്കുള്ള പേരെന്താണു്?

ഉ:—അവരെ 'കാഫിർ' എന്നു പറയുന്നു.

ചോ:—അല്ലാഹുവിനെയല്ലാതെ മററു പലതിനെയും ആരാധിക്കുന്നവക്കുള്ള പേരെന്തു്?

ഉ:—അവരെ കാഫിറെന്നും, മുശ്രിക്കെന്നും പറയുന്നു.

ചോ:—ചിലർ രണ്ടും മൂന്നും ദൈവങ്ങളെ ആരാധിക്കുന്നുണ്ടല്ലോ?

ഉ:—ഉണ്ട്. അവരും കാഫിറും മുശ്‌രിക്കുംതന്നെയാകുന്നു.

ചോ:—മുശ്‌രിക്കുകൾക്കു രക്ഷ ലഭിക്കുമോ?

ഉ:—മുശ്‌രിക്കുകൾക്കു രക്ഷ ലഭിക്കുന്നതല്ല. അവർ പരലോകത്തിൽ നിത്യവിഷമത്തിലും ശിക്ഷയിലും അകപ്പെടുന്നതാണ്.

ചോ:—നമ്മെ സൃഷ്ടിച്ചതു് ആരു്?

ഉ:—നമ്മുടെ മാതാപിതാക്കന്മാർ തുടങ്ങി നമ്മെ എല്ലാവരേയും, ആകാശം ഭൂമി തുടങ്ങിയുള്ള സകല വസ്തുക്കളേയും സൃഷ്ടിച്ചതു് അല്ലാഹുവാകുന്നു.

ചോ:—അല്ലാഹു ലോകത്തെ എപ്രകാരം സൃഷ്ടിച്ചു?

ഉ:—അല്ലാഹു ലോകത്തെ അവൻെറ ശക്തികൊണ്ടും, അവൻെറ ആജ്ഞയാലും സൃഷ്ടിച്ചു.

പാഠം 2

# അല്ലാഹുവിലുള്ള വിശ്വാസം

ചോ:—നാം അല്ലാഹുവിനെ ഏതുവിധമാണ് വിശ്വസിക്കേണ്ടതു്?

ഉ:—അല്ലാഹു ഏകനാകുന്നു. അവൻ ഉള്ളവനും, എപ്പോഴും ഉണ്ടായിരിക്കുന്നവനുമാകുന്നു. ആരാധനയ്ക്കർഹനായി അവൻ മാത്രമേയുള്ളൂ. അവനെയല്ലാതെ മറ്റൊന്നിനേയും ആരാധിക്കുവാൻ പാടില്ല. അവനു സമന്മാർ ആരുമില്ല. അവൻ മുമ്പിനാലെതന്നെ ഉള്ളവനും, ആദ്യ

ന്തരഹിതനും സജീവനും നിത്യജീവനും എല്ലാ സംഗതികളേയും അറിയുന്നവനും ആകുന്നു. യാതൊന്നും അവനിൽനിന്നും മറഞ്ഞിരിക്കുന്നില്ല. അവൻ സവ്വശക്തനും, കഴിവുള്ളവനും, മുൻകരുതലോടുകൂടി പ്രവത്തിക്കുന്നവനുമാകുന്നു. ഭൂമി, ആകാശം, സൂൎയ്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മലക്കുകൾ, മനുഷ്യർ, ജിന്നുകൾ തുടങ്ങിയുള്ള സകലതിനേയും സൃഷ്ടിച്ചതു് അവനാണു്. സകല ലോകങ്ങളുടേയും ഉടമസ്ഥനും സകല ജീവജാലങ്ങളേയും പോററിപ്പുലത്തുന്നവനും അവൻ മാത്രമാണു്. ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവനാകുന്നു. അതായതു്, ജനനവും മരണവും അവൻെറ ആജ്ഞപ്രകാരം സംഭവിക്കുന്നു. അവൻ എല്ലാ ജീവജാലങ്ങൾക്കും ആഹാരം നല്കുന്നു. എന്നാൽ അവൻ തിന്നുകയോ കുടിക്കുകയോ ഉറങ്ങുകയോ ചെയ്യുന്നവനല്ല. അവൻ സ്വയം ഉള്ളവനാകുന്നു. അവനെ ആരും സൃഷ്ടിച്ചിട്ടില്ല. അവനു മാതാപിതാക്കളോ, ഭാൎയ്യാപുത്രാദികളോ, ബന്ധുക്കളോ ഇല്ല. അവയിൽനിന്നെല്ലാം അവൻ പരിശുദ്ധനാകുന്നു. എല്ലാ ജീവജാലങ്ങളും അവനെ ആശ്രയിക്കുന്നു. അവൻ ഒന്നിനേയും ആശ്രയിക്കുന്നില്ല. ഒരു വസ്തുവിൻെറ ആവശ്യവും അവനില്ല. അവൻ സൃഷ്ടികളിൽനിന്നും എല്ലാ കാൎയ്യത്തിലും വ്യത്യസ്തനാകുന്നു. അവനെപ്പോലെ യാതൊരു വസ്തുവുമില്ല. അവൻ എല്ലാ കുറവുകളിൽനിന്നും പരിശുദ്ധനാകുന്നു. സൃഷ്ടികളെപ്പോലെ കൈയ്, കാലു്, മൂക്കു്, കാതു്, രൂപം, ശരീരം എന്നിവയൊന്നും ഇല്ലാതെ അവൻ പരിശുദ്ധനായിരിക്കുന്നു. അവൻ കണ്ണില്ലാതെ എല്ലാം കാണുന്നവനും, കാതില്ലാതെ എല്ലാം കേൾക്കുന്നവനും, നാവില്ലാതെ സംസാരിക്കുന്നവനുമാകുന്നു എന്നിപ്രകാരം വിശ്വസിക്കണം. അവൻ മലക്കുകളെ സൃഷ്ടിച്ചു ലോകത്തെ സംബന്ധിച്ച സംഗതികളിൽ പ്രത്യേകംപ്രത്യേകം ചുമതലകൾ അവരെ ഏല്പി

ച്ചിരിക്കുന്നു. അവന്റെ സൃഷ്ടികളെ നേരായ മാർഗ്ഗത്തിൽ നയിപ്പിക്കുന്നതിനായി, അതായത് നന്മയെ ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നതിനായി അവൻ പ്രവാചകന്മാരെയും നിയോഗിച്ചിരിക്കുന്നു.

ചോ:—ദൈവം മനുഷ്യനായി അവതരിക്കുമോ?

ഉ:—ഇല്ല. ഒരിക്കലും അവതരിക്കുകയില്ല. അങ്ങനെ അവതരിക്കുമെന്ന് ഒരുവൻ വിശ്വസിച്ചാൽ അവൻ കാഫിറായിപ്പോകുന്നതാണ്.

## തൌഹീദിനെ സ്ഥാപിക്കുന്ന ഒരു ചരിത്രകഥ

മഹാനായ ഖലീഫാ ഹാറൂൺ റഷീദിന്റെ ഡർബാറിൽവച്ച് ഒരുദിവസം ഒരു നിരീശ്വരവാദി ഇപ്രകാരം പറഞ്ഞു: "ഈ കാലത്തുള്ള ഉലമാക്കളെല്ലാം ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായി ഒരു നാഥൻ ഉണ്ടെന്നു വാദിക്കുന്നു. എന്നാൽ എന്റെ അഭിപ്രായം അതല്ല. ഈ ലോകം ആരുടേയും സൃഷ്ടിയല്ലെന്നും, അതു തന്നിയേ ഉണ്ടായതാണെന്നും ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ ഡർബാറിൽ വച്ച് മഹാപണ്ഡിതനായ ഇമാം അബൂഹനീഫായോട് ഈ വിഷയത്തിൽ വാദപ്രതിവാദം നടത്തണമെന്ന് എനിയ്ക്കാഗ്രഹമുണ്ട്. അങ്ങ് അദ്ദേഹത്തെ ക്ഷണിച്ചുവരുത്തണം."

ആ നിരീശ്വരവാദിയുടെ ആഗ്രഹമനുസരിച്ച് ഇമാം അബൂഹനീഫ * റസിയല്ലാഹു അൻഹുവിന് ഖലീഫാ ഒരു സന്ദേശമയച്ചു. "ഒരു നിരീശ്വരവാദി ഇവിടെ വന്നു

* ഇതിന്റെ അർത്ഥം "അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ" എന്നാകുന്നു.

ട്ടുണ്ട്, അയാൾ അങ്ങയോടു സംസാരിക്കുവാൻ ആഗ്രഹി ക്കുന്നു. സദയം അങ്ങു വന്നുചേരണം." സന്ദേശമനുസരിച്ചു സുഹറിനുശേഷം താൻ വന്നുചേർന്നുകൊള്ളാമെന്ന് ഇമാം സാഹിബ് അറിവുകൊടുക്കുകയാൽ ഖലീഫാ വീണ്ടും ആള യയ്ക്കുകയും പെട്ടെന്നു വരാമെന്ന് ഇമാം സമ്മതിക്കുകയും ചെയ്തു. ഇമാംസാഹിബിൻെറ ഗൃഹം 'ദിജ്‌ലാ'പുഴയുടെ മറുകരയിലായിരുന്നു. അദ്ദേഹം ഡർബാറിൽ പ്രവേശിച്ച പ്പോൾ ഖലീഫയും സദസ്യരും എഴുന്നേററ് അദ്ദേഹത്തെ സാദരം സ്വീകരിച്ച് ഒരു ഉന്നതാസനത്തിൽ ഇരുത്തി. പ്രതീക്ഷിച്ചിരുന്നതിൽനിന്നും അല്പം താമസിച്ചാണ് ഇമാം അവിടെ എത്തിയത്. നിരീശ്വരവാദി ചോദിച്ചു:— "അല്ലയോ ഇമാംസാഹിബേ! അങ്ങു വന്നുചേരുവാൻ ഇത്ര യും താമസം നേരിടുമെന്നു കരുതിയില്ല. താമസിച്ചതിനു പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടായോ?"

ഇമാം:—എന്തുപറയട്ടെ. വഴിമദ്ധ്യേ അത്ഭുതകര മായ ഒരു സംഭവം ഉണ്ടായി. അതാണു താമസത്തിനു കാരണമായത്.

നിരീശ്വരവാദി:—എന്താണു സംഭവിച്ചത്? ഞങ്ങൾ കൂടി അറിയുന്നതിനു വിരോധമില്ലല്ലോ.

ഇമാം:—എൻെറ ഗൃഹം ദിജ്‌ലാപുഴയുടെ മറുകരയി ലാണ്. ഞാൻ നദീതീരത്തു വന്നപ്പോൾ അവിടെ കട ത്തുവള്ളം ഒന്നും ഇല്ലായിരുന്നു. എന്നാൽ അവിടെ ഒരു വള്ളം പൊളിഞ്ഞു പലകകളും ആണികളും അങ്ങിങ്ങായി ചിതറിക്കിടക്കുന്നതു കണ്ടു. അവയെ യോജിപ്പിക്കുവാൻ ഒരു ആശാരി സമീപത്തെങ്ങുമില്ലല്ലോ എന്നു ഞാൻ ആലോചിച്ചുനില്ക്കവേ ആ പലകകൾ ചലിക്കുന്നതു കാണാറായി. അല്പസമയത്തിനുള്ളിൽ യഥായോഗ്യം ആ പലകകളും ആണികളും ഒത്തുചേർന്ന് അതു് ഒരു തോണി യായിത്തീർന്നു. യാതൊരു കുറവുകളും അതിൽ കാണാനു

ണ്ടായിരുന്നില്ല. സന്തോഷത്തോടുകൂടി ഞാൻ ആ വഞ്ചിയിൽ കയറി നദി കടന്നു.

നിരീശ്വരവാദി:—മഹാജനങ്ങളേ! നമ്മുടെ കാലത്തു ജീവിക്കുന്ന മഹാപണ്ഡിതനും ഇമാമുമായ ഇദ്ദേഹത്തിന്റെ വാക്കുകൾ നിങ്ങൾ കേട്ടുവല്ലോ. പൊട്ടിപ്പൊളിഞ്ഞു പലകകളും ആണികളും വേർപെട്ടുകിടന്ന ഒരു തോണി ആശാരിയുടെ സഹായംകൂടാതെതന്നെ പൂർവ്വസ്ഥിതിയിൽ ആയി എന്നല്ലേ അദ്ദേഹം പറഞ്ഞതു്. ഇതുപോലൊരു വ്യാജം നിങ്ങൾ മുമ്പു് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഇതു സംഭവ്യമാണോ? നിശ്ചയമായും അല്ല.

ഇമാം:—അല്ലയോ നാസ്തികനായ മൂഢാത്മാവേ! ഒരു തോണി അതിന്റെ നിമ്മാതാവിനെക്കൂടാതെ ഉണ്ടാകാൻ സാദ്ധ്യമല്ലെങ്കിൽ ഇത്രവലിയ ഈ പ്രപഞ്ചം ഒരു സ്രഷ്ടാവില്ലാതെ എങ്ങനെ സ്വയം ഉണ്ടാകും? അതുകൊണ്ടു് അല്ലാഹുത്തആലാ ഉണ്ടെന്നുള്ളതിനെ നിഷേധിക്കാൻ കഴികയില്ലെന്നു ബോദ്ധ്യമായില്ലേ?

ഇമാംസാഹിബിന്റെ യുക്തിയുക്തമായ ചോദ്യങ്ങൾ കേട്ടു് ആ നിരീശ്വരവാദി ലജ്ജിച്ചു തലതാഴ്ത്തി.

പാഠം 3

# മലക്കുകളിലുള്ള വിശ്വാസം

ചോദ്യം:—മലക്കുകൾ ആരാകുന്നു; അവരെ ഏതു വിധമാണു് വിശ്വസിക്കേണ്ടതു്?

ഉത്തരം:—മലക്കുകൾ അല്ലാഹുവിന്റെ ഒരുതരം വിശിഷ്ടസൃഷ്ടിയാകുന്നു. അവരെ ഒളികൊണ്ടാണു് സൃഷ്ടിച്ചിരിക്കുന്നതു്. അതിനാൽ അവർ നമ്മുടെ ദൃഷ്ടിയിൽ പെടുന്നില്ല. മനുഷ്യനു ചെയ്യാൻ സാധിക്കാത്ത

പലതും അവക്കു ചെയ്യാൻകഴിയും. ഇഷ്ടംപോലെ രൂപം മാററാനും അവക്കു കഴിവുണ്ടു്. മലക്കുകൾ നമ്മെപ്പോലെ പുരുഷനോ സ്ത്രീയോ അല്ല. അവക്കു് ആഹാരത്തിൻെറ ആവശ്യമില്ല. ദാഹമോ നിദ്രയോ ക്ഷീണമോ മലമൂത്രവിസജ്ജനമോ അവക്കില്ല. വിവാഹം സന്തത്യുല്പാദനം എന്നിവയോ, മാതാപിതാക്കന്മാരോ ഇവക്കില്ല. ഇവരുടെ ആഹാരംതന്നെ അല്ലാഹുവിനെ സ്തോത്രംചെയ്യുക, വാഴ്ത്തുക, മററാരാധനകൾ നടത്തുക മുതലായവയാകുന്നു. അവർ എപ്പോഴും അല്ലാഹുവിനെ അനുസരിക്കുന്നവരും യാതൊരു തെററുകളും പ്രവത്തിക്കാത്തവരുമാകുന്നു. ഇപ്രകാരം നാം വിശ്വസിക്കണം.

ചോ:—മലക്കുകളുടെ പ്രവൃത്തിയെന്താണു്?

ഉ:—ആകാശഭൂമികളിലുള്ള വളരെയധികം മലക്കുകൾ വിവിധകൃത്യങ്ങളിൽ ഏപ്പെട്ടിരിക്കുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ കാര്യങ്ങളും അല്ലാഹു മലക്കുകളുടെ ചുമതലയിൽ വച്ചിരിക്കുന്നു എന്നു മനസ്സിലാക്കണം. അവർ അല്ലാഹുവിൻെറ ആജ്ഞാനുസരണം എല്ലാ കാര്യങ്ങളും പൂണ്ണമാക്കുന്നു.

ചോ:—മലക്കുകൾ എത്രയുണ്ടു്?

ഉ:—മലക്കുകളുടെ എണ്ണം അല്ലാഹു അല്ലാതെ ആരും അറിയുന്നില്ല. അവർ വളരെയധികമുണ്ടെന്നുമാത്രമേ നാം അറിയുന്നുള്ളു. എന്നാൽ അവരിൽ പ്രധാനികളായി പത്തുപേരുണ്ടു്.

ചോ:—അവർ ആരെല്ലാം?

ഉ:—(1) ജിബ്രീൽ *അലൈഹിസ്സലാം. (2) മീക്കായീൽ അലൈഹിസ്സലാം. (3) ഇസ്രാഫീൽ അലൈഹി

* അലൈഹിസ്സലാം എന്നതിൻെറ അത്ഥം "അല്ലാഹു അദ്ദേഹത്തിനു സമാധാനം പ്രദാനംചെയ്യട്ടെ" എന്നാകുന്നു.

സ്സലാം. (4) ഇസ്റായീൽ അലൈഹിസ്സലാം. (5) മുൻകർ അലൈഹിസ്സലാം. (6) നക്കീർ അലൈഹിസ്സലാം. (7) റഖീബു അലൈഹിസ്സലാം. (8) അത്തീദ അലൈഹിസ്സലാം. (9) മാലിക് അലൈഹിസ്സലാം. (10) റിസ്‌വാൻ അലൈഹിസ്സലാം എന്നിവരാകുന്നു.

ചോ:—അവരുടെ പ്രവൃത്തിയെന്ത്?

ഉ:—(1) ജിബ്‌രീൽ അലൈഹിസ്സലാം: ഇദ്ദേഹം അല്ലാഹുവിൻെറ സന്ദേശങ്ങളെ പ്രവാചകന്മാക്ക് അറിയിച്ചുകൊടുക്കുന്നു. (2) മീക്കായീൽ അലൈഹിസ്സലാം: മഴപെയ്യിക്കുക, ജീവജാലങ്ങൾക്ക് ആഹാരം കൊടുക്കുക എന്നീ ചുമതലകൾ ഇദ്ദേഹം വഹിക്കുന്നു. (3) ഇസ്റാഫീൽ അലൈഹിസ്സലാം: ലോകാവസാനകാലത്തും, പുനരുദ്ധാരണകാലത്തും അല്ലാഹുവിൻെറ ആജ്ഞാനുസരണം ഇദ്ദേഹം സൂർ (കാഹളം) ഊതുന്നു. (4) ഇസ്റായീൽ അലൈഹിസ്സലാം: ജീവജാലങ്ങളുടെ റൂഹിനെ (ജീവനെ) പിടിക്കാൻ ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു. (5) മുൻകർ അലൈഹിസ്സലാം, (6) നക്കീർ അലൈഹിസ്സലാം: ഇവർ ഖബറിൽ ചോദ്യംചെയ്യുന്നവരാകുന്നു. (7) റഖീബു അലൈഹിസ്സലാം, (8) അത്തീദ അലൈഹിസ്സലാം: ഇവർ മനുഷ്യൻെറ നന്മതിന്മകളെ എഴുതുന്നു. (9) മാലിക് അലൈഹിസ്സലാം: ഇദ്ദേഹം നരകത്തെ സൂക്ഷിക്കുന്നു. (10) റിസ്‌വാൻ അലൈഹിസ്സലാം: സ്വർഗ്ഗത്തെ സൂക്ഷിക്കുന്നു.

പാഠം 4

# കിത്താബുകളിലുള്ള വിശ്വാസം

ചോ:—കിത്താബുകൾ എന്നാൽ എന്ത്? കിത്താബുകളിൽ വിശ്വസിക്കേണ്ടതെങ്ങനെ?

ഉ:—സത്യാസത്യങ്ങളെ തിരിച്ചറിയുന്നതിന് മുർസലുകൾ (പ്രവാചകന്മാർ) മുഖേന അയയ്ക്കപ്പെട്ടിട്ടുള്ള ദിവ്യഗ്രന്ഥങ്ങൾക്കു കിത്താബുകൾ എന്നു പറയുന്നു. അവയിലുള്ളതെല്ലാം സത്യവും അല്ലാഹുവിൻെറ വചനങ്ങളും ആകുന്നു എന്നു വിശ്വസിക്കണം.

ചോ:—അവയെത്ര എണ്ണം ഉണ്ട്?

ഉ:—കിത്താബുകൾ വലുതും ചെറുതുമായി വളരെയെണ്ണം പ്രവാചകന്മാർമുഖാന്തിരം അവതരിച്ചിട്ടുണ്ട്. അവയിൽ വലിയ ഗ്രന്ഥത്തിനു കിത്താബെന്നും ചെറുതിന് സുഹ്ഫ് എന്നും പറയുന്നു. കിത്താബുകൾ നാലെണ്ണമുണ്ട്.

ചോ:—അവ ഏതെല്ലാം?

ഉ:—(1) തൌറാത്ത് (2) സബൂറ് (3) ഇഞ്ചീൽ (4) ഫുർഖാൻ (പരിശുദ്ധഖുർആൻ)

ചോ:—ഈ നാലെണ്ണവും ഏതെല്ലാം പ്രവാചകന്മാരിലാണ് അവതരിച്ചത്?

ഉ:—ആദ്യത്തെ വേദഗ്രന്ഥം മൂസാനബി അലൈഹിസ്സലാമിൽ അവതരിപ്പിച്ചു. അത് ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാകുന്നു. 'തൌറാത്ത്' എന്നു പേരായ ആ ഗ്രന്ഥത്തിൽ മൂസാനബിയുടെ ഉമ്മത്തുകൾക്കു ഫർസാക്കപ്പെട്ട എല്ലാ നിയമങ്ങളും അടങ്ങിയിരിക്കുന്നു. മൂസാനബി (അ) ക്കുശേഷം വന്നിട്ടുള്ള നബിമാരെല്ലാം തൌറാത്തിലെ വിധിയനുസരിച്ചു പ്രവർത്തിച്ചിരുന്നു.

രണ്ടാമത്തെ വേദഗ്രന്ഥം, ദാവൂദുനബി അലൈഹിസ്സലാമിൻേറതാണ്. അതു 'സബൂർ' എന്ന പേരിൽ അറിയപ്പെടുന്നു. സബൂറിലുള്ള നിയമങ്ങളെല്ലാം തൌറാത്തിലുള്ളതുപോലെതന്നെയായിരുന്നു. അല്പംചില വ്യത്യാസമേ ഉണ്ടായിരുന്നുള്ളു.

മൂന്നാമത്തെ ഗ്രന്ഥം, ഈസാനബി അലൈഹിസ്സലാമിനു നല്കപ്പെട്ടതാകുന്നു. 'ഇഞ്ചീൽ' എന്നാണ് ഇതിൻെറ പേര്. ഇതിലെ നിയമങ്ങളും തൗറാത്തിൽ ഉള്ളതുപോലെയാകുന്നു. ഏതാനും ചില 'ദുആ'കളും നസീഹത്തുകളും ഈ ഗ്രന്ഥത്തിൽ കൂടുതലായുണ്ട്. തൌറാത്തിലെ നിയമങ്ങൾ അനുസരിക്കണമെന്ന് സബൂറിലും ഇഞ്ചീലിലും താക്കീതുചെയ്തിരിക്കുന്നു.

നാലാമത്തേത് 'ഖുർആൻ' എന്ന വിശിഷ്ടഗ്രന്ഥമാകുന്നു. അല്ലാഹു തനിയ്ക്കേറ്റവും പ്രിയപ്പെട്ട മുഹമ്മദുമുസ്തഫാ സല്ലല്ലാഹു അലൈഹിവസല്ലം തിരുമേനിയിൽ അവതരിപ്പിച്ചതാണ് ഈ മഹൽഗ്രന്ഥം.

ചോ:—സുഹ്ഫ (ഏട്). എത്രയുണ്ട്?

ഉ:—സുഹ്ഫുകളുടെ എണ്ണം എത്രയെന്നു നിശ്ചയമില്ല. എങ്കിലും അവയിൽ 100 എണ്ണം പ്രസിദ്ധപ്പെട്ടതാകുന്നു.

ചോ:—അവ ആരിലെല്ലാം അവതരിച്ചു?

ഉ:—സുഹ്ഫുകളിൽ പത്തെണ്ണം ആദംനബി അലൈഹിസ്സലാമിലും, അൻപതെണ്ണം ശീത്നബി അലൈഹിസ്സലാമിലും, മുപ്പതെണ്ണം ഇബ്രാഹീംനബി അലൈഹിസ്സലാമിലും, പത്തെണ്ണം മൂസാനബി അലൈഹിസ്സലാമിലും അവതരിച്ചു.

പാഠം 5

## ഖുർആൻ

ചോ:—ഖുർആന് ഇത്രത്തോളം മഹത്വം സിദ്ധിക്കാനുള്ള കാരണമെന്ത്?

ഉ:—മററു ഗ്രന്ഥങ്ങളിലില്ലാത്ത വിശിഷ്ടോപദേശങ്ങളും, വിധികളും കാലാനുസൃതമായും പ്രായോഗികമായും ഈ

ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. തൌറാത്തു്, സബൂർ, ഇഞ്ചീൽ എന്നീ ഗ്രന്ഥങ്ങൾ അവ അവതരിപ്പിച്ച കാലത്തിനുമാത്രം യോജിച്ചവയായിരുന്നു. അവസാനഗ്രന്ഥമായ ഖുർആൻശരീഫിലെ വിധികൾ പൂർണ്ണവും അഖണ്ഡിതവുമാണു്. അവ എല്ലാ കാലത്തിനും, എല്ലാ രാജ്യത്തിനും അനുയോജ്യമായിരിക്കുന്നു. മററു ഗ്രന്ഥങ്ങളിലെ നിയമങ്ങൾ ഖുർആൻമൂലം അസ്ഥിരപ്പെട്ടുപോയിരിക്കുന്നു. ഖുർആനിലെ നിയമങ്ങൾ അനുസരിക്കുവാൻ ലോകത്തോട്ട് ആഹ്വാനംചെയ്യപ്പെട്ടിരിക്കുന്നു. സമസ്തലോകങ്ങൾക്കുംവേണ്ടിയുള്ളതാകുന്നു ഖുർആൻ.

ചോ:—ഖുർആൻ അവസാനഗ്രന്ഥമാണെന്നു് എങ്ങനെ അറിയാം?

ഉ:—അല്ലാഹുത്തആലാ അയച്ചിട്ടുള്ള ഗ്രന്ഥങ്ങൾക്കു കിത്താബുശരീഅത്ത് എന്നു പറയുന്നു. തൗറാത്തു്, സബൂർ, ഇഞ്ചീൽ എന്നീ കിത്താബുശരീഅത്തുകളിൽ സ്വാർത്ഥതല്പരന്മാരായ പുരോഹിതന്മാരുടെ കൈകടത്തലിൻെറ ഫലമായി പല മാററങ്ങളും ഉണ്ടായിട്ടുണ്ടു്. അവയിലെ നിയമങ്ങളെയെല്ലാം അസ്ഥിരപ്പെടുത്തിക്കൊണ്ടു് പ്രത്യക്ഷപ്പെട്ട നമ്മുടെ ശരീഅത്തുകിത്താബായ ഖുർആൻ അവസാനഗ്രന്ഥമായിത്തീർന്നു. ഖുർആൻശരീഫിൽയാതൊരു മാററിമറിയ്ക്കലും ഉണ്ടാകയില്ലെന്നു് അല്ലാഹു കരാർചെയ്തിരിക്കുന്നു. “ഞാൻ ഇതിൻെറ സംരക്ഷകനാകുന്നു” എന്നു് അല്ലാഹു പറഞ്ഞിരിക്കുന്നു. ഇപ്രകാരം അവസാനഗ്രന്ഥമായി ഭവിച്ച ഖുർആൻ അതിലെ ഒരക്ഷരത്തിനുപോലും വ്യത്യാസംവരാതെ പതിമൂന്നു നൂററാണ്ടുകളായി നിലനിന്നുവരുന്നു.

ചോ:—ഖുർആൻ അറബുഭാഷയിൽ അവതരിക്കാൻ കാരണമെന്തു്?

ഉ:—നമ്മുടെ പ്രവാചകവര്യനായ മുഹമ്മദുമുസ്തഫാ സല്ലല്ലാഹു അലൈഹിവസല്ലം മക്കാനഗരത്തിൽ ജനിച്ചു.

ആ സ്ഥലത്തെ ഭാഷ അറബ് ആയിരുന്നതിനാൽ ഖുർആൻ അറബുഭാഷയിൽ അവതരിച്ചു.

ചോ:—ഖുർആൻ ഒരുപ്രാവശ്യമായിട്ടാണോ അവതരിച്ചത്?

ഉ:—അല്ല. കുറേശ്ശക്കുറേശ്ശയായി അത് ഇരുപത്തിമൂന്നു വർഷംകൊണ്ടു നബി (സ)യിൽ അവതരിച്ചു പൂർണ്ണമായി.

ചോ:—വിശുദ്ധഖുർആൻ അല്ലാഹുവിൻെറ തിരുവചനങ്ങളാണോ?

ഉ:—അതെ; നിശ്ചയമായും അത് അല്ലാഹുവിൻെറ തിരുവചനങ്ങൾതന്നെയാകുന്നു. ഖുർആൻ അവതരിച്ച കാലത്ത് അത് അല്ലാഹുവിൻെറ വചനമല്ലെന്നു ശത്രുക്കൾ പറഞ്ഞു. പക്ഷെ അതുപോലെ ഒരദ്ധ്യായത്തെ കൊണ്ടുവരികയെന്നുള്ള വെല്ലുവിളിയെ മുന്നിടുവാൻ അവർക്ക് കഴിഞ്ഞില്ല; ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടുമില്ല; കഴിയുകയുമില്ല. ഖുർആൻ അല്ലാഹുവിൻെറ വചനമാണെന്നുള്ളതിനു സുപ്രധാനമായ തെളിവായി മനുഷ്യൻെറ ഈ കഴിവില്ലായ്മ നിലകൊള്ളുന്നു.

പാഠം 6

# മുർസലുകളിലുള്ള വിശ്വാസം

ചോദ്യം:—മുർസലുകൾ ആരാണ്? അവരെ എപ്രകാരമാണു വിശ്വസിക്കേണ്ടതു്?

ഉത്തരം:—ലോകത്ത് അനീതിയും, അധർമ്മവും വർദ്ധിക്കുമ്പോൾ ജനങ്ങളെ സന്മാർഗ്ഗത്തിൽ നയിപ്പിക്കുന്നതിന്നായി ചില മഹാത്മാക്കളെ അല്ലാഹു നിയോഗിക്കുന്നു.

അവരെയാണു മുർസലുകൾ എന്നു പറയുന്നതു്. അവർ സത്യവാന്മാരും പാപകർമ്മങ്ങൾ ചെയ്യാത്തവരുമാകുന്നു. അല്ലാഹുവിൻെറ ആജ്ഞകളെ അവർ പൂർണ്ണമായി ജനങ്ങൾക്കു് എത്തിച്ചുകൊടുക്കുന്നു. അതിൽ അവർ ഒരിക്കലും കൂട്ടതൽകുറവു വരുത്തുകയില്ല; അതിനെ മറച്ചുവയ്ക്കുകയുമില്ല. ഇപ്രകാരമാണു് നാം അവരെ വിശ്വസിക്കേണ്ടതു്.

ചോ:—നബിമാർ ആരാണു്?

ഉ:—അവർ അല്ലാഹുവിൻെറ ദാസന്മാരും, മനുഷ്യരുമാകുന്നു. നബി എന്നാൽ ദൂതൻ എന്നാണർത്ഥം.

ചോ:—നബിയും റസൂലും തമ്മിൽ വ്യത്യാസമെന്താണു്?

ഉ:—നബിയും റസൂലും തമ്മിൽ അല്പവ്യത്യാസമുണ്ടു്. റസൂൽ എന്നാൽ പ്രവാചകൻ എന്നാണു് അർത്ഥം. റസൂലുകളിൽ ചിലക്കു പുതിയ നടപടിക്രമത്തേയും വേദഗ്രന്ഥത്തെയും നല്കപ്പെട്ടിട്ടുണ്ടു്. നബിമാർ മുമ്പുള്ള ഗ്രന്ഥങ്ങളെ പിൻതുടന്നവരാകുന്നു. നബി എന്നു് ഏതു പ്രവാചകനേയും പറയാം.

ചോ:—സ്വപരിശ്രമംകൊണ്ടോ, ഭക്തികൊണ്ടോ ഒരാൾക്കു നബിയാകാൻ സാധിക്കുമോ?

ഉ:—ഇല്ല; ഒരിക്കലും സാദ്ധ്യമല്ല. അല്ലാഹു ആരെ നബിയാക്കാൻ ഉദ്ദേശിക്കുന്നുവോ അദ്ദേഹം മാത്രമേ നബിയാകയുള്ളു.

ചോ:—ലോകത്തു നബിയും റസൂലും ആയി എത്ര പേർ വന്നിട്ടുണ്ടു്?

ഉ:—വളരെ ആളുകൾ വന്നിട്ടുണ്ടു്. അവരുടെ ക്ലിപ്തമായ എണ്ണം അല്ലാഹു മാത്രമേ അറിയുകയുള്ളു. എങ്കിലും അവർ ഒരുലക്ഷത്തി ഇരുപത്തിനാലായിരം പേരാണെന്നു

ചില ഹദീസുകളിൽ കാണുന്നു. അവരിൽ മുന്നൂററിപ്പതിമ്മൂന്നുപേർ മുർസലുകളാകുന്നു. 'അല്ലാഹു എത്ര പ്രവാചകന്മാരെ അയച്ചിട്ടുണ്ടോ അവരെയെല്ലാം സത്യദൂതന്മാരെന്നു പൊതുവെ വിശ്വസിച്ചാൽ മതിയാകും.

ചോ:—പ്രവാചകന്മാരിൽ ദൃഢഹൃദയമുള്ളവർ (ഉൽഅസ്മി) ആരെല്ലാം?

ഉ:—(1) നൂഹ്നബി അലൈഹിസ്സലാം. (2) ഇബ്രാഹീംനബി അലൈഹിസ്സലാം. (3) മൂസാനബി അലൈഹിസ്സലാം. (4) ഈസാനബി അലൈഹിസ്സലാം. (5) മുഹമ്മദ്നബി സല്ലല്ലാഹു അലൈഹിവസല്ലം എന്നിവരാകുന്നു.

ചോ:—മുർസലുകളുടേയും നബിമാരുടേയും പേരുകളെല്ലാം അറിഞ്ഞിരിക്കണമെന്നുണ്ടോ?

ഉ:—എല്ലാവരുടേയും പേരുകൾ അറിയണമെന്നു നിർബ്ബന്ധമില്ല. എന്നാൽ ഖുർആനിൽ പറഞ്ഞിട്ടുള്ള ഇരുപത്തഞ്ചു നബിമാരുടെ പേരുകൾ അറിയേണ്ടതു് എത്രയും ആവശ്യമാകുന്നു. അവരുടെ പേരുകൾ പറയാം. (1) ആദംനബി (2) ഇദ്രീസുനബി (3) നൂഹ്നബി (4) ഹൂദുനബി (5) സാലിഹ്നബി (6) ഇബ്രാഹീംനബി (7) ലൂത്തുനബി (8) ഇസ്മാഈൽനബി (9) ഇസ്ഹാക്കുനബി (10) യഅ്ക്കൂബുനബി (11) യൂസുഫുനബി (12) അയ്യൂബുനബി (13) ശുഐബുനബി (14) ഹാറൂൻനബി (15) മൂസാനബി (16) അൽയസഅ്നബി (17) ദുൽകിഫ്ലുനബി (18) ദാവൂദുനബി (19) സുലൈമാൻനബി (20) ഇൽയാസുനബി (21) യൂനുസുനബി (22) സക്കരിയ്യാനബി (23) യഹ്യാനബി (24) ഈസാനബി (25) മുഹമ്മദുനബി (അലൈഹിമുസ്സലാത്തു വസ്സലാം.)

ചോ:—ആദ്യം അവതരിച്ച പ്രവാചകൻ ആരു്?

ഉ:—ആദ്യത്തെ പ്രവാചകൻ ആദിപിതാവായ ആദം അലൈഹിസ്സലാം ആകുന്നു.

ചോ:—ഒടുവിലത്തെ പ്രവാചകൻ ആരാണ്?

ഉ:—ഒടുവിൽ അവതരിച്ചതു നമ്മുടെ പ്രവാചകനായ മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം ആകുന്നു.

ചോ:—ഇനി ഏതെങ്കിലും നബി ഉണ്ടാകുമോ?

ഉ:—ഇല്ല; ഒരിക്കലുമില്ല. നബിത്വവും, പ്രവാചകത്വവും, നബി സല്ലല്ലാഹു അലൈഹിവസല്ലമിനോടുകൂടി അവസാനിച്ചിരിക്കുന്നു. ഇനി ലോകാവസാനംവരെയും ഒരു നബി ഉണ്ടാകുന്നതേയല്ല. ആരെങ്കിലും താൻ ഒരു പ്രവാചകനാണെന്നു വാദിക്കുന്നുവെങ്കിൽ അവൻ കള്ളനാകുന്നു.

## പാഠം 7

# മുഹമ്മദുനബി (സ)

ചോദ്യം:—നമ്മുടെ പ്രവാചകൻ ആരാകുന്നു?

ഉത്തരം:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം. അദ്ദേഹം അല്ലാഹുവിൻെറ ദാസനും, ദൂതനും, പ്രവാചകനും ആകുന്നു. നാം അദ്ദേഹത്തിൻെറ ഉമ്മത്തു (അനുയായികൾ) കളാണ്.

ചോ:—നമ്മുടെ പ്രവാചകൻ എവിടെ ജനിച്ചു?

ഉ:—നമ്മുടെ ഹിന്ദുസ്ഥാനത്തുനിന്നും വളരെ ദൂരത്തായി സമുദ്രത്തിനപ്പുറം അസ്തമനഗിരിയുടെ ഭാഗത്ത് അറേബ്യ എന്നൊരു രാജ്യമുണ്ട്. അവിടത്തെ ഒരു പ്രസിദ്ധപട്ടണമായ 'മക്കാമുഅസ്സമാ'യിൽ ക്രിസ്തുവർഷം 571 ഏപ്രിൽ 22-ാംതീയതി, അതായതു് ഇന്നേയ്ക്കു് 1400 കൊല്ലങ്ങൾക്കുമുമ്പു്, അല്ലാഹുവിൻെറ അന്ത്യപ്രവാചക

നായ മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അവതരിച്ചു.

ചോ:—അദ്ദേഹത്തിൻെറ ബഹുമാന്യരായ മാതാപിതാക്കന്മാർ ആരാണു്?

ഉ:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലമിൻെറ പിതാവ് അബ്ദുല്ലയും, മാതാവ് ആമിനാബീബിയും ആയിരുന്നു.

ചോ:—അദ്ദേഹം ഏതു ഗോത്രത്തിൽ ജനിച്ചു?

ഉ:—അറബുരാജ്യത്തെ ഏററവും ശ്രേഷ്ഠമായ ഖുറൈശിഗോത്രത്തിലാണു് അദ്ദേഹം ജനിച്ചതു്. തായ്വഴി 'ഹാശിമി' ആകുന്നു.

ചോ:—അദ്ദേഹത്തിനു നബിത്വം സിദ്ധിച്ചതെപ്പോഴാണു്?

ഉ:—നാല്പതുവയസ്സു പൂർത്തിയായ കാലത്തു് അദ്ദേഹത്തിനു നബിത്വം കിട്ടി.

ചോ:—അദ്ദേഹം എവിടെയാണു് ആദ്യമായി മതപ്രചരണം തുടങ്ങിയതു്?

ഉ:—അദ്ദേഹം മക്കായിൽ ആദ്യമായി മതപ്രചരണം ആരംഭിച്ചു. പതിമ്മൂന്നുവഷം അവിടെ മതപ്രചരണം നടത്തി.

ചോ:—നബി (സ) മദീനായിലേയ്ക്കു ഹിജ്റാചെയ്തതു് എപ്പോഴാം?

ഉ:—ശത്രുക്കളുടെ ശല്യം സഹിക്കവഹിയാത്ത നിലയിൽ എത്തുകയാൽ റസൂൽ (സ) അദ്ദേഹത്തിൻെറ അൻപത്തിമൂന്നാമത്തെ വയസ്സിൽ മദീനത്തേയ്ക്കു ഹിജ്റാ ചെയ്തു. അവിടെ അദ്ദേഹം പത്തുവഷം താമസിച്ചു.

ചോ:—റസൂൽതിരുമേനിക്കു മക്കാവിജയം സിദ്ധിച്ചതു് എപ്പോഴാണു്?

ഉ:—ഹിജ്റാചെയ്തതിൻെറ എട്ടാമത്തെ വഷത്തിൽ അനുയായികളോടൊന്നിച്ചു് അദ്ദേഹം വിജയപൂർവ്വം വീണ്ടും മക്കാപട്ടണത്തിൽ പ്രവേശിച്ചു.

ചോ:—നബി (സ) എവിടെവച്ചാണു് ഇഹലോകവാസം വെടിഞ്ഞതു്? അദ്ദേഹം എത്ര വയസ്സുവരെ ജീവിച്ചിരുന്നു?

ഉ:—നബി (സ) അറുപത്തിമൂന്നാമത്തെ വയസ്സിൽ മദീനാപട്ടണത്തിൽവച്ചു പരലോകം പ്രാപിച്ചു. അവിടെത്തന്നെ അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നു. റൌസാശരീഫ് എന്ന പേരിൽ അദ്ദേഹത്തിൻെറ ഖബർസ്ഥാനം കീർത്തിപ്പെട്ടിരിക്കുന്നു.

ചോ:—റസൂൽതിരുമേനിയുടെ ആകൃതി എപ്രകാരമായിരുന്നു?

ഉ:—അദ്ദേഹത്തിനു് പൊക്കം കൂടുതലോ കുറവോ ഇല്ലാത്ത മദ്ധ്യനിലയിലുള്ള ശരീരമാണുണ്ടായിരുന്നതു്. ചുവപ്പുകലന്ന വെള്ളനിറമുള്ള ഒരു സുന്ദരപുരുഷനായിരുന്നു അദ്ദേഹം.

ചോ:—നമ്മുടെ പ്രവാചകൻ ഭൂജാതനാകുന്നതിനു മുമ്പു് അറേബ്യയിലെ സ്ഥിതിയെന്തായിരുന്നു?

ഉ:—നമ്മുടെ പ്രവാചകൻ ജനിച്ചകാലത്തു ലോകത്തിലെ, പ്രത്യേകിച്ചും അറേബ്യയിലെ ജനങ്ങളുടെ സ്ഥിതി വളരെ ദുഷിച്ചിരുന്നു. അവർ രാത്രിയും പകലും ദുഷ്കൃത്യങ്ങളിൽ ഉരംപ്പെട്ടു ജീവിച്ചിരുന്നു. സ്രഷ്ടാവിൻെറ സ്മരണപോലും അവക്കുണ്ടായിരുന്നില്ല. അവർ കല്ലുകൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ ആരാധിക്കുകയും അവയെ ദൈവമായി കരുതുകയും ചെയ്തിരുന്നു. നിസ്സാരകാര്യങ്ങൾക്കു

തന്നെയും അവർ തമ്മിൽ പിണങ്ങിയിരുന്നു. കള്ളുകുടി, ശിശുവധം മുതലായ അക്രമങ്ങൾ അവർ ചെയ്തിരുന്നു. തന്നിൽനിന്നു പ്രായംകുറഞ്ഞവരെ സ്നേഹിക്കുകയോ പ്രായം കൂടിയവരെ ബഹുമാനിക്കുകയോ അവർ ചെയ്തിരുന്നില്ല. അദ്ധ്വാനിക്കുന്നതും കൂലിവേലചെയ്യുന്നതും അവർ നിഷിദ്ധമായി കരുതിയിരുന്നു. എന്നാൽ യുദ്ധംചെയ്യുന്നതും അങ്ങനെ മരിക്കുന്നതും അഭിമാനമായിട്ടാണ് അവർ കരുതിയിരുന്നത്. ഇപ്രകാരം എല്ലാവിധത്തിലും അവിടത്തെ ജനങ്ങൾ അധഃപതിച്ചുപോയിരുന്നു.

ചോ:—നമ്മുടെ പ്രവാചകനു മററു പ്രവാചകന്മാരെ അപേക്ഷിച്ച് സ്ഥാനവലിപ്പമുണ്ടോ?

ഉ:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലമിനു മററു പ്രവാചകന്മാരെക്കാൾ ഏററവും ഉന്നതസ്ഥാനമാണുള്ളത്. മാത്രമല്ല അദ്ദേഹം അല്ലാഹുത്തആലായുടെ സൃഷ്ടികളിൽ ശ്രേഷ്ഠനുമാകുന്നു.

ചോ:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലമിനെ വിശ്വസിക്കാത്തവർ ആരാണ്?

ഉ:—നമ്മുടെ പ്രവാചകനെ വിശ്വസിക്കാത്തവർ കാഫിറുകളാകുന്നു.

ചോ:—നബി (സ) യെ വിശ്വസിക്കുക എന്നതിന്റെ ഉദ്ദേശാർത്ഥം എന്താണ്?

ഉ:—മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിനാൽ അയയ്ക്കപ്പെട്ട പ്രവാചകനാണെന്നും, അദ്ദേഹം സൃഷ്ടികളിൽ ഏററവും ശ്രേഷ്ഠനാണെന്നും വിശ്വസിച്ച് അദ്ദേഹത്തിൽ സ്നേഹമുള്ളവരായിരിക്കുക. അദ്ദേഹം ആജ്ഞാപിച്ചിട്ടുള്ളവയെ അക്ഷരംപ്രതി അനുസരിക്കുക. ഇതെല്ലാമാണു നബിയെ വിശ്വസിക്കുക എന്നുള്ളതിന്റെ അർത്ഥം.

ചോ:—നബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിൻെറ പ്രവാചകനാണെന്നു് എങ്ങനെ മനസ്സിലാക്കാം?

ഉ:—അദ്ദേഹം പ്രവർത്തിച്ചിട്ടുള്ള കാര്യ്യങ്ങളും സാന്മാർഗ്ഗികമായി അദ്ദേഹം ചെയ്തിട്ടുള്ള ഉപദേശങ്ങളും ഒരുപ്രവാചകനാലല്ലാതെ മററാരാലും പറയാനോ പ്രവർത്തിക്കാനോ സാദ്ധ്യമായിട്ടുള്ളവയല്ല. അതിനാൽ അദ്ദേഹം പ്രവാചകനാണെന്നുള്ളതു നിസ്സന്ദേഹമത്രേ.

## പാഠം 8

# യൌമുൽ ആഖിറിനെക്കുറിച്ചുള്ള വിശ്വാസം

ചോ:—യൌമുൽആഖിർ എന്നാൽ എന്താണു്; അതിനെ വിശ്വസിക്കേണ്ടതു് ഏതുവിധമാണു്?

ഉ:—ലോകത്തുള്ള സകല വസ്തുക്കൾക്കും ഉത്ഭവം പോലെതന്നെ നാശവുമുണ്ടു്. ഈ ലോകം ഉത്ഭവിച്ചതു പോലെ ഒരുകാലത്തു് നശിക്കുമെന്നുള്ളതു തീർച്ചയാണു്. ആപ്രകാരം ഈ ലോകം നശിക്കുന്ന ഒരു ദിവസത്തിനാണു് യൌമുൽ ആഖിർ (അന്ത്യദിവസം) എന്നു പറയുന്നതു്. ആ ദിവസത്തിൽ മനുഷ്യരും മററു സകല ജീവജാലങ്ങളും മരണമടയും. പർവ്വതങ്ങൾ പഞ്ഞിപോലെ പറക്കും. നക്ഷത്രങ്ങൾ അടന്നുവീഴും. ചുരുക്കത്തിൽ സകല വസ്തുക്കളും പൊട്ടിയും പിളർന്നും നശിക്കും എന്നു നാം വിശ്വസിക്കണം.

ചോ:—അന്ത്യദിവസത്തിലെ സ്ഥിതിയെന്താണു്?

ഉ:—അല്ലാഹുവിൻെറ ആജ്ഞപ്രകാരം ഇസ്രാഫീൽ അലൈഹിസ്സലാം സൂർ ഊതുന്നതും, അതിൻെറ ഭയങ്കര

ശബ്ദഘോഷത്താൽ സകല ജീവജാലങ്ങളും നശിക്കുന്നതു മാകുന്നു. മററു വസ്തുക്കളെല്ലാം പൊട്ടിയും പിളൎന്നും നാമാവശേഷമായി ഭവിക്കും. ഇതു് ഇസ്രാഫീൽ അലൈഹിസ്സലാമിൻെറ ആദ്യത്തെ കാഹളഘോഷത്താലാകുന്നു.

ചോ:—മരിച്ചതിനുശേഷം പരലോകത്തു വീണ്ടും ജീവിപ്പിക്കുന്നതിൻെറ ഉദ്ദേശമെന്തു്?

ഉ:—ഖിയാമത്തിൽ സകല വസ്തുക്കളും നശിക്കുമെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. ഇസ്രാഫീൽ (അ) വീണ്ടും സൂറ് ഊതുമ്പോൾ മനുഷ്യർ തുടങ്ങി സമസ്തജീവജാലങ്ങളും പുനൎജ്ജീവിക്കും. അനന്തരം മഹശർമൈതാനത്തിൽ അല്ലാഹുവിൻെറ സന്നിധിയിൽ എല്ലാവരേയും ഹാജരാക്കുകയും നന്മതിന്മകളെപ്പററി ചോദ്യംചെയ്യുകയുംചെയ്യും. നന്മയ്ക്കു നന്മയും, തിന്മയ്ക്കു തിന്മയും പ്രതിഫലം നല്കപ്പെടും. ഈ സംഗതികൾ നടക്കുന്ന ദിവസത്തിന്ന് യൌമുൽ ഹശർ (ഒരുമിച്ചുകൂട്ടുന്ന ദിവസം) എന്നു പറയപ്പെടുന്നു. ഈ ദിവസത്തിന്ന് യൌമുൽജസാ, യൌമുദ്ദീൽ (പ്രതിഫലം നല്കപ്പെടുന്ന ദിവസം), യൌമുൽ ഹിസാബു (വിസ്താര ദിവസം) എന്നെല്ലാം പേരുകൾ ഉണ്ടു്.

ചോ:—അന്ത്യദിവസം എപ്പോഴാണു്? അതിൻെറ അടയാളങ്ങൾ എന്തെല്ലാം?

ഉ:—അന്ത്യദിവസം എന്നാണെന്നുള്ളതു് അല്ലാഹുവിനല്ലാതെ മററാൎക്കും അറിയുവാൻപാടില്ല. ലോകത്തു് അധൎമ്മം വൎദ്ധിക്കുക, ജനങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കാതെ അവരെ കഷ്ടപ്പെടുത്തുക, വിശ്വാസത്തിൽ ചതിവുചെയ്യുക, വാദ്യമേളങ്ങൾ നൃത്താദികൾ മുതലായവ അധികരിപ്പിക്കുക, പിൻഗാമികൾ, പൂൎവ്വികരായ മഹാന്മാരെ ആക്ഷേപിക്കുക, വിദ്യയില്ലാത്തവനും അല്പജ്ഞനും നേതാവായി വരിക, ആട്ടിടയന്മാരെപ്പോലെയുള്ള താഴ്ന്ന

ജാതിക്കാർ വലിയ കെട്ടിടങ്ങൾ പണിയിക്കുക, യോഗ്യത യില്ലാത്തവർക്ക് ഉയൎന്ന ഉദ്യോഗങ്ങൾ കിട്ടുക മുതലായവ ഖിയാമത്തിൻെറ ലക്ഷണങ്ങളാണെന്നു നബി സല്ലല്ലാഹു അലൈഹിവസല്ലം അരുളിച്ചെയ്തിട്ടുണ്ട്.

പാഠം 9

# നന്മതിന്മകളിലുള്ള വിശ്വാസം

ചോ:—നന്മയിലും തിന്മയിലുമുള്ള വിശ്വാസം എന്നാൽ എന്തു്?

ഉ:—നന്മയും തിന്മയും അല്ലാഹുവിൽനിന്നും ഉണ്ടാകുന്നതാണ്. അല്ലാഹുവിൻെറ ജ്ഞാനത്തിലുള്ള ഒരു നിശ്ചിതമായ അളവിനെ ആസ്പദമാക്കിയാണ് അതുണ്ടാകുന്നതു്. അല്ലാഹു ഒരു വസ്തുവിനെ സൃഷ്ടിക്കുന്നതിനു മുമ്പായിത്തന്നെ അതിനെ അറിയുന്നു. യാതൊരു കാൎയ്യവും അല്ലാഹുതഅ്ആലായുടെ ജ്ഞാനത്തിലുള്ള നിശ്ചിതമായ അളവിനെയും വിട്ടുപോകുകയില്ല എന്നു നാം വിശ്വസിക്കണം.

ചോ:—ഈമാൻ മുഫസ്സലിൽ പറഞ്ഞിട്ടുള്ള സംഗതികളിൽ ഏതെങ്കിലും ഒന്നുരണ്ടെണ്ണത്തെ ഒരുവൻ വിശ്വസിക്കുന്നില്ലെങ്കിൽ അവൻ മുസൽമാനാകുമോ?

ഉ:—ഇല്ല; ഒരിയ്ക്കലുംഅവൻ മുസൽമാനല്ല. അല്ലാഹുവിൻെറ ഏകത്വം, നബിമാരുടെ നബിത്വം, അല്ലാഹുവിൻെറ കിത്താബുകൾ, അവൻെറ മലക്കുകൾ, ഖിയാമം, തഖ്ദീർ എന്നിവയെ ഒരുത്തൻ വിശ്വസിക്കുന്നില്ലെങ്കിൽ അവൻ നിശ്ചയമായും മുസൽമാനല്ലതന്നെ.

14370

# ഭാഗം 2

## പാഠം 10

## ഇസ്ലാമിയ സിദ്ധാന്തങ്ങൾ

ചോ:—ഇസ്ലാം എന്നാൽ എന്ത്?

ഉ:—ഇസ്ലാം എന്നാൽ അല്ലാഹുവിൻെറയും അവൻെറ റസൂലിൻെറയും ആജ്ഞകളെ അനുസരിക്കുക, സമാധാനം ഉണ്ടാക്കുക എന്നാകുന്നു.

ചോദ്യം:—ഇസ്ലാമിയസിദ്ധാന്തങ്ങൾ ഏതെല്ലാം?

بُنِيَ الْإِسْلَامُ عَلَى خَمْسٍ شَهَادَةِ أَنْ لَا إِلَٰهَ إِلَّا اللَّهُ
وَأَنَّ مُحَمَّدًا رَسُولُ اللَّهِ وَإِقَامِ الصَّلَوٰةِ وَإِيتَاءِ
الزَّكَوٰةِ وَصَوْمِ رَمَضَانَ وَحَجِّ الْبَيْتِ

ഉത്തരം:—ഇസ്ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അഞ്ചു കാര്യങ്ങളിലാകുന്നു. (1) ശഹാദത്ത്. അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ മററാരുമില്ലെന്നും മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിൻെറ പ്രവാചകനാണെന്നും സാക്ഷ്യംവഹിക്കുക; (2) നമസ്കാരത്തെ കൃത്യമായി അനുഷ്ഠിക്കുക; (3) സക്കാത്തുകൊടുക്കുക; (4) റമസാൻമാസത്തിൽ വ്രതം അനുഷ്ഠിക്കുക; (5) കഴിവുള്ളവർ കഅ്ബാലയത്തിൽ പോയി ഹജ്ജു നിറവേററുക.

**ശഹാദത്തുകലിമ.**

ചോ:—ശഹാദത്തുകലിമ എന്നാൽ എന്ത്?

ഉ:—കലിമ ഇസ്ലാമിൻെറ മൌലികസിദ്ധാന്തങ്ങളിൽ പ്രഥമമായതാകുന്നു. അതു് ഇസ്ലാമിൻെറ മുദ്രാവാക്യവുമാണു്. ഒരുവൻ, കലിമ ഉച്ചരിക്കുകയും, അതിൻെറ തത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്നതോടുകൂടി അവൻ ഇസ്ലാമിയസംഘത്തിലെ ഒരംഗമായിത്തീരുന്നു.

കലിമ

"അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്നമുഹമ്മദർ റസൂലുല്ലാഹി." ഇതിൻെറ അർത്ഥം 'ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മററാരുമില്ലെന്നു ഞാൻ സാക്ഷ്യംവഹിക്കുന്നു. മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിൻെറ പ്രവാചകനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു' എന്നാകുന്നു.

കലിമയുടെ ഫർസുകൾ:—(1) അല്ലാഹുവിൻെറ സത്തയെ (ദാത്തു്) രേഖാമൂലം (ഗുണങ്ങളെക്കൊണ്ടു്) സ്ഥിരപ്പെടുത്തുന്നതു്. (2) അല്ലാഹുവിൻെറ ഗുണങ്ങളെ യുക്തിയും ശ്രുതിയും അനുസരിച്ചുള്ള രേഖകളെക്കൊണ്ടു സ്ഥിരപ്പെടുത്തുന്നതു്. (3) അല്ലാഹുവിൻെറ പ്രവൃത്തികളെ രേഖാമൂലം സ്ഥിരപ്പെടുത്തുന്നതു്. (4) റസൂലിൻെറ സത്യത്തെ സ്ഥാപിക്കുന്നതു്.

കലിമയുടെ ശർത്തുകൾ:—(1) രണ്ടു് ശഹാദത്തുകലിമയുടെ പദങ്ങളെ തുടർച്ചയായി ഉച്ചരിക്കുന്നതു്. (2) രണ്ടു കലിമയിലും 'അശ്ഹദു' എന്ന വാക്കിനേയോ അതിൻെറ പരിഭാഷയേയോ കൊണ്ടുവരുന്നതു്. (3) രണ്ടു ശഹാദത്തിൻെറയും അർത്ഥം അറിയുന്നതു്. (4) രണ്ടു ശഹാദത്തിലും സംശയിക്കാതെ ഇരിക്കുന്നതു്. (5) രണ്ടു ശഹാദത്തിനും വിരുദ്ധമായ എല്ലാ സംഗതികളേയും നിഷേധിക്കുന്നതു്.

പാഠം 11

# ഫർസ്, ശർത്ത്, സുന്നത്ത്.

ചോ:—ഫർസ് എന്നാൽ എന്ത്? അത് എത്രവിധമുണ്ട്?

ഉ:—പ്രവർത്തിച്ചാൽ പ്രതിഫലം ലഭിക്കുമെന്നും, ഉപേക്ഷിച്ചാൽ ശിക്ഷയുണ്ടാകുമെന്നും മതസ്ഥാപകൻ ശക്തിയായി ആജ്ഞാപിച്ചിട്ടുള്ളതാകുന്നു ഫർസ്.

'ഫർസ്' രണ്ടുതരത്തിൽ ഉണ്ട്. (1) ഫർസ് അയിൻ. (2) ഫർസ് കിഫായാ. (1) ഫർസ് അയിൻ:—ഓരോരുത്തർക്കും കടമപ്പെട്ടത്. ഉദാ:—നമസ്കാരം, നോമ്പ് മുതലായവ. (2) ഫർസ് കിഫായാ—മുസ്ലിം ജമാഅത്തോടു ബന്ധപ്പെട്ടുനിൽക്കുന്നത്. സമുദായത്തിൽ ഒരാൾ നിർവ്വഹിക്കുന്നതുകൊണ്ട് മതിയാകുന്നതും, ഉപേക്ഷിച്ചാൽ എല്ലാവരും കുററക്കാരാകുന്നതുമാണ് ഫർസ് കിഫായാ. ഉദാ:—മയ്യിത്തുനമസ്കാരം തുടങ്ങിയുള്ളവ.

ചോ:—ശർത്ത് എന്നാൽ എന്ത്?

ഉ:—മതപരമായ എല്ലാ കാര്യങ്ങളും ശരിപ്പെടുന്നതിനുള്ള ബാഹ്യനിബന്ധനയാകുന്നു ശർത്ത്. ഉദാ:—നമസ്കാരത്തിന് വുസു, വുസുവിനു ശുദ്ധജലം തുടങ്ങിയുള്ളവ.

ചോ:—സുന്നത്ത് എന്നാൽ എന്താണ്?

ഉ:—പ്രവർത്തിക്കുന്നതിൽ പ്രതിഫലം ലഭിക്കുന്നതും, ഉപേക്ഷിക്കുന്നതു ശിക്ഷാർഹമല്ലാത്തതുമാണ് സുന്നത്ത്. ഉദാ:—വുസു ചെയ്യുമ്പോൾ വായിൽ വെള്ളംകൊണ്ടു തുപ്പുന്നത്, വുസുവിൻെറ അംഗങ്ങളെ മുമ്മൂന്നുപ്രാവശ്യം കഴുകുന്നത് തുടങ്ങിയുള്ളവ.

ചോ:—ഹറാം എന്നാൽ എന്ത്?

ഉ:—പ്രവർത്തിക്കുന്നത് ശിക്ഷാർഹമാണെന്നും, ഉപേക്ഷിക്കുന്നതുകൊണ്ട് പ്രതിഫലം ലഭിക്കുമെന്നും മതസ്ഥാ

പകൻ ശക്തിയായി ആജ്ഞാപിച്ചിട്ടുള്ളതാകുന്ന ഹറാം. ഉദാ:—പരദൂഷണം, മദ്യപാനം, വ്യഭിചാരം മുതലായവ.

ചോ:—മക്ക്റൂഹ് എന്നാൽ എന്താണ്?

ഉ:—പ്രവൎത്തിക്കുന്നതു് ആക്ഷേപാൎഹമാണെങ്കിലും ശിക്ഷ വിധിച്ചിട്ടില്ലാത്തതും, ഉപേക്ഷിക്കുന്നതുകൊണ്ടു പ്രതിഫലം ലഭിക്കുമെന്നുള്ളതുമാണ് മക്ക്റൂഹ്. ഇതു് രണ്ടുതരമുണ്ടു്. (1) മക്ക്റൂഹ് തഹ്‌രീം. ബയിത്തുൽ മുഖദ്ദസ്സിന്റെ നേൎക്കു മലമൂത്രവിസൎജ്ജനം ചെയ്യുക തുടങ്ങിയുള്ളവ. (2) മാക്ക്റൂഹ്തൻസീഹ്. വുസുവിനുശേഷം വുസുവിന്റെ അംഗങ്ങളെ തുടയ്ക്കുക, കുടയുക മുതലായവ.

ചോ:—മുബാഹ് എന്നാൽ എന്തു്?

ഉ:—പ്രവൎത്തിക്കുകയും, ഉപേക്ഷിക്കുകയും ചെയ്യാവുന്നതാകുന്നു മുബാഹ് (അനുവദനീയം). ഉദാ:—തിന്നുക, കുടിക്കുക തുടങ്ങിയുള്ളവ.

പാഠം 12

## അഞ്ചു കലിമയും അൎത്ഥവും

ഒന്നാം കലിമ 'ത്വയ്യിബ്'

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَسُولُ اللّٰهِ

"ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി."

ആരാധനയ്ക്കു് അൎഹൻ അല്ലാഹു അല്ലാതെ മററാരുമില്ല. മുഹമ്മദുനബി അല്ലാഹുവിന്റെ റസൂൽ (പ്രവാചകൻ) ആകുന്നു.

രണ്ടാംകലിമ 'ശഹാദത്ത്'

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

"അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക്കലെഹു വ അശ്ഹദു അന്നമുഹമ്മദൻ അബ്ദുഹു വ റസൂലുഹു."

(അല്ലാഹു അല്ലാതെ മററു യാതൊരു ആരാധ്യനുമില്ലെന്നും, അവൻ ഏകനാണെന്നും അവനു പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. മുഹമ്മദുനബി അല്ലാഹുവിൻെറ ദാസനും, പ്രവാചകനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു.)

മൂന്നാംകലിമ 'തംജീദ്'

سُبْحَانَ اللهِ وَالْحَمْدُ لِلّٰهِ وَلَا إِلٰهَ إِلَّا اللهُ وَاللهُ
أَكْبَرُ وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ الْعَلِيِّ الْعَظِيمِ ۝

"സുബ്ഹാനല്ലാഹി വൽഹംദു ലില്ലാഹി വലാ ഇലാഹ ഇല്ലല്ലാഹു വല്ലാഹുഅക്ബർ വലാഹൗല വലാ ക്രുവത്ത ഇല്ലാബില്ലാഹിൽ അലീയ്യിൽ അസീം."

(അല്ലാഹുവിനെ ഞാൻ സ്തോത്രംചെയ്യുന്നു. സർവ്വ സ്തുതിയും അവനു മാത്രമാണു്. ആരാധനയ്ക്കു് അർഹനായി അല്ലാഹു അല്ലാതെ മററാരുമില്ല. അല്ലാഹു ഏററവും വലിയവനാകുന്നു. പാപകർമ്മങ്ങളിൽനിന്നും പിന്മാറുന്നതിനും ആരാധനയിൽ ശക്തിയുണ്ടാകുന്നതിനും അല്ലാഹുവിൻെറ സഹായംകൊണ്ടല്ലാതെ സാധ്യമല്ല. അവൻ ഉന്നതനും മഹാനും ആകുന്നു.)

നാലാംകലിമ 'തൌഹീദ്'

لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ
الْحَمْدُ يُحْيِي وَيُمِيتُ بِيَدِهِ الْخَيْرُ وَهُوَ عَلَىٰ كُلِّ
شَيْءٍ قَدِيرٌ

"ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക്കലെഹു ലഹുൽമുൽക്കു വലഹുൽഹംദു യുഹീ വയുമീത്തു ബിയദിഹിൽഖൈറു വഹുവ അലാകുല്ലിശൈഇൻ കദീർ."

(അല്ലാഹു അല്ലാതെ മററാരു ആരാധ്യനുമില്ല. അവൻ ഏകനാകുന്നു. അവനു സമന്മാരില്ല. അവനാകുന്നു രാജത്വം. അവനാകുന്നു സ്തുതി. അവൻ ജനിപ്പിക്കുന്നവനും, മരിപ്പിക്കുന്നവനും ആകുന്നു. നന്മ അവൻെറ കൈയിലാണ്. അവൻ എല്ലാത്തിനും ശക്തനുമാകുന്നു.)

അഞ്ചാംകലിമ 'റദ്ദ്കുഫ്റ്'

اَللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ أَنْ أُشْرِكَ بِكَ شَيْئًا وَأَنَا
أَعْلَمُ وَأَنَا أَسْتَغْفِرُكَ لِمَا لَا أَعْلَمُ إِنَّكَ أَنْتَ عَلَّامُ
الْغُيُوبِ تُبْتُ عَنْهُ وَتَبَرَّأْتُ عَنْ كُلِّ دِينٍ سِوَى دِينِ
الْإِسْلَامِ أَسْلَمْتُ وَأَقُولُ لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَسُولُ اللّٰهِ

"അല്ലാഹുമ്മഇന്നീ അഊദുബിക മിൻഅൻഉശ്‌രിക്കു ബിക്കശൈഅൻ വ അന അഅ്‌ലമു വ അസ്തഅ്‌ഫിറുക്ക ലിമാലാ അഅ്‌ലമു ഇന്നക്ക അന്ത അല്ലാമുൽഗുയൂബു തുബ്‌തു അൻഹു വതബർറഅ്‌തു അൻകുല്ലിദീനിൻ

സിവാഃദീനിൽ ഇസ്ലാം അസ്ലംതു വ അക്വൂലു ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി."

(അല്ലാഹുവേ! എൻെറ അറിവോടെ മററൊന്നിനെ നിന്നോടുകൂടി സമപ്പെടുത്തുന്നതിൽനിന്നും രക്ഷിക്കേണമേ എന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എൻെറ അജ്ഞതയാൽ വന്നുപോയതിനെ എനിക്കു ക്ഷമിച്ചുതരേണമേ എന്ന് അഭ്യർത്ഥിക്കുന്നു. നിശ്ചയമായും നീ എല്ലാ രഹസ്യങ്ങളും അറിയുന്നവനാണ്. ഞാൻ പാപത്തെക്കുറിച്ചു പശ്ചാത്തപിച്ചു മടങ്ങുകയും, ഇസ്ലാംമതമല്ലാത്ത എല്ലാ മതങ്ങളിൽനിന്നും പിന്മാറിനില്ക്കുകയും ചെയ്യുന്നു. അല്ലാഹു അല്ലാതെ മററൊരു ആരാധ്യനുമില്ലെന്നും മുഹമ്മദുനബി അല്ലാഹുവിൻെറ റസൂലാണെന്നും ഉച്ചരിച്ച് ഞാൻ ഇസ്ലാമായിരിക്കുന്നു.)

## പാഠം 13

# നമസ്കാരം

ചോ:—നമസ്കാരം എന്നാൽ എന്ത്?

ഉ:—അല്ലാഹുവിനെ ആരാധിക്കുന്നതിനും, അനുസരിക്കുന്നതിനുമുള്ള ഒരു പ്രത്യേകമാർഗ്ഗമാകുന്നു നമസ്കാരം. അതിനെപ്പററി അല്ലാഹുത്തആലാ ഖുർആൻ മജീദിലും, റസൂൽ സല്ലല്ലാഹു അലൈഹിവസല്ലം ഹദീസു ശരീഫിലും മുസ്ലിംകൾക്ക് ഉൽബോധനം നല്കിയിരിക്കുന്നു. പരിശുദ്ധ ഖുർആനിൽ 600 സ്ഥലത്ത് ഇതിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.

ചോ:—അനുസരണയുടെ മാർഗ്ഗത്തെയാണോ നമസ്കാരമെന്നു പറയുന്നത്?

ഉ:—അതെ. വീട്ടിൽ ശുദ്ധമായ ഒരു ഭാഗത്തോ മസ്ജിദിലോ അല്ലാഹുത്തആലായുടെ തിരുസന്നിധിയിൽ കൈകെട്ടി നില്ക്കുന്നു. അനന്തരം ഖുർആൻശരീഫിനെ

ഓതുകയും അല്ലാഹുവിനെ സ്തുതിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. തുടന്ന് അവനു താഴ്മചെയ്യുകയും, അവൻെറ മുമ്പിൽ തലകുനിക്കുകയും, നെററിയെ തറയിൽ പതിപ്പിച്ച് അല്ലാഹുവിൻെറ മഹത്വത്തേയും തൻെറ താഴ്മയേയും തെററുകളേയും പ്രത്യക്ഷമാക്കുകയും ചെയ്യുന്നു.

ചോ:—മസ്ജിദിലോ, വീട്ടിലോ എവിടെ നമസ്കരിച്ചാലാണ് അല്ലാഹുത്തആലായുടെ സാന്നിദ്ധ്യം സിദ്ധിക്കുന്നതു്?

ഉ:—എല്ലാ സ്ഥലത്തും അല്ലാഹുത്തആലായുടെ സാന്നിദ്ധ്യമുണ്ട്. അതിനാൽ വീട്ടിലോ മസ്ജിദിലോ നിങ്ങൾ ഇഷ്ടപ്പെടുന്ന സ്ഥാനത്തു നമസ്കരിക്കാവുന്നതാണ്. എങ്കിലും മസ്ജിദിൽ നമസ്കരിക്കുന്നതാണ് ഏററവും നല്ലതു്.

## നമസ്കാരത്തിൻെറ ശര്‍ത്തുകൾ

ചോ:—നമസ്കാരം നിർവ്വഹിക്കുന്നതിനുമുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

ഉ:—നമസ്കാരത്തിനുമുമ്പു മററുചില കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവകൂടാതെ നമസ്കാരം ശരിപ്പെടുന്നതല്ല. അവയ്ക്കു നമസ്കാരത്തിൻെറ ശര്‍ത്തുകൾ എന്നു പറയുന്നു.

ചോ:—നമസ്കാരത്തിൻെറ ശര്‍ത്തുകൾ ഏതെല്ലാം?

ഉ:—(1) ചെറിയ അശുദ്ധി, വലിയ അശുദ്ധി എന്നിവയിൽനിന്നും ശുദ്ധമായിരിക്കുക. (2) ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും നജസിൽ (അശുദ്ധം) നിന്നും ശുദ്ധമായിരിക്കുക. (3) ഔറത്തിനെ മറയ്ക്കുക. (4) നമസ്കാരത്തിനു സമയമായി എന്നറിയുക. (5) ഖിബ്‌ലയെ അഭിമുഖീകരിക്കുക എന്നിവയാകുന്നു.

പാഠം 14

## ചെറിയ അശുദ്ധിയും വലിയ അശുദ്ധിയും

ചോ:—ചെറിയ അശുദ്ധി എന്നാൽ എന്താണ്?

ഉ:—വുസുവില്ലാതിരിക്കുന്ന അവസ്ഥയാണ് ചെറിയ അശുദ്ധിയെന്നു പറയുന്നത്. അതിൽനിന്നും ശുദ്ധമാകുന്നതിനു വുസു ചെയ്യേണ്ടതാകുന്നു.

ചോ:—വലിയ അശുദ്ധി എന്താണ്?

ഉ:—കുളി നിർബ്ബന്ധമാകുന്നതിനുള്ള കാരണങ്ങൾ ഉണ്ടായിരുന്നാൽ അതു് വലിയ അശുദ്ധിയാകുന്നു. *

ചോ:—ശരീരവും, വസ്ത്രവും, നമസ്കരിക്കുന്ന സ്ഥലവും, നജസ്സിൽനിന്നും ശുദ്ധമായിരിക്കുക എന്നതിൻെറ താല്പര്യമെന്തു്?

ഉ:—ശരീരവും വസ്ത്രവും ശുദ്ധമായിരിക്കുന്നതിനോടുകൂടി നമസ്കരിക്കുന്ന സ്ഥലവും എല്ലാ അശുദ്ധികളിൽനിന്നും ഒഴിഞ്ഞിരിക്കേണ്ടതാകുന്നു. നജീസോടുകൂടി നമസ്കരിച്ചാൽ നമസ്കാരം സ്വീകാര്യമാകയില്ല.

പാഠം 15

## ശുദ്ധജലം

ചോദ്യം:—വെള്ളം എത്രതരമുണ്ടു്?

ഉത്തരം:—നാലുവിധത്തിൽ ഉണ്ടു്. അവ (1) ത്വഹൂർ (2) താഹിർ (3) മുസ്ത്തഅമൽ (4) മുതനജ്ജിസ്.

---

* കൂടുതൽ വിവരങ്ങൾക്കു് അനുബന്ധം നോക്കുക.

ചോ:—ത്വഹൂർ എന്നാൽ എന്ത്?

ഉ:—സ്വതേ ശുദ്ധമായതും, മറെറാന്നിനെ ശുദ്ധമാക്കാൻ കഴിവുള്ളതുമായ വെള്ളം. മഴ, ഊററ്, നദി, സമുദ്രം, മഞ്ഞ്, മഞ്ഞുകട്ടി ഇവയിൽനിന്നും കിട്ടുന്ന വെള്ളം ത്വഹൂർ ആകുന്നു.

ചോ:—താഹിർ എപ്രകാരമുള്ളതാണ്?

ഉ:—സ്വതേ ശുദ്ധമായതും, എന്നാൽ മറെറാന്നിനെ ശുദ്ധമാക്കാൻ കഴിവില്ലാത്തതുമായ വെള്ളമാണ് താഹിർ. ശുദ്ധവസ്തുക്കൾ (സുഗന്ധദ്രവ്യങ്ങൾ നിറമോ രുചിയോ, ഗന്ധമോ) ചേർന്നു നിറഭേദം ഉണ്ടായ വെള്ളം, പനിനീർ, കരിക്കിൻവെള്ളം, കഞ്ഞിവെള്ളം മുതലായവ.

ചോ:—മുസ്ത്തഅമൽ എന്നാൽ എന്ത്?

ഉ:—നിർബ്ബന്ധമായ കുളി, വുസു ഇവയ്ക്കു് ഉപയോഗിച്ച വെള്ളത്തെ മുസ്ത്തഅമൽ എന്നു പറയുന്നു. ഈ വെള്ളം രണ്ടു ഖുല്ലത്തിൽ (ഒന്നേകാൽ മുഴം നീളം, ഒന്നേകാൽമുഴം വീതി, ഒന്നേകാൽ മുഴം താഴ്ചയുള്ള ഒന്നിൽ കെട്ടിനില്ക്കാവുന്ന വെള്ളം രണ്ടു ഖുല്ലത്താകുന്നു. ഇത് ഉദ്ദേശം 500 റാത്തലാണ്. വൃത്തത്തിലാണെങ്കിൽ ഒരു മുഴം അകലവും രണ്ടുമുഴം ആഴവും ഉണ്ടായിരിക്കണം) കുറവുള്ളപക്ഷം അതിനു മറെറാന്നിനെ ശുദ്ധിയാക്കുന്നതിന് സാധിക്കുകയില്ല.

ചോ:—മുതനജ്ജിസ് എന്നാൽ എന്താണ്?

ഉ:—അശുദ്ധവസ്തുക്കൾ കലന്ന വെള്ളമാണ് മുതനജ്ജിസ്. രണ്ടുഖുല്ലത്തിൽ കുറവുള്ള വെള്ളത്തിൽ നജസു ചേരുകയോ, രണ്ടുഖുല്ലത്തു വെള്ളത്തിൽ നജസു ചേരുന്നതിനാൽ നിറത്തിനോ മണത്തിനോ ഗുണത്തിനോ വ്യത്യാസമുണ്ടാകയോ ചെയ്താൽ ആ വെള്ളം ഉപയോഗിക്കാൻ പാടില്ല. രണ്ടുഖുല്ലത്തിൽ കുറവുള്ള വെള്ളം നജസു കലന്ന

തായാൽ ആ വെള്ളം രണ്ടു ഖുല്ലത്താകുകയും അതു കൊണ്ടു് പകർച്ച നീങ്ങുകയും ചെയ്താൽ ആ വെള്ളം ഉപ യോഗിക്കാവുന്നതാകുന്നു.

ചോ:—അശുദ്ധവസ്തുക്കൾ പുരണ്ടാൽ അതിനെ ശുദ്ധമാക്കാൻ ഏതു ജലമാണു് ഉപയോഗിക്കേണ്ടതു്?

ഉ:—ത്വഹൂർവിഭാഗത്തിൽപെട്ട, അതായതു് കുളം, കിണർ, നദി തുടങ്ങിയുള്ളവയിലെ ജലം ഉപയോഗിച്ചു ശുദ്ധമാക്കണം.

പാഠം 16

# ശുദ്ധി

"ശുദ്ധിയേയും വൃത്തിയേയും നിങ്ങൾ തിരഞ്ഞെടു ക്കുക; ഇസ്ലാം ശുദ്ധിയിന്മേലാകുന്നു" എന്നും "ശുദ്ധി ഈമാൻെറ പകുതിയാകുന്നു" എന്നും നമ്മുടെ പ്രവാചകൻ നമുക്കു് ഉൽബോധനം നല്കിയിരിക്കുന്നു. പ്രിയപ്പെട്ട വരേ! നമ്മുടെ പ്രവാചകൻെറ വാക്കുകളെ നാം അക്ഷരം പ്രതി അനുഷ്ഠിക്കാൻ ശ്രമിക്കണം. നിങ്ങളുടെ ശരീരം, വസ്ത്രം, ഗൃഹം മുതലായവയെ നിങ്ങൾ എപ്പോഴും വൃത്തി യായി സൂക്ഷിക്കണം. വുസൂക്കൂടാതെ നമസ്കാരം ശരിപ്പെടു കയില്ലെന്നുള്ളതു് നിങ്ങൾക്കറിവുള്ളതാണല്ലോ. ശരീരശു ദ്ധിക്കുവേണ്ടിയാണു് അപ്രകാരമൊരു നിയമം ഉണ്ടാക്കി യിട്ടുള്ളതു്. കുളി ചില സമയങ്ങളിൽ നിർബ്ബന്ധമാക്കിയും ചില സമയങ്ങളിൽ സുന്നത്താക്കിയും കല്പിച്ചിരിക്കുന്നു. വസ്ത്രവും വാസസ്ഥലവും വൃത്തിയായി സൂക്ഷിക്കേണ്ടതി നെപ്പററി പ്രവാചകൻ നല്കിയിട്ടുള്ള ചെറിയ ചെറിയ ഉപദേശങ്ങളെ നിങ്ങൾ ശ്രദ്ധിക്കുക. അവയിൽ എത്രയോ മഹത്തായ തത്വങ്ങൾ അടങ്ങിയിട്ടുള്ളതായി നിങ്ങൾക്കു കാണാം. അവ നമ്മുടെ നന്മയ്ക്കുമാത്രമായിരിക്കുന്നു.

(1) കളിച്ചു ശുദ്ധവസ്ത്രംധരിച്ചു നടക്കുന്ന ഒരു കുട്ടിയെ എല്ലാവരും ഇഷ്ടപ്പെടുന്നു. പ്രത്യുത, മലിനവസ്ത്രവും അഴുക്കുപുരണ്ട ശരീരവുമായി കഴിയുന്ന ഒരു കുട്ടിയോട് വെറുപ്പാണുണ്ടാകുന്നതു്.

(2) ശരീരത്തിലുള്ള വിഷാംശങ്ങളെ പുറത്തു തള്ളുന്നതിനാണു് ശരീരത്തിൽ വിയർപ്പുണ്ടാകുന്ന സ്ഥാനങ്ങളെ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതു്. ദേഹത്തു പററിച്ചേരുന്ന അഴുക്ക വിയർപ്പിനെ തടയുന്നു. തന്നിമിത്തം പലവിധ രോഗങ്ങൾ ഉണ്ടാകുന്നു.

(3) കുളികൊണ്ടു് വേറെയും പല ഗുണങ്ങൾ ഉണ്ടു്. ശരീരത്തിനു ക്ഷീണമോ, മനസ്സിനു് ഉന്മേഷമില്ലായ്മയോ ഉണ്ടായിരിക്കുന്ന സന്ദർഭത്തിൽ കുളിക്കുന്നതായാൽ പ്രത്യേകമായ ഒരു ഉന്മേഷം ഉണ്ടാകുന്നതായി നിങ്ങൾക്കുതന്നെ അറിയാൻ കഴിയും. എഴുതാനും പഠിക്കാനും ഉത്സാഹമുണ്ടാകയുംചെയ്യും.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ! ദിവസവും അഞ്ചുസമയം നിങ്ങൾ വുസുചെയ്യുകയും നമസ്കരിക്കുകയും ചെയ്യുന്നതായാൽ നിങ്ങളുടെ ഹൃദയത്തിനു വലുതായ ആനന്ദമുണ്ടാകും. കുളികൊണ്ടു് ശരീരശുദ്ധിയുണ്ടാകയും, രോഗങ്ങളിൽനിന്നു രക്ഷപ്രാപിക്കയുംചെയ്യും. ശുദ്ധവസ്ത്രം ധരിക്കുന്ന വിഷയത്തിൽ നിങ്ങൾ എപ്പോഴും ശ്രദ്ധിക്കണം. അതുപോലെതന്നെ നിങ്ങളുടെ ഗൃഹത്തേയും ശുചിയാക്കിവയ്ക്കണം. അശുദ്ധവസ്തുക്കളെ (നജാസത്തിനെ)യും പ്രത്യേകം ശ്രദ്ധിക്കണം. അതു ശരീരത്തിലോ വസ്ത്രത്തിലോ പുരളാതെയും, നമസ്കരിക്കുന്ന സ്ഥലത്തുണ്ടായിരിക്കാതെയും സൂക്ഷിക്കണം. അശുദ്ധവസ്തുക്കളെ നീക്കാതെ നമസ്കരിച്ചാൽ നമസ്കാരം ശരിപ്പെടുന്നതല്ല.

പാഠം 17

# അശുദ്ധവസ്തുക്കൾ

ചോ:—അശുദ്ധവസ്തുക്കൾ ഏതെല്ലാം?

ഉത്തരം:—മലം, മൂത്രം, രക്തം, ചലം, ഛർദ്ദി, കള്ള പോലെ ലഹരിയുള്ള പാനീയങ്ങൾ, പട്ടി പന്നി എന്നീ ജന്തുക്കളും അവയുടെ ബീജത്താൽ മററു ജന്തുക്കളിൽ ഉത്ഭവിക്കുന്ന സന്താനങ്ങളും, മദിയ്യി വദിയ്യി എന്നിവയും, മനുഷ്യൻ മത്സ്യം ജറാദ (വെട്ടുകിളി) ഇവ മൂന്നുമൊഴികെ മററുള്ളവയുടെ ശവങ്ങളും, തിന്നാൻ ഹറാമായ ജീവനുള്ള ജന്തുക്കളിൽനിന്നും വേർപെട്ട മുടി എല്ല് തോൽ കൊമ്പ് പല്ല് ഇറച്ചി പാൽ എന്നിവയും, ചത്ത മൃഗങ്ങളും അശുദ്ധവസ്തുക്കളാകുന്നു.

ചോ:—അശുദ്ധവസ്തുക്കൾ എത്രവിധത്തിൽ ഉണ്ട്?

ഉ:—(1) ഗുരുതരം (2) ലഘുതരം (3) സാധാരണം എന്ന് അവ മൂന്നുതരത്തിൽ ഉണ്ട്.

## (1) ഗുരുതരം

ചോ:—ഗുരുതരത്തിൽപെടുന്ന അശുദ്ധവസ്തുക്കൾ ഏതാണ്? അവയെ എങ്ങനെ ശുദ്ധീകരിക്കാം?

ഉ:—പട്ടി, പന്നി എന്നീ നികൃഷ്ടജന്തുക്കളും അവയുടെ ബീജത്താൽ മററു ജന്തുക്കളിൽ ഉത്ഭവിക്കുന്ന സന്താനങ്ങളും ഗുരുതരമായ നജീസാകുന്നു. ഇവ പാത്രത്തിൽ തലയിടുകയോ തൊടുകയോ മററുതരത്തിൽ അശുദ്ധമാക്കുകയോ ചെയ്തിട്ടുള്ള സാധനങ്ങളും ഗുരുതരമായ നജീസിൽ ഉൾപ്പെടുന്നു. അപ്രകാരമുള്ള സാധനങ്ങളെ ശുദ്ധമാക്കുന്നതിനു ശുദ്ധജലംകൊണ്ട് ഏഴുപ്രാവശ്യം കഴുകണം. (നജ

സിനെയും അതിൻെറ ഗുണത്തേയും നീക്കിയശേഷം ആറു പ്രാവശ്യം കഴുകണം) അതിലൊരുപ്രാവശ്യം ശുദ്ധിയുള്ള മണ്ണുകലക്കിയ വെള്ളംകൊണ്ടു കഴുകേണ്ടതാണ്. മണ്ണുകലങ്ങിയ വെള്ളംകൊണ്ടു കഴുകുന്നതു് ആദ്യമായാൽ ഏററവും നല്ലതു്.

## (2) ലഘുതരം

ചോ:—ലഘുതരത്തിൽപെടുന്ന നജീസെന്താണ്? അതിനെ എങ്ങനെ ശുദ്ധീകരിക്കാം?

ഉ:—ജനിച്ചശേഷം മുലപ്പാൽ അല്ലാതെ മററാഹാരങ്ങളൊന്നും കഴിച്ചിട്ടില്ലാത്തതും രണ്ടുവയസ്സു പൂർത്തിയാകാത്തതുമായ ആൺകുട്ടിയുടെ മൂത്രം ലഘുതരമായ നജീസാകുന്നു. ഇതു ശരീരത്തിലോ വസ്ത്രത്തിലോ മററോ പുരണ്ടാൽ അതിനെ പിഴിഞ്ഞുകളയുകയോ തുടയ്ക്കുകയോ ചെയ്തശേഷം ആ സ്ഥാനത്തു നല്ലതുപോലെ വെള്ളം തളിച്ചാൽ ശുദ്ധമാകും. എന്നാൽ തളിയ്ക്കുന്ന വെള്ളം മൂത്രത്തേക്കാൾ കൂടുതൽ ഉണ്ടായിരിക്കണം. പെൺകുട്ടിയുടെ മൂത്രത്തിനു ദുർഗ്ഗന്ധം കൂടുതൽ ഉള്ളതുകൊണ്ടു് അതും, രണ്ടു വയസ്സിനു മേലുള്ള ആൺകുട്ടിയുടെ മൂത്രവും ലഘുതരത്തിൽ പെടുകയില്ല.

## (3) സാധാരണം

ചോ:—സാധാരണം എന്നു പറയുന്ന നജീസ് എന്താണ്?

ഉ:—മലം, മൂത്രം, രക്തം തുടങ്ങിയവ സാധാരണ നജീസാകുന്നു. ഇവ ശരീരത്തിലോ വസ്ത്രത്തിലോ നമസ്കരിക്കുന്ന സ്ഥലത്തോ പുരണ്ടാൽ ഒരിക്കൽ വെള്ളമൊഴിക്കുമ്പോൾ അതിൻെറ അംശം മുഴുവനും നീങ്ങുന്നപക്ഷം അതു ശുദ്ധമായി എന്നു കരുതാം. എന്നാൽ വല്ല അംശവും ശേഷിക്കുന്നതായാൽ അതു ശുദ്ധമാകുന്നതുവരെ കഴുക

ണം. പുരണ്ട സാധനത്തിനു ഗുണവും ഗന്ധവും നിറവും ഉണ്ടായിരുന്നാൽ അവയെ മാറേറണ്ടതു് ആവശ്യമാകുന്നു. ഗുണംകൂടാതെ നിറം മാത്രമോ, അല്ലെങ്കിൽ ഗന്ധം മാത്രമോ ശേഷിക്കുകയും അതിനെ മാററുവാൻ സൗകര്യമില്ലെന്നു വരികയും ചെയ്താൽ അവയിൽ ഒന്നു് ഉണ്ടായിരിക്കുന്നതു കൊണ്ടു തരക്കേടില്ല. ഗുണം മാത്രമോ, നിറവും ഗന്ധവും കൂടിയോ ശേഷിക്കുന്നതായാൽ ശുദ്ധമാകുന്നതല്ല.

ചോ:—മററു നജീസുകളെ എപ്രകാരം ശുദ്ധീകരിക്കാം?

ഉ:—അയിൻനജസുകളിൽ കള്ളു് തനിയെ പുളിച്ചു സുക്കാ (വിനാകിരി) ആകുന്നതായാൽ അതു ശുദ്ധമാകുന്നു. എന്നാൽ ഏതെങ്കിലും സാധനം അതിൽ കൂട്ടികലെത്തിയാൽ അതു ശുദ്ധമാകുന്നതല്ല. പട്ടി, പന്നി എന്നിവയൊഴികെ മററു ജന്തുക്കളുടെ തോലുകൾ ഊറയ്ക്കിട്ടാൽ ശുദ്ധമാകും. പാൽ, എണ്ണ, നെയ്യ് തുടങ്ങിയ ദ്രവപദാൎത്ഥങ്ങൾ മുത്തനജ്ജിസായാൽ ശുദ്ധീകരിക്കാൻ സാധിക്കുകയില്ല. പക്ഷേ, അവ ഉറഞ്ഞു കട്ടിയായിരിക്കുമ്പോൾ ഏതെങ്കിലും മലിനസാധനങ്ങൾ അതിൽ വീണാൽ ആ സാധനം വീണിട്ടുള്ള ഭാഗവും അതിനു ചുററുമുള്ളതും എടുത്തുകളയുന്നതായാൽ ബാക്കി ശുദ്ധമാകുന്നു.

മാപ്പാക്കപ്പെടുന്നവ

ചോ:—അശുദ്ധവസ്തുക്കളിൽ മാപ്പാക്കപ്പെടുന്നവയായി ഏതെങ്കിലുമുണ്ടോ?

ഉ:—ചില അശുദ്ധവസ്തുക്കളിൽനിന്നുള്ള ഒഴിവാക്കൽ അതിനാൽ കഷ്ടപ്പെടുന്നവരെ മാത്രമേ ബാധിക്കുകയുള്ളൂ. മററുള്ളവരെ സംബന്ധിച്ചു വിട്ടുതലില്ലാത്തതാകുന്നു. അവ ഏതാണെന്നു പറയാം. നമ്മുടെ ദൃഷ്ടിയ്ക്കു വിധേയമല്ലാത്ത സാധനങ്ങളും രക്തസ്രാവം മൂത്രപ്പോക്കു

മുതലായ സൂചകേട്ടുള്ളവക്ക് സൂക്ഷിക്കുവാനോ നിയന്ത്രിക്കുവാനോ പ്രയാസമുള്ള നജീസുകളും ഇതിൽ ഉൾപ്പെടുന്നു. ഒലിക്കുന്ന രക്തമില്ലാത്ത ചെള്ള്, കൊതുക്, പേൻ, മൂട്ട, പല്ലി, നരിച്ചീർ, ഭക്ഷണസാധനങ്ങളിലുണ്ടാകുന്ന പുഴു മുതലായ ചെറുജീവികളുടെ രക്തവും, അവയുടെ മലം മൂത്രം മുതലായവയും, ഈച്ചയുടെ കാലിൽ ഉണ്ടായിരിക്കുന്ന മലിനതയും, വെള്ളത്തിൽ ജീവിക്കുന്നവയുടേയും എലിയുടേയും മലവും പൊറുക്കപ്പെടുന്ന നജീസാകുന്നു. ചൊറി ചിരങ്ങ മുതലായവയിൽനിന്നും പുറപ്പെടുന്നരക്തം അവൻെറ പ്രവൃത്തികൊണ്ടുണ്ടായതല്ലെങ്കിൽ എത്ര അധികരിച്ചാലും വിട്ടുതലുണ്ട്. അതുപോലെതന്നെയാണ് മോണയിൽനിന്നു വരുന്ന രക്തവും പഴുപ്പും. അശുദ്ധവസ്തുക്കൾ ദഹിച്ചുണ്ടാകുന്ന പുകയും, വഴിയിൽനിന്നും കാററടിച്ചുവരുന്ന ചാണകപ്പൊടി മുതലായവയും, ശുദ്ധിക്കുവാൻ കഴിയാത്തതരത്തിൽ വഴിയിൽനിന്നും തെറിക്കുന്ന അശുദ്ധമായ വെള്ളവും പൊറുക്കപ്പെടുന്നവയിൽ ഉൾപ്പെടുന്നു.

പൊറുക്കപ്പെടുന്ന നജീസുകൾ കഴുകി ശുദ്ധിവരുത്തണമെന്നുദ്ദേശിച്ചാൽ മററു നജസുകളെ ശുദ്ധിയാക്കുന്നവിധത്തിൽ പ്രവർത്തിക്കേണ്ടതാണ്. ആ നിബന്ധനകൾ അനുസരിച്ചില്ലെങ്കിൽ അതു ശുദ്ധിയാകുകയില്ല.

ഉണങ്ങിയ നജസിനെ തൊടുന്നതുകൊണ്ടു യാതൊന്നും നജീസാകുകയില്ല. എന്നാൽ നജസോ തൊടുന്ന സാധനമോ ഏതെങ്കിലും ഒന്നു നനവുള്ളതായിരുന്നാൽ തൊടുന്ന സാധനവും നജീസായിത്തീരും. ഒലിക്കുന്ന രക്തമില്ലാത്ത ജീവികൾ പാത്രത്തിൽ വീണു മരണപ്പെടുന്നതുകൊണ്ടു് ആ പാത്രം അശുദ്ധമാകുന്നതല്ല. അശുദ്ധവസ്തുക്കൾ മുക്കിക്കഴുകുന്നതിനും കൈയിട്ടു വുസുചെയ്യുന്നതിനും "രണ്ടു ഖുല്ലത്തു" വെള്ളം ഉണ്ടായിരിക്കണം. രണ്ടു ഖുല്ലത്തില്ലാത്ത വെള്ളത്തിൽ അല്പം അശുദ്ധവസ്തു കലരുന്നതാ

യാലും ആ വെള്ളം അശുദ്ധമായി ഗണിക്കുന്നതാണ്. എന്നാൽ ആ വെള്ളത്തെ രണ്ടു ഖുല്ലത്തായി വർദ്ധിപ്പിക്കുകയും അതുകൊണ്ടു പകർച്ച നീങ്ങുകയും ചെയ്താൽ അതു ശുദ്ധമായിത്തീരുന്നു. രണ്ടു ഖുല്ലത്തിൽ കൂടുതലുള്ള വെള്ളത്തിൽ നജീസു ചേരുന്നതുകൊണ്ടു വെള്ളത്തിന്റെ ഗുണത്തേക്കാൾ നജീസിന്റെ ഗുണം വർദ്ധിച്ചുകണ്ടാൽ ആ വെള്ളം ശുദ്ധീകരണത്തിന് ഉപയോഗിക്കാൻ പാടില്ല. രണ്ടു ഖുല്ലത്തിൽ കുറഞ്ഞ വെള്ളമുള്ള ഒരു കിണററിൽ നജസു വീണാൽ ആ വെള്ളം കോരിക്കളയുന്നതുകൊണ്ടു ശുദ്ധമാകുന്നില്ല. പക്ഷേ, ഉറവുകൊണ്ടോ കൂടുതൽ വെള്ളമൊഴിക്കുന്നതുകൊണ്ടോ രണ്ടു ഖുല്ലത്ത് ആയാൽ ശുദ്ധമായിത്തീരും.

## രണ്ടു ഖുല്ലത്ത്

ചോ:—രണ്ടു ഖുല്ലത്ത് എന്നു പറയുന്ന അളവ് എപ്രകാരമാണ്?

ഉ:—വെള്ളം ഒരു പാത്രത്തിലോ അഥവാ കുഴിയിലോ ഒന്നേകാൽമുഴം നീളം, ഒന്നേകാൽമുഴം വീതി, ഒന്നേകാൽമുഴം താഴ്ചയിൽ കെട്ടിനില്പുണ്ടായിരുന്നാൽ അതു രണ്ടു ഖുല്ലത്താകും. ഈ അളവിൽ ഉദ്ദേശം 500 റാത്തൽ വെള്ളം ഉണ്ടായിരിക്കും. വൃത്തത്തിലാണെങ്കിൽ ഒരുമുഴം വീതിയിലും രണ്ടുമുഴം താഴ്ചയിലും വെള്ളമുണ്ടായിരിക്കണം.

ചോ:—വെള്ളം രണ്ടു ഖുല്ലത്തിൽ കുറവാണെങ്കിൽ അതുകൊണ്ട് നജസിനെ എങ്ങനെ ശുദ്ധീകരിക്കാം?

ഉ:—രണ്ടു ഖുല്ലത്തിൽ കുറവുള്ള വെള്ളത്തിൽ നജസുപുരണ്ട സാധനങ്ങളെ മുക്കിക്കഴുകുന്നതായാൽ ആ വെള്ളവും നജീസാകുന്നതല്ലാതെ അശുദ്ധി മാറുന്നതല്ല. അതുകൊണ്ട് അശുദ്ധമായ വസ്തുവിൽ വെള്ളം അല്പാല്പം ഒഴിച്ചുകഴുകി ശുദ്ധിവരുത്തണം. ഒരു വസ്ത്രത്തിന്റെ

അററത്ത് മലമോ മൂത്രമോ അല്പം പുരണ്ടു എന്നു വിചാരിക്കുക. ഒരു പാത്രത്തിൽ കുറെ വെള്ളമെടുത്ത് നജസ്സ് പുരണ്ട ഭാഗത്ത് ഒഴിച്ചുകഴുകി അതിനെ ശുദ്ധമാക്കുകയാണു വേണ്ടത്.

വെള്ളം ധാരാളം കിട്ടുന്ന സ്ഥലത്തായാലും അനാവശ്യമായി വെള്ളം ചെലവുചെയ്യുന്നത് കറാഹത്താകുന്നു. വെള്ളം അപൂർവ്വമായിമാത്രം ലഭിക്കുന്ന സ്ഥലത്ത് അനാവശ്യമായി ചെലവഴിക്കുന്നത് ഹറാമാകുന്നു. അല്പം വെള്ളമുള്ള പാത്രത്തിൽനിന്നു പുറത്തേക്ക് എടുക്കുകയാണെന്നുള്ള ഉദ്ദേശത്തിൽ കോരിയെടുത്തു വുസു ചെയ്യാവുന്നതാണ്.

## പാഠം 18

# ഇസ്തിഞ്ചാ (ശൌചം)

ചോ:—ഇസ്തിഞ്ചാ എന്നാൽ എന്ത്?

ഉത്തരം:—മലമൂത്രവിസർജ്ജനത്തിനുശേഷമുള്ള ശുദ്ധീകരണത്തിനാണ് ഇസ്തിഞ്ചായെന്നു പറയുന്നത്. ഇതു വെള്ളംകൊണ്ടും കല്ലു മുതലായവകൊണ്ടും നിർവ്വഹിക്കാം. പക്ഷേ ശുദ്ധീകരണത്തിനു ഉപയോഗിക്കുന്ന കല്ലു മുതലായവ നജീസിനെ വലിച്ചെടുക്കുന്നതും വൃത്തിയുള്ളതും ആയിരിക്കണം. ബഹുമാനിക്കപ്പെടേണ്ട വസ്തുക്കളോ, ആഹാരസാധനങ്ങളോ മലമൂത്രശുദ്ധീകരണത്തിനു ഉപയോഗിക്കരുത്.

ചോ:—മലമൂത്രവിസർജ്ജനത്തിനു ഉദ്ദേശിക്കുമ്പോൾ സ്ഥലത്തെപ്പററി എന്തെങ്കിലും ശ്രദ്ധിക്കാനുണ്ടോ?

ഉ:—കഴിയുന്നതും വല്ല ചുവരുകളുടെയോ മറേറാ മറവുള്ള സ്ഥലത്തു മാത്രമേ മലമൂത്രവിസർജ്ജനം നിർവ്വഹിക്കാവൂ. മൈതാനസ്ഥലത്താണെങ്കിൽ ജനങ്ങളുടെ നോട്ട

അതിൽനിന്നും അകലെ ആയിരിക്കണം. മലമൂത്രങ്ങൾ ശരിയായി ഒഴിഞ്ഞുപോകുന്നതിനും അതു് ശരീരത്തിൻെറ മററു ഭാഗങ്ങളിൽ പുരളാതെയിരിക്കുന്നതിനും സൗകര്യമായ ഒരു സ്ഥാനത്തു് ഇരുന്നുവേണം മലമൂത്രവിസർജ്ജനം ചെയ്യേണ്ടതു്.

## മലമൂത്രവിസർജ്ജനമര്യാദകൾ

ചോ:—മലമൂത്രവിസർജ്ജനം സംബന്ധിച്ചുള്ള മര്യാദകൾ എന്തെല്ലാം?

ഉ:—മലമൂത്രവിസർജ്ജനത്തിനു പോകുമ്പോൾ ചെരിപ്പിടുക, തല മറയ്ക്കുക, പരിശുദ്ധനാമങ്ങൾ എഴുതിയിട്ടുള്ളതായി എന്തെങ്കിലും ദേഹത്തുണ്ടെങ്കിൽ അതിനെ മാററുക എന്നിവ വേണ്ടതാകുന്നു. വിസർജ്ജനസ്ഥലത്തു പ്രവേശി

بِسْمِ اللّٰهِ اللّٰهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ

ക്കുമ്പോൾ "ബിസ്മില്ലാഹി അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ കുബുസി വൽ കബായിസു." (അല്ലാഹുവിൻെറ തിരുനാമത്തിൽ ഞാൻ പ്രവേശിക്കുന്നു. അല്ലാഹുവേ! തീർച്ചയായും ഞാൻ ആൺപിശാചുക്കളിൽനിന്നും പെൺപിശാചുക്കളിൽനിന്നും നിന്നോടു രക്ഷതേടുന്നു) എന്നു ചൊല്ലണം. പ്രവേശിക്കുമ്പോൾ ഇടതുകാൽ മുന്തിക്കുന്നതു്, ഇരിക്കുമ്പോൾ നിലത്തോടടുക്കുന്നതിനുമുമ്പു് വസ്ത്രത്തെ ഉയർത്താതിരിക്കുന്നതു്, എഴുന്നേല്ക്കുന്നതിനുമുമ്പു വസ്ത്രത്തെ താഴ്ത്തുന്നതു്, ഇരിക്കുമ്പോൾ ഇടതുകാലിനെ ആശ്രയിച്ചിരിക്കുന്നതു്, ഇരിപ്പു ദീർഘിപ്പിക്കാതിരിക്കുന്നതു്, പുറത്തു വരുമ്പോൾ വലതുകാൽ മുന്തിക്കുന്നതു്, പുറത്തുവന്നശേഷം

غُفْرَانَكَ الْحَمْدُ لِلَّهِ الَّذِي أَذْهَبَ عَنِّي الْأَذَى وَعَافَانِي

“ഗുഫ്റാനക അൽഹംദുലില്ലാഹില്ലദീ അദ്ഹബ അന്നിയൽഅദാ വ ആഫാനീ” (നിന്നോടു മാപ്പിനപേക്ഷിക്കുന്നു. എന്നിൽനിന്നു് എല്ലാ ബുദ്ധിമുട്ടുകളെയും പോക്കുകയും എന്നെ സുഖപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനാണു് സർവ്വസ്തുതിയും) എന്നു ചൊല്ലുന്നതു്, ഇവയെല്ലാം മലമൂത്ര വിസർജ്ജനം സംബന്ധിച്ചുള്ള മര്യാദകളാകുന്നു.

## ഇസ്തിഞ്ചാ ചെയ്യേണ്ട വിധം

ചോ:—ഇസ്തിഞ്ചാ ചെയ്യേണ്ടതു് എപ്രകാരമാണു്?

ഉ:—മലമൂത്രവിസർജ്ജനത്തിനു പോകുമ്പോൾ ശുദ്ധീകരണത്തിനു് ആവശ്യമായ കല്ലുകളോ കട്ടകളോകൂടി കൊണ്ടുപോകണം. മലമൂത്രങ്ങൾ ഒഴിഞ്ഞുപോയശേഷം ഇടതുകൈയിൽ ഒരു കല്ലെടുത്തു മലദ്വാരത്തിൽ നജസില്ലാത്ത ഭാഗത്തുവച്ചു് അവിടെനിന്നും നജാസത്തുള്ള ഭാഗത്തോളം ഇഴച്ചുകൊണ്ടുപോയി നജാസത്തിനെ തുടയ്ക്കണം. അപ്പോൾ നജാസത്തു മററു ഭാഗങ്ങളിലൊന്നും വ്യാപിക്കാതെ സൂക്ഷിക്കണം. കുറഞ്ഞതു് മൂന്നു കല്ലു് ഇതിനു് ഉപയോഗിക്കണം. ശുദ്ധിയായില്ലെന്നു തോന്നുന്നപക്ഷം കല്ലു് വീണ്ടും ഒററസംഖ്യയായി വർദ്ധിപ്പിച്ചുകൊള്ളാം.

മൂത്രശുദ്ധിവരുത്തുന്നതിനു് ഒരു വലിയ കല്ലു വലതുകൈയിൽ വച്ചുകൊണ്ടു വിസർജ്ജനാവയവത്തെഇടതുകൈകൊണ്ടു പിടിച്ചു് ആ കല്ലിൽ മൂന്നു സ്ഥാനത്തു് ഒപ്പണം. ഇടതുകൈകൊണ്ടു് അനക്കുകയും വേണം. ഇത്രയുംകൊണ്ടു ശുദ്ധിയാകുന്നപക്ഷം അതു മതിയാകുന്നതാണു്. കല്ലുകൊണ്ടു ശുദ്ധമാക്കിയശേഷം വെള്ളംകൊണ്ടും ശുദ്ധമാക്കുന്നതാണുത്തമം.

വെള്ളമുപയോഗിക്കുമ്പോൾ അതു് നജീസിൽ വീണു മേല്പോട്ടു തെറിക്കാതിരിക്കാൻവേണ്ടി വിസർജ്ജനസ്ഥലത്തു നിന്നും മാറിയിരിക്കണം. വലതുകൈകൊണ്ടു വെള്ളമൊഴിക്കുകയും ഇടത്തേ ഉള്ളങ്കൈകൊണ്ടു് നജാസത്തിൻെറ അംശം ഒട്ടും ഇല്ലെന്നു തീർച്ചപ്പെടുന്നതുവരെ തേയ്ക്കുകയും ചെയ്യണം. പുരുഷനാണെങ്കിൽ മൂത്രശുദ്ധിവരുത്തിയിട്ടു മാത്രമേ മലശുദ്ധിവരുത്താവൂ. സ്ത്രീകൾക്കു് രണ്ടും ചെയ്യാം. ശൌചം ചെയ്തുകഴിഞ്ഞാൽ കൈയിൽ വല്ല ദുർഗ്ഗന്ധവുമുണ്ടെങ്കിൽ മണ്ണിലോ മറേറാ തേച്ചു കൈയെ വൃത്തിയായി കഴുകണം. ശുദ്ധീകരിച്ചശേഷം

اَللّٰهُمَّ طَهِّرْ قَلْبِي مِنَ النِّفَاقِ وَحَصِّنْ فَرْجِي مِنَ الْفَوَاحِشِ

"അല്ലാഹുമ്മ തഹ്ഹിർ കൽബീ മിനന്നിഫാഖി വഹസ്സിൻഫർജീ മിനൽ ഫവാഹിശ്" എന്നു പറയണം.

## മലമൂത്രവിസർജ്ജനത്തിൽ ഹറാമായ സംഗതികൾ

ചോ:—മലമൂത്രവിസർജ്ജനത്തിൽ ശ്രദ്ധിക്കേണ്ടതായി മററുവല്ല സംഗതികളുമുണ്ടോ?

ഉ:—മലമൂത്രവിസർജ്ജനത്തിനു ഹറാമായിട്ടുള്ളതും കറാഹത്തു് ആയിട്ടുള്ളതും ആയ ചിലതുണ്ടു്. ഹറാമായതു പറയാം. മസ്ജിദ്, ഖബറു് എന്നീ സ്ഥാനങ്ങളിലും, ബഹുമാനപ്പെട്ട നാമങ്ങൾ എഴുതിയിട്ടുള്ളതിലും, അസ്ഥികൾ ആഹാരസാധനങ്ങൾ മുതലായവയിലും, ഖിബ്ലയ്ക്കു നേരിട്ടോ പിൻതിരിഞ്ഞോ യാതൊരു മറവും കൂടാതെയുള്ള പാഴ്ഭൂമിയിലും മലമൂത്രവിസർജ്ജനം ചെയ്യുന്നതു് ഹറാമാകുന്നു. എന്നാൽ ഒരു മുഴത്തിൻെറ മൂന്നിൽരണ്ടുഭാഗം ഉയരമുള്ള മറയോടു മൂന്നുമുഴം അടുത്താൽ മരുഭൂമിയിലും എട്ടു

പ്പുകളിലും മലമൂത്രവിസർജ്ജനം ചെയ്യുന്നതിന്ന വിരോധമില്ല. കക്കൂസ് മുതലായതിലാണെങ്കിൽ മറ ഉയരം കുറയുകയോ അകലം മൂന്നുമുഴത്തിൽ കൂടുകയോ ചെയ്താലും ഹറാമാകുന്നതല്ല.

## കറാഹത്തുകൾ

ചോ:—കറാഹത്തുകൾ എന്തെല്ലാം?

ഉ:—സൂര്യൻ, ചന്ദ്രൻ, ബയിത്തുൽ മുഖദ്ദസ് ഇവയ്ക്ക് അഭിമുഖമായും പിന്തിരിഞ്ഞും ഇരുന്ന മലമൂത്രവിസർജ്ജനം ചെയ്യുന്നത് കറാഹത്താകുന്നു. അതുപോലെതന്നെ കുറവായി ഒലിക്കുന്ന വെള്ളത്തിലും, കെട്ടിനില്ക്കുന്ന വെള്ളത്തിലും, ഖബറിൻെറ അരികിലും, പഴവർഗ്ഗങ്ങൾ ഉണ്ടാകുന്ന വൃക്ഷങ്ങളുടെ ചുവട്ടിലും, ഗതാഗതംചെയ്യുന്ന പാതയിലും, മനുഷ്യർ കൂടിയിരുന്നു വിശ്രമിക്കുന്ന സ്ഥലങ്ങളിലും, ഉറവുകളുടെ സമീപത്തും, കാററ് അധികമായി വീശുന്ന സ്ഥലങ്ങളിലും, ഉറച്ച മിനുസമായ സ്ഥലങ്ങളിലും, പൊത്തിലും, വുസുചെയ്യുന്ന സ്ഥലത്തും, കുളിക്കുന്ന സ്ഥലത്തും മലമൂത്രവിസർജ്ജനംചെയ്യുന്നത് കറാഹത്താകുന്നു.

പാഠം 19

# നിർബന്ധമായ കുളി

## കുളിയുടെ ഫർസുകൾ

ചോ:—കുളിയുടെ ഫർസുകൾ എന്തെല്ലാം?

ഉത്തരം:—(1) നീയ്യത്തു ചെയ്യുന്നത് (മനസ്സിൽ വിചാരിക്കുന്നത്) "ഈ വലിയ അശുദ്ധിയെ ഞാൻ നീക്കുന്നു" എന്നോ നമസ്കാരത്തെ ഹലാലാക്കുവാൻ (അതിൻെറ തടസ്സം നീക്കാൻ)വേണ്ടി ഞാൻ കുളിക്കുന്നു എന്നോ നീയ്യ

ത്തുചെയ്യണം. (2) ശരീരത്തിന്റെ എല്ലാ ഭാഗവും നനയത്തക്കവെ ധം വെള്ളമൊഴിച്ചു കഴുകുന്നതു്. ഇവയാണു് കുളിയുടെ ഫർസുകൾ.

കുളിയുടെ ശർത്തുകൾ

ചോ:—കുളിയുടെ ശർത്തുകൾ എന്തെല്ലാം?

ഉ:—(1) ശുദ്ധവെള്ളം ഉപയോഗിക്കുന്നതു്. (2) കഴുകപ്പെടുന്ന അംഗങ്ങളിൽ വെള്ളമൊലിപ്പിക്കുന്നതു്. (3) വെള്ളത്തിനു നിറഭേദമുണ്ടാക്കാവുന്ന കുങ്കുമം ചന്ദനം പോലെയുള്ള സാധനങ്ങൾ അംഗങ്ങളിൽ ഇല്ലാതിരിക്കുന്നതു്. (4) അംഗങ്ങളിൽ വെള്ളം ചേരുന്നതിനെ തടയുന്ന മെഴുകു്, പശ, ചുണ്ണാമ്പു്, കീലു്, നഖത്തിനിടയിലുള്ള അഴുക്കു തുടങ്ങിയുള്ള യാതൊരു മറവുകളും ഇല്ലാതിരിക്കുന്നതു്. ഇവയാകുന്നു കുളിയുടെ ശർത്തുകൾ.

കുളിയുടെ സുന്നത്തുകൾ

ചോ:—കുളിയുടെ സുന്നത്തുകൾ ഏതെല്ലാം?

ഉ:—ബിസ്മി ചൊല്ലുന്നതു്, മലിനവസ്തുക്കളെ നീക്കുന്നതു്, വായും മൂക്കിന്റെ ഉള്ളും വെള്ളംകൊണ്ടു ശുദ്ധമാക്കുന്നതു്, വുസുവുണ്ടാക്കുന്നതു്, ഒട്ടിച്ചുളിഞ്ഞ സ്ഥാനങ്ങളെ ശുദ്ധിച്ചു കഴുകുന്നതു്, ശരീരം തേച്ചുകഴുകുന്നതു്, ഇവയെല്ലാം മുമ്മൂന്നുപ്രാവശ്യം ചെയ്യുന്നതു്, ഖിബ്‌ലയ്ക്കു മുന്നിടുന്നതു്, കുളിയുടെ ഒടുവിൽ രണ്ടു ശഹാദത്തുചൊല്ലുന്നതു് ഇവ കുളിയുടെ സുന്നത്തുകളാകുന്നു.

ചോ:—കുളി നിർബ്ബന്ധമായവൎക്കു് ഹറാമായ സംഗതികൾ എന്തെല്ലാം?

ഉ:—(1) നമസ്കരിക്കുന്നതു്. (2) ഖുർആൻ ഓതുന്നതു്. (3) ഖുർആൻ ശരീഫിനെ തൊടുന്നതു്. (4) മസ്ജിദിൽ താമസിക്കുന്നതു്. (5) തവാഫ് ചെയ്യുന്നതു്.

ചോ:—കുളി സുന്നത്തായിത്തീരുന്ന അവസരങ്ങൾ ഏതെല്ലാം?

ഉ:—വെള്ളിയാഴ്ചദിവസം ഖുത്തുബായ്ക്കു മുൻപും, രണ്ടു പെരുനാൾദിവസവും, മഴയ്ക്കുവേണ്ടിയുള്ള നമസ്കാരത്തിനും, സൂര്യചന്ദ്രഗ്രഹണനമസ്കാരത്തിനും ആയി കുളിക്കുന്നതു സുന്നത്താകുന്നു. അതുപോലെതന്നെ മയ്യിത്തിനെ കുളിപ്പിച്ചതിനുവേണ്ടിയും, അമുസ്ലിം ഇസ്ലാമായതിനുവേണ്ടിയും, ഭ്രാന്തനോ സ്വബോധമില്ലാത്തവനോ ബോധമുണ്ടാകുന്ന അവസരത്തിലും കുളിക്കുന്നതു സുന്നത്താകുന്നു.

## കുളിയുടെ മര്യാദകൾ

ചോ:—കുളിയുടെ മര്യാദകൾ എന്തെല്ലാം?

ഉ:—ജനാബത്തുള്ളവർ കുളിക്കുമ്പോൾ ആദ്യമായി ഗുഹ്യസ്ഥാനത്തെ കഴുകി ശുദ്ധിവരുത്തണം. ശരീരത്തിലുള്ള അഴുക്കുകളെ കഴുകിയശേഷം വുസുവുണ്ടാക്കണം. 'വലിയ അശുദ്ധിയെ നീക്കുന്നു' എന്നോ മറേറാ നിയ്യത്തു ചെയ്യുന്നതോടുകൂടി ശരീരം മുഴുവനും വെള്ളമൊലിപ്പിക്കണം. ബിസ്മികൊണ്ടു് ആരംഭിക്കുകയും ഖിബ്‌ലയ്ക്കു് അഭിമുഖമായി നില്ക്കുകയും ചെയ്യണം. ശരീരത്തിൽ മൂന്നു പ്രാവശ്യം വെള്ളമൊലിപ്പിക്കുകയും തേച്ചുകഴുകുകയും ചെയ്യേണ്ടതാകുന്നു. മോതിരം ധരിച്ചവരും, കാതിൽ ആഭരണം ഉള്ളവരും പ്രത്യേകം ശ്രദ്ധിച്ചുകഴുകണം.

വലിയ അശുദ്ധിയുള്ളവർ കുളിച്ചു ശുദ്ധമാകുന്നതിനു മുമ്പായി മുടി, നഖം, രക്തം എന്നിവ ശരീരത്തിൽനിന്നും വേർപെടുത്താൻപാടില്ല. അപ്രകാരം ചെയ്താൽ അതു ഖിയാമത്തിൽ അശുദ്ധമായി മടക്കപ്പെടുന്നതാണു്.

കുളിപ്പുരയിലോ അതുപോലെ മറവുള്ള സ്ഥാനങ്ങളിലോ നഗ്നമായി നിന്നു കുളിക്കുന്നതിനു വിരോധമില്ല. പക്ഷെ, നഗ്നത മറയ്ക്കുന്നതു് ഏററവും നല്ലതാകുന്നു.

പരസ്യമായ സ്ഥലത്തുനിന്നു കുളിക്കുമ്പോൾ നഗ്നത മറയ്ക്കേണ്ടതു നിർബന്ധമാകുന്നു. നിർബന്ധമായ കുളിയ്ക്കു പല കാരണങ്ങൾ ഉണ്ടായാലും ഒരു നീയ്യത്തും ഒരു കുളിയും മതിയാകും. അതുപോലെതന്നെ സുന്നത്തുകുളിക്കു പല കാരണങ്ങൾ ഉണ്ടായാൽ അതിനും മേൽപ്രകാരം മതിയാകുന്നതാണ്. വെള്ളം കോരിക്കുളിക്കുന്നവർ ദേഹത്തുവീണ വെള്ളം തിരിയെ പാത്രത്തിൽ വീഴാതെ സൂക്ഷിക്കണം.

## പാഠം 20

# വുസു (അംഗസ്നാനം)

ചോ:—വുസു എന്നാൽ എന്ത്?

ഉ:—നമസ്കരിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ചില പ്രത്യേക അവയവങ്ങളെ കഴുകുന്നതിന് 'വുസു' എന്നു പറയുന്നു. വുസുകൂടാതെ നമസ്കരിച്ചാൽ നമസ്കാരം സ്വീകാര്യമാകുന്നതല്ല.

### വുസുവിന്റെ ഫർസുകൾ

ചോ:—വുസുവിന്റെ ഫർസുകൾ ഏതെല്ലാം?

ഉ:—(1) നീയ്യത്തുചെയ്യുന്നതു്. "നമസ്കരിക്കുവാൻ വേണ്ടി ഞാൻ ഈ ചെറിയ അശുദ്ധിയെ നീക്കുന്നു" എന്നോ, "നമസ്കാരത്തെ ഹലാലാക്കുന്നു" എന്നോ ആയിരിക്കണം. (2) മുഖം കഴുകുന്നതു നീയ്യത്തോടുകൂടി ആയിരിക്കുന്നതു്. (3) രണ്ടു കൈയും മുട്ടുകൾപ്പെടെ കഴുകുന്നതു്. (4) തലയിൽ വെള്ളംകൊണ്ടു തടവുന്നതു്. (5) രണ്ടുകാലും കരണ്ടയുൾപ്പെടെ കഴുകുന്നതു്. (6) മേൽപ്പറഞ്ഞവ യഥാക്രമം ചെയ്യുന്നതു്. ഇവയാകുന്നു വുസുവിന്റെ ഫർസുകൾ.

## വുസുവിൻെറ ശത്രുകൾ

ചോ:—വുസുവിൻെറ ശത്രുകൾ ഏതെല്ലാം?

ഉ:—കുളിയുടെ നാലു ശത്രുകൾ മുമ്പു പറഞ്ഞിട്ടുണ്ട്. അവ വുസുവിൻെറയും ശത്രുകളാണ്. അവകൂടാതെ വുസുവിന്ന ഭംഗം നേരിടുന്ന നിത്യസുഖക്കേടു (മൂത്രമൊഴുക്ക്, രക്തസ്രാവം) കാക്ക് 'നമസ്കാരത്തിൻെറ സമയമാകുന്നത്" എന്നൊരു ശത്രുകൂടിയുണ്ട്. അവർ നമസ്കാരസമയമായ ശേഷമാണ വുസു ചെയ്യേണ്ടതു്. അതിൽ നമസ്കാരത്തെ ഹലാലാക്കുവാൻവേണ്ടി വുസു ചെയ്യുന്നു എന്നുതന്നെ നിയ്യത്തുചെയ്യണം.

വുസുവിൻെറ നിയ്യത്തോടുകൂടി ഒരുവൻ വെള്ളത്തിൽ മുങ്ങിയാൽ അവന്നു വുസു കിട്ടുന്നതാണ്. മൂന്നുപ്രാവശ്യം മുങ്ങുന്നതു സുന്നത്താകുന്നു.

## വുസുവിൻെറ സുന്നത്തുകൾ

ചോ:—വുസുവിൻെറ സുന്നത്തുകൾ ഏതെല്ലാം?

ഉ:—വുസുവിൻെറ ആരംഭത്തിൽ ബിസ്മി ചൊല്ലുന്നതു്, മിസുവാക്കു ചെയ്യുന്നതു്, രണ്ടു കൈയും മണിക്കെട്ടുവരെ കഴുകുന്നതു്, വായിൽ വെള്ളംകൊണ്ടു തുപ്പുന്നതു്, മൂക്കിൽ വെള്ളം ചെലുത്തുന്നതു്, തല മുഴുവനും വെള്ളം കൊണ്ടു തടവുന്നതു്, കാതിൻെറ അകവും പുറവും വെള്ളം കൊണ്ടു തടവുന്നതു്. തിങ്ങിയ താടിയെ ചിക്കരുത്തു കഴുകുന്നതു്, വിരലുകളെ കോത്തുകഴുകുന്നതു്, വുസുവിൻെറ അംഗങ്ങളിൽ വലതുവശത്തുള്ളതിനെ ആദ്യം കഴുകുന്നതു്, ഓരോ അംഗങ്ങളേയും മൂന്നുപ്രാവശ്യംവീതം കഴുകുന്നതു്.

## വുസു മുറിയുന്ന സംഗതികൾ

ചോ:—വുസു മുറിയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ഉ:—(1) മലമൂത്രദ്വാരങ്ങളിൽക്കൂടി എന്തെങ്കിലും (വായുവായാലും മതി) പുറമേ പോകുന്നതു്. (2) ഉറക്കം മുതലായതുകൊണ്ടു ബോധമില്ലാതാകുന്നതു്. (3) ഗുഹ്യസ്ഥാനവും മലദ്വാരവും അകംകൈകൊണ്ടു തൊടുന്നതു്. (4) അന്യസ്ത്രീപുരുഷന്മാരുടെ തൊലി തമ്മിൽ സ്പർശിക്കുന്നതു്.

ചോ:—അന്യസ്ത്രീകൾ ഏതാണു്?

ഉ:—രക്തബന്ധംകൊണ്ടോ, മുലകുടിബന്ധംകൊണ്ടോ, വിവാഹബന്ധംകൊണ്ടോ നമുക്കു വിവാഹം വിരോധിക്കപ്പെടാത്തവർ അന്യസ്ത്രീകളാകുന്നു.

ഒരുവനു വിവാഹം വിരോധിക്കപ്പെട്ടിട്ടുള്ള സ്ത്രീകൾ അമ്മ, അമ്മയുടെ സഹോദരിമാർ, സഹോദരി, അതിൽ നിന്നുള്ള പിരിവു്, പിതാവിൻെറ അമ്മ, അമ്മൂമ്മ, ഭാര്യയുടെ അമ്മ, പിതാവിൻെറ സഹോദരി, സഹോദരൻെറ പെൺമക്കൾ, ഭാര്യയുടെ പെൺമക്കൾ, പിതാവിൻെറ ഭാര്യ, മകൻെറ ഭാര്യ, മുലകുടിബന്ധത്തിൽപ്പെട്ട സ്ത്രീകൾ എന്നിവരാകുന്നു. ഇതിൽ ഉൾപ്പെടാത്തവരെല്ലാം അന്യസ്ത്രീകളാകുന്നു. സ്ത്രീകൾക്കു പുരുഷന്മാരെ സംബന്ധിച്ചും മേൽപ്രകാരംതന്നെ.

## വുസുവിൻെറ കറാഹത്തുകൾ

ചോ:—വുസുവിൻെറ കറാഹത്തുകൾ എന്തെല്ലാം?

ഉ:—വെള്ളം അമിതമായി ചെലവുചെയ്യുന്നതു്, വുസുവിൻെറ അംഗങ്ങളെ മൂന്നുപ്രാവശ്യത്തിൽ കൂടുതലായും കുറവായും കഴുകുന്നതു്, വുസു ചെയ്യുമ്പോൾ സംസാരിക്കുന്നതു്, മുഖം കഴുകുമ്പോൾ വെള്ളം മുഖത്തടിക്കുന്നതു്, കൈയ് കുടയുന്നതു്, വുസുവിൻെറ അംഗങ്ങളെ തുടയ്ക്കുന്നതു് ഇവ വുസുവിൻെറ കറാഹത്തുകളാകുന്നു.

എന്നാൽ തണുപ്പു് അധികമായിരുന്നാൽ മൂന്നുപ്രാവശ്യത്തിൽ കുറവായി കഴുകുന്നതും പൊടി പുരളാതി

രിക്കാൻവേണ്ടി വുസുവിൻെറ അംഗങ്ങളെ തുടയ്ക്കുന്നതും കറാഹത്തല്ല.

## വുസുവില്ലാത്തവക്ക ഹറാമായ സംഗതികൾ

ചോ:—വുസുവില്ലാത്തവക്ക ഹറാമായ സംഗതികൾ ഏതെല്ലാം?

ഉ:—നമസ്കരിക്കുന്നതു്, കഅ്ബം തവാഫുചെയ്യുന്നതു്, ഖുർആൻശരീഫിനെ തൊടുന്നതു്, അതിനെ വഹിക്കുന്നതു് എന്നീ സംഗതികൾ വുസുവില്ലാത്തവക്ക് ഹറാമാകുന്നു.

## വുസുചെയ്യേണ്ട ക്രമം

ചോ:—വുസു ചെയ്യേണ്ടതു് എങ്ങനെ?

ഉ:—വുസു ചെയ്യേണ്ടതു താഴെ പറയുംപ്രകാരമാണ്.

ഒരു പാത്രത്തിൽ കുറെ ശുദ്ധജലം എടുത്തു വെള്ളം തെറിക്കാത്തതരത്തിൽ അല്പം ഉയരമുള്ള സ്ഥലത്തു ഖിബ്'ലയ്ക്ക് അഭിമുഖമായിരുന്നു് പാത്രത്തെ ഇടതുവശം വയ്ക്കണം. ബിസ്മി ഉച്ചരിച്ചുകൊണ്ടു് വുസുചെയ്യാൻ തുടങ്ങണം. രണ്ടുകൈയും മണികെട്ടുവരെ മൂന്നുപ്രാവശ്യം കഴുകിയശേഷം ബ്രഷുപോലെയുള്ള ഏതെങ്കിലും ഉപകരണംകൊണ്ടു് പല്ലുതേച്ചു ശുദ്ധിവരുത്തണം. ആദ്യം വലതുഭാഗവും പിന്നീടു് ഇടതുഭാഗവും തേയ്ക്കണം. പല്ലിൻെറ അകവശവും ഇപ്രകാരം തേച്ചു് ശുദ്ധിയാക്കേണ്ടതാകുന്നു. തുടന്നു് നാക്കിലും അണ്ണാക്കിലും തേച്ചു ശുദ്ധിയാക്കണം. "മിസ്'വാക്ക ചെയ്തിട്ടു നിർവ്വഹിക്കുന്ന നമസ്കാരം, മിസ്'വാക്കചെയ്യാതെ അനുഷ്ഠിക്കുന്ന എഴുപതു നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്" എന്നു് ഹദീസ് ഉണ്ടു്. 'മിസ്'വാക്ക' ചെയ്തശേഷം വായ് കൊപ്പിളിക്കുന്നതോടുകൂടി മൂക്കിൻെറ ഉള്ളിൽ വെള്ളം പ്രവേശിപ്പിച്ചും ശുദ്ധമാക്കണം. ഇതു മൂന്നുപ്രാവശ്യം ചെയ്യണം. "നമസ്കരിക്കുന്നതി

നായി ചെറിയ അശുദ്ധിയെ ഞാൻ നീക്കുന്നു" എന്നു മനസ്സിൽ വിചാരിച്ചുകൊണ്ടു് നെററിയുടെ മേൽഭാഗം മുതൽ താടിയുടെ കീഴ്ഭാഗംവരെയും ഒരു കാതുമുതൽ മറേറ കാതുവരെയും മൂന്നുപ്രാവശ്യം കഴുകണം. (മുഖത്തിൻെറ കുറച്ചുഭാഗം കഴുകുന്നതുവരെ നീയ്യത്തുണ്ടായിരിക്കേണ്ടതു് നിർബ്ബന്ധമാകുന്നു.) മുഖത്തുള്ള രോമങ്ങളുടെയെല്ലാം അടിഭാഗത്തു വെള്ളം ചെല്ലണം. എന്നാൽ താടിരോമം അധികവും, തിങ്ങിയതും ആയിരുന്നാൽ അതിൻെറ പുറം നനച്ചാൽ മതിയാകും. വിരലുകൾ താടിരോമങ്ങളുടെ ഇടയ്ക്കു കടത്തി വകരണം. കൺകുഴികളിൽനിന്നു സുർമയുടെ അംശങ്ങൾ മുതലായ അഴുക്കുകൾ പോകത്തക്കവണ്ണം വിരലുകൊണ്ടു് ആ ഭാഗങ്ങളെ വൃത്തിയാക്കണം. പിന്നീട്ട് കൈകളെ, ആദ്യം വലതുകൈയും പിന്നീട് ഇടതുകൈയും മുട്ടിൻെറ മുകൾഭാഗംവരെ കഴുകണം. വിരലിൽ മോതിരം ഇട്ടിട്ടുണ്ടെങ്കിൽ ആ സ്ഥാനം നനയത്തക്കവിധം അതിനെ ഇളക്കിക്കഴുകേണ്ടതാകുന്നു. അനന്തരം തലയുടെ മുഴുവൻഭാഗവും വെള്ളംകൊണ്ടു തടവണം. പിന്നീടു രണ്ടു ചെവികളിലും വെള്ളംകൊണ്ടു തടവണം. അതായതു് ചെറുവിരലിൻെറ അററം ചെവിയുടെ ദ്വാരത്തിൽ കടത്തി തള്ളവിരലിനെ ചെവിയുടെ പുറമേക്കൂടി ചുററിക്കണം. പിന്നീട്ട് കാലുകളിൽ, ആദ്യം വലതുകാലും അനന്തരം ഇടതുകാലും കരണ്ടയുടെ മേൽഭാഗംവരെ കഴുകണം. വലതുകാലിൻെറ പാദം കാൽത്തണ്ടിൻെറ പകുതിവരെ മൂന്നു പ്രാവശ്യം കഴുകേണ്ടതാണു്. ഇടതുകൈയുടെ ചെറുവിരൽ കൊണ്ടു് കാലിൻെറ വിരലുകളുടെ ഇടകൾ അടിഭാഗത്തുനിന്നു വകരണം. അതു വലതുകാലിൻെറ ചെറുവിരലിൽ നിന്നു് ആരംഭിച്ചു് ഇടതുകാലിൻെറ ചെറുവിരലിൽ അവസാനിപ്പിക്കണം. അപ്പോൾ വുദു പൂർത്തിയായി. അനന്തരം ഖിബ്ലയ്ക്കു് അഭിമുഖമായി നിന്നു് രണ്ടുകൈയും കണ്ണും ആകാശത്തേക്കു് ഉയർത്തി താഴെപ്പറയുന്ന 'ദുആ' ഓതണം.

## വുസൂവിന്റെ ദുആ

أَشْهَدُ أَنْ لَا إِلَٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ
أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ اللّٰهُمَّ اجْعَلْنِي مِنَ
التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ وَاجْعَلْنِي مِنْ
عِبَادِكَ الصَّالِحِينَ سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ
أَشْهَدُ أَنْ لَا إِلَٰهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക്കലഹു വ അശ്ഹദു അന്നമുഹമ്മദൻ അബ്ദുഹു വറസൂലുഹു. അല്ലാഹുമ്മജ്അൽനീ മിനത്തവ്വാബീന വജ്അൽനീ മിനൽമുതതഹ്ഹിരീന വജ്അൽനീ മിൻ ഇബാദിക്കസ്സാലിഹീൻ. സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക അശ്ഹദു അല്ലാഇലാഹ ഇല്ലാഅൻത. അസ്തഗ്ഫിറുക വ അതൂബു ഇലൈക്.

(അല്ലാഹു അല്ലാതെ മററു യാതൊരു ആരാധ്യനുമില്ലെന്നും, അവൻ ഏകനാണെന്നും, അവന്നു സമന്മാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദുനബി (സ) അല്ലാഹുവിന്റെ ദാസനും, പ്രവാചകനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. രക്ഷിതാവേ! എന്നെ നീ അധികം പശ്ചാത്തപിച്ചു മടങ്ങിയവരിലും പരിശുദ്ധന്മാരിലും ഉൾപ്പെടുത്തേണമേ! സന്മാർഗ്ഗികളായ നിന്റെ ദാസന്മാരോടു ചേർക്കേണമേ! നിന്നെ ഞാൻ സ്തോത്രംചെയ്യുന്നു. അല്ലാഹുവേ! നിന്നെ സ്തുതിക്കുന്നതോടുകൂടി നീ പരിശുദ്ധനാണെന്നു ഞാൻ സമ്മതിച്ചു പറയുന്നു. നീയല്ലാതെ ആരാധനയ്ക്കു് അർഹൻ വേറെ ഇല്ലെന്നു ഞാൻ സാക്ഷ്യംവഹി

കുന്നു. ഞാൻ നിന്നോടു മാപ്പിന്നപേക്ഷിക്കുകയും നിന്നിലേയ്ക്കു ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു.)

## പാഠം 21

# തയമ്മും

ചോ:—തയമ്മും എന്നാൽ എന്ത്?

ഉത്തരം:—വെള്ളം അശേഷം കിട്ടാതിരിക്കുക, തനിക്കോ, കൂട്ടുകാർക്കോ കുടിക്കാനുള്ളതിൽ കൂടുതൽ വെള്ളം ഇല്ലാതിരിക്കുക, വെള്ളം അന്വേഷിച്ചുപോകുന്ന വഴിയിൽ ഭയപ്പെടേണ്ട ദുഷ്ടമൃഗങ്ങളോ ശത്രുക്കളോ ഉണ്ടായിരിക്കുക, വെള്ളം അമിതമായ വിലകൊടുത്തു വാങ്ങേണ്ടിവരിക, വെള്ളം പെരുമാറിയാൽ രോഗമോ ദേഹത്തുള്ള മുറിവോ ഭേദമാകുന്നതിനു താമസവും തന്നിമിത്തം അവയവങ്ങൾക്ക് ഹാനിയോ ആപത്തോ നേരിടുമെന്നുള്ള ഭയവും ഉണ്ടായിരിക്കുക എന്നീ സന്ദർഭങ്ങളിലെല്ലാം വെള്ളം ഉപയോഗിക്കുന്നതിനുപകരം നമസ്കാരത്തിനു സമയമാകുന്നതുവരെ നോക്കിയിരുന്നു സമയമാകുമ്പോൾ ശുദ്ധമായ മണ്ണുകൊണ്ടു വുസുവിന്റെ രണ്ട് അംഗങ്ങളെ, അതായതു കൈയും മുഖവും തടവുന്നതിനാണ് തയമ്മും എന്നു പറയുന്നത്.

ചോ:—തയമ്മും ചെയ്യേണ്ട വിധമെങ്ങനെ?

ഉ:—വുസു ചെയ്യാൻ ഇരിക്കുന്നതുപോലെ ഇരുന്നു ശുദ്ധമായ പൊടിമണ്ണിൽ കൈവിരലുകൾ ഒന്നോടൊന്നു ചേർത്ത് രണ്ടു കൈയുടെയും അകവശംകൊണ്ട് പൊടിപറക്കാത്ത വിധത്തിൽ മണ്ണടിച്ചെടുക്കണം. അപ്രകാരം മണ്ണടിച്ചെടുക്കാൻ തുടങ്ങുമ്പോൾ, "ഫർസുനമസ്കാരം ഹലാലാകുവാൻവേണ്ടി ഞാൻ തയമ്മും ചെയ്യുന്നു" എന്നു നീയ്യത്തു ചെയ്യണം. മണ്ണിൽ കൈ അടിച്ചെടുക്കുന്നതു മുതൽ മുഖത്തിൽ അല്പം തടവുന്നതുവരെയും നീയ്യത്തുണ്ടായിരിക്കണം.

ഫർസ്വനമസ്കാരമാണെങ്കിൽ "ഫർസ്വനമസ്കാരത്തെ ഹലാലാക്കുന്നതിനുവേണ്ടി തയമ്മുംചെയ്യുന്നു" എന്ന് പ്രത്യേകം നീയ്യത്തുചെയ്യണം. മണ്ണിൽ അടിച്ചശേഷം കൈകൊണ്ട് നെററിയുടെ മേൽഭാഗംമുതൽ താടിയുടെ കീഴ്ഭാഗംവരെ തടവണം. പിന്നീട് കൈയിലുള്ള മണ്ണു തയമ്മുമിനുള്ള മണ്ണിൽ വീഴാതെ തട്ടിക്കളയണം. വിരലിൽ മോതിരം ഉണ്ടെങ്കിൽ അതിനെ മാററിയശേഷം കൈ തടവാൻ വേണ്ടി വീണ്ടും കൈകൾ മണ്ണിൽ അടിക്കണം. അപ്പോൾ വിരലുകൾ അകന്നിരിക്കണം. ഇടത്തുകൈവിരലുകളുടെ അകം വലത്തുകൈവിരലുകളുടെ പുറത്തുവച്ചു മുഴംകൈയ്യുടെ പിൻഭാഗത്തുകൂടി മുട്ടുംപ്പെടുത്തി തടവി അവിടെനിന്നും ഇടത്തുകൈത്തലം വലത്തുകൈയുടെ അകവശത്താക്കി മണിക്കെട്ടുവരെ തടവി ഇടത്തുകൈയുടെ തള്ളവിരലിൻെറ അകംകൊണ്ട് വലത്തുകൈയുടെ തള്ളവിരലിൻെറ പുറത്തു തടവി അവസാനിപ്പിക്കണം. പിന്നീട് ഇപ്രകാരം വലത്തുകൈകൊണ്ട് ഇടത്തുകൈയും തടവണം. അതിനുശേഷം രണ്ടു മുൻകൈകളുടെയും അകങ്ങൾ തമ്മിൽ ചേർത്ത് തടവണം. അനന്തരം വിരലുകൾ തമ്മിൽ ചേർത്ത് ഉരുമ്മണം.

വുസുകൊണ്ടും, ജനാബത്തിൽനിന്നുള്ള കുളികൊണ്ടും ഹലാലാകുന്നതെല്ലാം തയമ്മുംകൊണ്ടും ഹലാലാകും. ഒരു തയമ്മുംകൊണ്ട് ഒരു ഫർസ്വനമസ്കാരം മാത്രമേ നടത്താവൂ. സുന്നത്ത് എത്രവേണമെങ്കിലും നമസ്കരിക്കാം.

പാഠം 22

## ഔറത്തിനെ മറയ്ക്കുന്നത്

ചോ:—ഔറത്തിനെ മറയ്ക്കുകയെന്നാൽ എന്ത്?

ഉത്തരം:—ശരീരത്തിൽ അന്യർ കാണുന്നതിൽ ലജ്ജ തോന്നുന്ന ഗുഹ്യസ്ഥാനങ്ങളെ ജനങ്ങളുടെ ദൃഷ്ടികളിൽ നിന്നും മറയ്ക്കുക എന്നാണ് ഇതിൻെറ അർത്ഥം.

ചോ:—മറയ്ക്കേണ്ടതു് ഏതെല്ലാം ഭാഗങ്ങളാണു്?

ഉ:—പുരുഷന്റ് പൊക്കിൾ കാൽമുട്ട് ഇവയുടെ ഇടയും, അടിമയല്ലാത്ത സ്ത്രീക്ക മുഖവും മുൻകൈയും ഒഴികെയുള്ള ഭാഗങ്ങളുമാകുന്നു.

ചോ:—ഏതുവിധത്തിലുള്ള വസ്ത്രംകൊണ്ടാണു് ഔറത്തിനെ മറയ്ക്കേണ്ടതു്?

ഉ:—നോട്ടത്തിൽ തൊലിയുടെ നിറം ഇന്നതെന്നു് അറിയപ്പെടാത്ത വസ്ത്രമാണു് ധരിക്കേണ്ടതു്. നമസ്കരിക്കുന്നവൻ അവന്റെ വസ്ത്രങ്ങളിൽ ഏററവും നല്ലതു ധരിക്കുന്നതും, ഉട്ടപ്പിടുന്നതും, തലപ്പാവുകെട്ടുന്നതും സുന്നത്താകുന്നു. സ്ത്രീകൾക്ക ശരീരം മുഴവനും മറയുന്ന കുപ്പായവും മുഖമക്കനെയും വേണ്ടതാകുന്നു. നമസ്കരിക്കുമ്പോൾ സ്ത്രീയുടെ കാലിന്റെ വെള്ളക്കുടിയും മറഞ്ഞതരിക്കേണ്ടതാണു്.

പാഠം 23

# നമസ്കാരസമയങ്ങൾ

ചോ:—രാത്രിയിലും പകലിലുമായി എത്ര പ്രാവശ്യം നമസ്കരിക്കണം?

ഉത്തരം—രാത്രിയിലും പകലിലുമായി ഒരു ദിവസം ക്ലിപ്തമായ അഞ്ചു സമയങ്ങളിൽ നമസ്കരിക്കേണ്ടതു് പ്രായപൂർത്തിയും സ്വബുദ്ധിയുമുള്ള ഓരോ മുസ്ലിംപുരുഷനും സ്ത്രീക്കും 'ഫർസു അയിനാ'കുന്നു.

ചോ:—അഞ്ചുനേരത്തെ നമസ്കാരങ്ങൾ ഏതെല്ലാം?

ഉ:—(1) സലാത്തു സുബ്ഹി. കിഴക്കു് വെള്ളവീശിയതുമുതൽ സൂര്യോദയംവരെയാണു് ഇതിനുള്ള സമയം. (2) സലാത്തു സുഹർ. സൂര്യൻ ആകാശമദ്ധ്യേനിന്നും നീങ്ങിയതുമുതൽ ഒരു വസ്തുവിന്റെ നിഴൽ അതിനു മദ്ധ്യാ

ഹ്നത്തിലുണ്ടായിരിക്കാവുന്നതു കഴിച്ചു ബാക്കി ആ വസ്തുവിനോളം ആകുന്നതുവരെ. (3) സലാത്തുൽ അസർ. ഒരു വസ്തുവിൻെറ നിഴൽ അതിനോളം ആയതുമുതൽ സൂൎയ്യൻ അസ്തമിക്കുന്നതുവരെ. (4) സലാത്തുൽ മഗ്‌രിബ്ബ്. സൂൎയ്യൻ അസ്തമിച്ചതുമുതൽ ആകാശത്തിലെ ചുവപ്പുനിറം മായുന്നതുവരെ. (മഗ്‌രിബ്ബുനമസ്കാരത്തിൻെറ സമയം വളരെ ചുരുങ്ങിയതാകകൊണ്ടു കഴിയുന്നതും വേഗത്തിൽ ചെയ്യേണ്ടതാണ്.) (5) സലാത്തുൽ ഇശാ. ആകാശത്തിൽ അസ്തമനശോഭ നീങ്ങിയതുമുതൽ ഉണ്മപ്രഭാതംവരെ.

ചോ:—ഈ അഞ്ചുസമയങ്ങളിലും ഫർസ് എത്ര റക്കഅത്തുവീതം നമസ്കരിക്കണം?

ഉ:—സലാത്തു സുബ്ഹി (പ്രഭാതനമസ്കാരം) രണ്ടു റക്കഅത്തു ഫർസ്. (2) സലാത്തു സുഹർ (മദ്ധ്യാഹ്നനമസ്കാരം) നാലു റക്കഅത്തു ഫർസ്. (3) സലാത്തുൽ അസർ (അപരാഹ്നനമസ്കാരം) നാലു റക്കഅത്തു ഫർസ്. (4) സലാത്തുൽ മഗ്‌രിബ്ബ് (സന്ധ്യാനമസ്കാരം) മൂന്നു റക്കഅത്തു ഫർസ്. (5) സലാത്തുൽ ഇശാ (നിശാനമസ്കാരം) നാലു റക്കഅത്തു ഫർസ്.

ചോ:—അഞ്ചുനേരത്തെ സുന്നത്തുനമസ്കാരങ്ങൾ ഏതെല്ലാം?

ഉ:—സുബ്ഹിനമസ്കാരത്തിനു മുമ്പ് രണ്ടു റക്കഅത്ത്, സുഹർനമസ്കാരത്തിനുമുമ്പ് രണ്ടു റക്കഅത്ത്, പിൻപു രണ്ടു റക്കഅത്ത്, മഗ്‌രിബിനും ഇശായ്ക്കും ശേഷം രണ്ടു റക്കഅത്തുവീതം ഇങ്ങനെയാകുന്നു.

ഇശാനമസ്കാരത്തിൻെറ സുന്നത്തിനുശേഷം മൂന്നു റക്കഅത്ത് വിത്ത്ർ വളരെ പ്രാധാന്യമുള്ളതാണ്. വിത്ത്ർ ആദ്യം രണ്ടു റക്കഅത്തും പിന്നീട് ഒരു റക്കഅത്തും പ്രത്യേകം നമസ്കരിക്കണം.

പാഠം 24

## ഖിബ്'ലയ്ക്ക്' അഭിമുഖമായി നിൽക്കുന്നതു്

ചോ:—ഖിബ്'ലയെന്നാൽ എന്താണു്?

ഉത്തരം:—മക്കാപട്ടണത്തിൽ സ്ഥിതിചെയ്യുന്ന വിശുദ്ധ കഅ്ബത്തിനെയാണു ഖിബ്'ലയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്.

ചോ:—ഖിബ്'ലയെ അഭിമുഖീകരിക്കുന്നതു് എങ്ങനെ?

ഉ:—നമ്മുടെ രാജ്യത്തുനിന്നും നോക്കുമ്പോൾ മക്കാപട്ടണം പടിഞ്ഞാറുഭാഗത്തു് അല്പം വടക്കുമാറി സ്ഥിതിചെയ്യുന്നു. അതിനു അഭിമുഖമായി നിന്നുവേണം നാം നമസ്കരിക്കേണ്ടതു്. എന്നാൽ ദൂരസ്ഥന്മാർക്കു ഖിബ്'ലയാണെന്നുള്ള വിശ്വാസം മതിയാകും. അതു, വിശ്വാസയോഗ്യമായ മിഹ്റാബുകൊണ്ടും, അതിനെക്കുറിച്ചു് അറിവുള്ളവർക്കു് ഇജ്ത്തിഹാദു (ലക്ഷ്യങ്ങളെക്കൊണ്ടു സ്ഥിരീകരിക്കുക) കൊണ്ടും, അല്ലാത്തവർക്കു് അറിവുള്ളവരുടെ വാക്കു സ്വീകരിക്കുന്നതുകൊണ്ടും മതിയാകുന്നതാണു്. സമീപസ്ഥന്മാർക്കു ഖിബ്'ലയുടെ നേരെയാണെന്നുള്ള പൂർണ്ണവിശ്വാസം വേണ്ടതാകുന്നു.

ചോ:—ഖിബ്'ലയ്ക്കു് അഭിമുഖമായി നില്ക്കുകയെന്നതിൻെറ അർത്ഥമെന്താണു്?

ഉ:—ഖിബ്'ലയ്ക്കു് അഭിമുഖമായി നില്ക്കുകയെന്നതിൽ ബാഹ്യമായും ആന്തരമായും രണ്ടർത്ഥമുണ്ടു്.

ചോ:—ബാഹ്യാർത്ഥമെന്താണു്?

ഉ:—നമ്മുടെ മുഖത്തെ മററു ദിക്കുകളിൽനിന്നും തിരിച്ചു് ഏകദിക്കിലേയ്ക്കു് (കഅ്ബാലയം) അഭിമുഖീകരിപ്പിക്കുക എന്നതാണു് അതിൻെറ ബാഹ്യാർത്ഥം.

ചോ:—ആന്തരമായ അൎത്ഥമെന്തു്?

ഉ:—നമ്മുടെ ഹൃദയത്തെ ഇരുലോകത്തുമുള്ള സകല വസ്തുക്കളിൽനിന്നും വേർതിരിച്ചു് അല്ലാഹുവിങ്കലേയ്ക്കു് ഏകാഗ്രമാക്കുക എന്നുള്ളതാണു് ആന്തരമായ അൎത്ഥം.

ചോ:—എല്ലാ നമസ്കാരവും ഖിബ്‌ലയെ അഭിമുഖീകരിച്ചുതന്നെയാണോ നടത്തേണ്ടതു്?

ഉ:—മതത്തിൽ വിരോധിക്കപ്പെടാത്ത യാത്രയിലെ സുന്നത്തുനമസ്കാരവും, ഭയം കഠിനമാകുന്ന ഘട്ടത്തിലുള്ള ഫർസുനമസ്കാരവും ഒഴികെയുള്ള എല്ലാ നമസ്കാരങ്ങളും ഖിബ്‌ലയെ അഭിമുഖീകരിച്ചുതന്നെ ചെയ്യേണ്ടതാകുന്നു. അല്ലാത്തപക്ഷം നമസ്കാരം ശരിപ്പെടുന്നതല്ല.

## പാഠം 25

# നമസ്കാരത്തിൻെറ ഫർസുകൾ

ചോ:—നമസ്കാരത്തിൻെറ ഫർസുകൾ ഏതെല്ലാം?

ഉ:—(1) നീയ്യത്തുചെയ്യുന്നതു്, (2) "അല്ലാഹു അക്‌ബർ" എന്ന തക്‌ബീറത്തുൽ ഇഹ്‌റാം ചൊല്ലുന്നതു്. (3) ശക്തിയുള്ളവൻ ഫർസുനമസ്കാരത്തിൽ നില്ക്കുന്നതു്. (4) എല്ലാ റക്‌അത്തുകളിലും ബിസ്മിയോടുകൂടി ഫാത്തിഹാ ഓതുന്നതു്. (5) റുക്കൂഅ് ചെയ്യുന്നതു് (കുനിയുന്നതു്). (6) ഇഅ്‌ത്തിദാൽ (നിവരുന്നതു്) ചെയ്യുന്നതു്. (7) രണ്ടു സജദാ ചെയ്യുന്നതു്. (8) രണ്ടു സുജൂദിൻെറയും മദ്ധ്യേ ഇരിക്കുന്നതു്. (9) മേല്പറയപ്പെട്ട നാലിലും അല്പം താമസിക്കുന്നതു്. (10) ഒടുവിലത്തെ അത്തഹിയാത്തു് ഓതുന്നതു്. (11) അത്തഹിയാത്തിനുശേഷം നബി സല്ലല്ലാഹു അലൈഹിവസല്ലമിൻെറമേൽ സലാത്തു ചൊല്ലുന്നതു്. (12) അത്തഹിയാത്തിനും സലാത്തിനുംവേണ്ടി ഇരിക്കുന്നതു്. (13) "അസ്സലാമു അലൈക്കും" എന്നു് ആദ്യത്തെ സലാം ചൊ

ല്ലുന്നത്. (14) മേൽപറഞ്ഞവ യഥാക്രമം ചെയ്യുന്നത്, ഇവ നമസ്കാരത്തിന്റെ ഫർസുകളാകുന്നു.

ചോ:—നമസ്കാരത്തിൽ സുന്നത്തുകളെത്രതരമുണ്ട്?

ഉ:—നമസ്കാരത്തിലുള്ള സുന്നത്തുകളെ 'അബ്ആസ്' എന്നും 'ഹൈഅത്ത്' എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

## അബ്ആസ് സുന്നത്തുകൾ

ചോ:—അബ്ആസ് സുന്നത്തുകൾ ഏതെല്ലാം?

ഉ:—രണ്ടിൽകൂടുതൽ റക്അത്തുള്ള നമസ്കാരത്തിൽ ആദ്യത്തെ അത്തഹിയ്യാത്തിനുവേണ്ടി ഇരിക്കുന്നത്. അതിൽ അത്തഹിയ്യാത്ത് ഓതുന്നത്. അതിൽ നബി സല്ലല്ലാഹു അലൈഹിവസല്ലമിനു സലാത്തു ചൊല്ലുന്നത്. സുബ്ഹിനമസ്കാരത്തിന്റെ രണ്ടാമത്തെ റക്അത്തിലെ ഇഅ്ത്തിദാലിലും, റമസാൻ രണ്ടാമത്തെ പകുതിയിലുള്ള വിത്ർനമസ്കാരത്തിലെ ഒടുവിലത്തെ റക്അത്തിലെ ഇഅ്ത്ത്ദാലിലും ഖുനൂത്ത് ഓതുന്നത്. ഖുനൂത്തിനുവേണ്ടി നില്ക്കുന്നത്. ഖുനൂത്തിൽ നബി സല്ലല്ലാഹു അലൈഹിവസല്ലമിന്റേയും കുടുംബത്തിന്റേയുംമേൽ സലാത്തു ചൊല്ലുന്നത്. ഇവയാകുന്നു അബ്ആസ് സുന്നത്തുകൾ.

## ഹൈഅത്തു സുന്നത്തുകൾ

ചോ:—ഹൈഅത്തു സുന്നത്തുകൾ ഏതെല്ലാം?

ഉ:—തക്ബീറത്തുൽ ഇഹ്റാമിലും റുക്കൂഇലേക്കു പോകുമ്പോഴും ഇഅ്ത്തിദാൽചെയ്യുമ്പോഴും രണ്ടു മുൻകൈയും തോളുകൾക്കു നേരേ ഉയർത്തുന്നത്, വലതുകൈയ് ഇടതുകൈയുടെ മണിക്കെട്ടിനുമേൽ വയ്ക്കുന്നത്, രണ്ടുകൈയും നെഞ്ചിനുതാഴെ വയ്ക്കുന്നത്, തക്ബീറത്തുൽ ഇഹ്റാമിനുശേഷം വജ്ജഹ്ത്തു ഓതുന്നത്, ഫാത്തിഹയ്ക്കുശേഷം

ആമീൻ ചൊല്ലുന്നതു്, സുബ്ഹിയിലും മഗ്‌രിബു് ഇശാ ഇതുകളിലെ ആദ്യത്തെ രണ്ടു റക്അത്തിലും സൂറത്തുകൾ ഉറക്കെ ഓതുന്നതു്, സുജൂദിൻെറ സ്ഥാനത്തു നോക്കുന്നതു്, സുബ്ഹിനമസ്കാരത്തിലും മററു നമസ്കാരങ്ങളിലെ ആദ്യത്തെ രണ്ടു റക്അത്തിലും ഫാത്തിഹായ്ക്കുശേഷം ഓരോ സൂറത്തു് ഓതുന്നതു്, ഇഅ്ത്തിദാലല്ലാത്ത എല്ലാ ഫർസുകളും ചെയ്യുമ്പോൾ തക്ക്ബീർ ചൊല്ലുന്നതു്, ഇഅ്ത്തിദാൽ ചെയ്യുമ്പോൾ "സമിഅല്ലാഹു ലിമൻഹമിദഹ്" എന്നു പറയുന്നതു്, ഇഅ്ത്തിദാലിൽ "റബ്ബനാ ലക്കൽഹംദ്" എന്നതിനെ പൂർണ്ണമായി പറയുന്നതു്, റുക്കൂഇലും സുജൂദിലും മൂന്നുപ്രാവശ്യം തസ്ബീഹു ചൊല്ലുന്നതു്, സുജൂദുചെയ്യാൻ ആരംഭിക്കുമ്പോൾ ആദ്യം രണ്ടു കാൽമുട്ടുകളേയും (ഒരുചാൺ അകലത്തിൽ) പിന്നീട്ടു് ഉള്ളംകൈകളേയും അനന്തരം നെററിയേയും തറയിൽ പതിപ്പിക്കുന്നതു്, (രണ്ടു കാൽമുട്ടുകളേയും ഉള്ളംകൈകളേയും നെററിയേയും കാൽവിരലുകളുടെ അകവശത്തേയും തറയിൽ പതിപ്പിക്കുന്നതു് സുജൂദിൻെറ ശരുത്തുകളിൽ പെട്ടതാകുന്നു.) റുക്കൂഇലും സുജൂദിലും പുരുഷൻെറ രണ്ടു കൈമുട്ടുകൾ വിലാപ്പുറത്തു ചേരാതെ അകററുന്നതു്, വയറും തുടയും തമ്മിൽ തൊടാതെ അകററുന്നതു്, അത്തഹിയ്യാത്തിൽ വലതുകൈയുടെ തള്ളവിരൽ ചൂണ്ടാണിവിരലിൻെറ അററത്തു വച്ചു മററു വിരലുകൾ മടക്കിപ്പിടിക്കുന്നതു്, 'ഇല്ലല്ലാഹ്' എന്നു പറയുമ്പോൾ ചൂണ്ടുവിരലിനെ ഉയർത്തുന്നതു്, ആദ്യത്തെ അത്തഹിയാത്തിൽനിന്നും നില്ക്കുന്നതുവരെയും ഒടുവിലത്തെ അത്തഹിയാത്തിൽ സലാം ചൊല്ലുന്നതുവരെയും ചൂണ്ടാണിവിരലിനെ ഉയർത്തിപ്പിടിക്കുന്നതു്, ചൂണ്ടാണിവിരൽ ഉയർത്തുന്നതുമുതൽ നോട്ടം ആ വിരലിൽ ആയിരിക്കുന്നതു്, അത്തഹിയാത്തിലും ഇടയിലെ ഇരിപ്പിലും വലതുകാൽ നാട്ടി ഇടതുകാലിൻെറ പുറവശം തറയിൽ വച്ചു് ഇരിക്കുന്നതു്, ഒടുവിലത്തെ അത്തഹിയാത്തിൽ

വലത്തുകാൽ നാട്ടി ഇടത്തുകാലിനെ അതിന്റെ ഉള്ളിൽക്കൂടി പുറത്തുകൊണ്ടുവന്ന് ഇടത്തുപൃഷ്ഠഭാഗം തറയിൽ വയ്ക്കുന്നത്, രണ്ടാമത്തെ സലാംചൊല്ലുന്നത്, രണ്ടു സലാമിലും പിൻഭാഗത്തിരിക്കുന്ന ആൾക്കു മുഖത്തിന്റെ പകുതിവശം കാണത്തക്കവിധം മുഖത്തെ തിരിക്കുന്നത്, മനസ്സിലുള്ള സകല ചിന്തകളേയും ഉപേക്ഷിച്ച് മടിയോ മുഷിച്ചിലോ കൂടാതെ സന്തോഷത്തോടുകൂടി നമസ്കാരത്തിൽ പ്രവേശിക്കുന്നത്, മനസ്സുകൊണ്ടും അവയവങ്ങളാലും നമസ്കാരത്തിൽ ഭയപ്പെടുന്നത്, ഇവയാകുന്നു ഹൈഅത്തു സുന്നത്തുകൾ.

## നമസ്കാരം കറാഹത്തായ സമയങ്ങൾ

ചോ:—നമസ്കാരം കറാഹത്തായ സമയങ്ങൾ ഏവ?

ഉ:—കാരണംകൂടാതെ അഞ്ചു സമയങ്ങളിൽ നമസ്കരിക്കുന്നത് കറാഹത്താകുന്നു. (1) സുബ്ഹിനമസ്കാരത്തിനുശേഷം സൂര്യോദയംവരെ. (2) സൂര്യോദയംമുതൽ ഒരു കുന്തത്തിന്റെ അളവിൽ (ഏഴുമുഴം) സൂര്യൻ ഉയരുന്നതുവരെ. (3) മദ്ധ്യാഹ്നത്തിൽ സൂര്യൻ ആകാശമദ്ധ്യേനിന്നും നീങ്ങുന്നതുവരെ. (4) അസർനമസ്കാരത്തിനുശേഷം സൂര്യൻ അസ്തമിക്കുന്നതുവരെ. (5) അസ്തമനാരംഭംമുതൽ സൂര്യാസ്തമനം പൂർണ്ണമാകുന്നതുവരെ.

## നമസ്കാരത്തിൽ കറാഹത്തായ സംഗതികൾ

ചോ:—നമസ്കാരത്തിൽ കറാഹത്തായ സംഗതികൾ എന്തെല്ലാം?

ഉ:—മലമൂത്രവിസർജ്ജനങ്ങൾക്ക് ആവശ്യകത ഉണ്ടായിരിക്കുന്ന സമയങ്ങളിലും മനസ്സിൽ ഭക്തിക്കു തടസ്സമുണ്ടാക്കുന്ന സംഗതികൾ നേരിട്ടിരിക്കുന്ന അവസരങ്ങളിലും നമസ്കരിക്കുന്നത്, ആഹാരപാനീയങ്ങൾ തയ്യാറായിരിക്കെ വിശപ്പും ദാഹവും ഉള്ള നിലയിൽ നമസ്കരിക്കുന്നത്;

കോപിച്ചിരിക്കുന്ന അവസരത്തിൽ നമസ്കരിക്കുന്നതു്, നമസ്കാരസമയത്തു കാരണംകൂടാതെ മുഖത്തെ തിരിക്കുന്നതു്, ആകാശത്തിലേയ്ക്കു നോട്ടം ഉയത്തുന്നതു്, ചിത്രപ്പണിയുള്ള വിരിപ്പു മുതലായവയിൽ ശ്രദ്ധ പതിപ്പിക്കുന്നതു്, തലയും തോളും തുറന്നിടുന്നതു്, പൂണനൂലുപോലെ മേൽമുണ്ടു് ഇടുന്നതു്, ഉടുപ്പിൻെറ കൈയ് ചുരുട്ടിവയ്ക്കുന്നതു്, തലയിൽകൂടി മുണ്ടിടുന്നതു്, മേൽമുണ്ടിൻെറ രണ്ടററങ്ങളും പാശ്വങ്ങളിൽകൂടി തൂക്കിയിടുന്നതു്, തലമുടി ഒതുക്കുന്നതു്, രണ്ടു കാലുകളേയും തമ്മിൽ ചേത്തുവയ്ക്കുന്നതു്, ഒരു കാൽ ഇളക്കി നില്ക്കുന്നതു്, സുജൂദിൽനന്നും നിവന്നാൽ കാലിൻെറ അററങ്ങളെ ഊന്നി ഇരിക്കുന്നതു്, രണ്ടു പൃഷ്ഠവും തറയിൽചേത്തു് ഇരിക്കുന്നതു്, സുജൂദിൽ തുടകളെ നെഞ്ചോടു ചേത്തു വയ്ക്കുന്നതു്, കൈകളെ പുതപ്പിൻെറ കീഴിലാക്കുന്നതു്, സുജൂദ് ആരംഭിക്കുമ്പോൾ മുൻഭാഗത്തുനിന്നോ പിൻഭാഗത്തുനിന്നോ ഉടുപ്പു് ഉയത്തുന്നതു്, കുപ്പായത്തിനുള്ളിൽ കൈ ഇടയ്ക്കിട്ടുകെട്ടുന്നതു്, കൈ അഴിച്ചിടുന്നതു്, തിരിഞ്ഞു നോക്കുന്നതു്, വിരലുകളിൽ ഞെട്ടി ഒടിക്കുന്നതു്, ചൊറിയുന്നതു്, കോട്ടാവി വിടുന്നതു്, താടിരോമങ്ങളെ പിടിച്ചു വിനോദിക്കുന്നതു്, സുജൂദ് ആരംഭിക്കുമ്പോൾ സുജൂദിനായി ചരൽക്കല്ലുകളെ കൈകൊണ്ടു് ഒതുക്കുന്നതു്, തറയിൽ ഊതുന്നതു്, വിരലുകൾ തമ്മിൽ കോത്തുപിടിക്കുന്നതു്, മുതുകു വളയ്ക്കുന്നതു്, വഴിയിലും ചുങ്കംവാങ്ങുന്ന സ്ഥലത്തും ഖബർസ്ഥലത്തും നമസ്കരിക്കുന്നതു് എന്നീ സംഗതികൾ കറാഹത്താകുന്നു.

## നമസ്കാരത്തെ മുറിക്കുന്ന സംഗതികൾ

ചോ:—നമസ്കാരത്തെ മുറിക്കുന്ന സംഗതികൾ ഏതെല്ലാമാണു്?

ഉ:—(1) നമസ്കാരത്തിൽ ആവശ്യമില്ലാത്ത രണ്ടക്ഷരമോ, അല്ലെങ്കിൽ അത്ഥമുള്ള ഒരക്ഷരമോ മനഃപൂവ്വം

ഉച്ചരിക്കുന്നതു്, (2) നമസ്കാരത്തിൽ ആവശ്യമില്ലാത്ത പ്രവൃത്തികൊണ്ടു തുടർച്ചയായി അംഗങ്ങളെ മൂന്നുപ്രാവശ്യം അനക്കുന്നതു്, (3) വുസൂ ഇല്ലാതാകുന്നതു്, (4) നജസിനെ തൊടുകയോ ചുമക്കുകയോ ചെയ്യുന്നതു്, (5) ഔറത്തിനെ വെളിവാക്കുന്നതു്, (6) നമസ്കാരത്തിൻെറ നീയ്യത്തിനെ വ്യത്യാസപ്പെടുത്തുന്നതു്, (7) ഖിബ്'ലാ തെററുന്നതു്, (8) നോമ്പിനെ മുറിക്കുന്ന സംഗതികൾ ഉണ്ടാകുന്നതു്, (9) പൊട്ടിച്ചിരിക്കുന്നതു്, (10) നമസ്കാരത്തിൻെറ ഫർസു് ശർത്തു് ഇവയിൽ ഒന്നിനെ വിട്ടുകളയുന്നതു്, (11) കാഫിറായിപ്പോകുന്ന സംഗതികൾ ഉണ്ടാകുന്നതു് എന്നീ കാര്യങ്ങളാൽ നമസ്കാരം മുറിഞ്ഞുപോകും.

പാഠം 26

# ബാങ്കും ഇഖാമത്തും

ചോദ്യം:—ബാങ്കു് എന്നാൽ എന്തു്?

ഉ:—നമസ്കാരസമയമായെന്നുള്ള അറിയിപ്പിന്നു് 'ബാങ്കു' എന്നു പറയുന്നു. ഫർസുനമസ്കാരത്തിൻെറ സമയങ്ങളിൽ ഒരാൾ മസ്ജിദിൽ നിന്നുകൊണ്ടു് "അല്ലാഹു അക്ബർ" എന്നു പലപ്രാവശ്യം വിളിക്കുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലോ. ഈ ശബ്ദം കേൾക്കുമ്പോൾ ജനങ്ങൾ നമസ്കാരത്തിനുവേണ്ടി മസ്ജിദിൽ ഒരുമിച്ചുകൂടുന്നു. ഫർസുനമസ്കാരം ആരംഭിക്കുന്നതിനുമുൻപേ പുരുഷന്മാർക്കു ബാങ്കും ഇഖാമത്തും, സ്ത്രീകൾക്കു് ഇഖാമത്തു മാത്രവും സുന്നത്താകുന്നു.

ചോ:—ബാങ്കിൻെറ വാക്യങ്ങൾ ഏതെല്ലാം?

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرْ، اَشْهَدُ اَنْ
لَا اِلٰهَ اِلَّا اللّٰهُ اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ، اَشْهَدُ اَنَّ
مُحَمَّدًا رَسُولُ اللّٰهِ اَشْهَدُ اَنَّ مُحَمَّدًا رَسُولُ اللّٰهِ،
حَيَّ عَلَى الصَّلٰوةِ حَيَّ عَلَى الصَّلٰوةِ، حَيَّ عَلَى الْفَلَاحِ حَيَّ عَلَى
الْفَلَاحِ، اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرْ، لَا اِلٰهَ اِلَّا اللّٰهُ۝

ഉ:—(1) അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ (അല്ലാഹു ഏററവും മഹാൻ.) (2) അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്. (ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മററാരുമില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു) (3) അശ്ഹദു അന്നമുഹമ്മദർ റസൂലു ല്ലാഹ്, അശ്ഹദു അന്നമുഹമ്മദർ റസൂലുല്ലാഹ് (മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിൻെറ റസൂലാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു) (4) ഹയ്യ അലസ്സലാഹ്, ഹയ്യ അലസ്സലാഹ് (നമസ്കാരത്തിനു മുന്നിട്ടുവരിക) (5) ഹയ്യ അലൽഫലാഹ് ഹയ്യ അലൽഫലാഹ് (വിജയാരാധനയ്ക്കു മുന്നിട്ടുവരിക) (6) അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. (7) ലാഇലാഹ ഇല്ലല്ലാഹ്.

സുബ്ഹിയിലെ ബാങ്കിൽ ഹയ്യഅലായുടെ ശേഷം.

اَلصَّلٰوةُ خَيْرٌ مِنَ النَّوْمِ اَلصَّلٰوةُ خَيْرٌ مِنَ النَّوْمِ

"അസ്സാലത്തു ഖൈറും മിനന്നൌം, അസ്സലാത്തു ഖൈറും മിനന്നൌം" (നമസ്കാരം നിദ്രയെക്കാൾ മഹത്തായതാകുന്നു) എന്നുകൂടി ചൊല്ലി ബാങ്കിനെ പൂർത്തിയാക്കണം.

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ وَالصَّلٰوةِ الْقَائِمَةِ
اٰتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ وَالدَّرَجَةَ الرَّفِيعَةَ
وَابْعَثْهُ مَقَامًا مَحْمُودًا الَّذِي وَعَدْتَهُ اِنَّكَ لَا تُخْلِفُ الْمِيعَادَ

"അല്ലാഹുമ്മ റബ്ബഹാദിഹിദ്ദഅ്‌വതിത്താമ്മത്തി വസ്സലാത്തിൽ ഖായിമത്തി ആത്തി മുഹമ്മദനിൽ വസീലത്ത വൽ ഫസീലത്ത വദ്ദറജതർറഫീഅത്ത വബ്അസ്ഹു മഖാമൻ മഹ്‌മൂദനില്ലദീ വഅത്തഹു ഇന്നക്ക ലാ തുഖ്‌ലിഫുൽ മീആദ്" (ഈ പരിപൂർണ്ണമായ വിളിയുടേയും, ആരംഭിച്ചുകഴിഞ്ഞിരിക്കുന്ന നമസ്കാരത്തിന്റേയും ഉടമസ്ഥനായ അല്ലാഹുവേ! മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലമിനു വസീലത്തിനേയും, ഫസീലത്തിനേയും ഉന്നതപദവിയേയും നല്കേണമേ. നീ വാഗ്ദത്തംചെയ്ത സ്തുത്യർഹമായ സ്ഥാനത്തേയും കൊടുക്കേണമേ! നിശ്ചയമായും നീ വാഗ്ദത്തലംഘനം ചെയ്യുന്നവനല്ല.)

ചോ:—"ഇഖാമത്തു്" എന്നാൽ എന്തു്?

ഉ:—ബാങ്കു കഴിഞ്ഞു നമസ്കാരം ആരംഭിക്കാനായി താഴെ പറയുന്ന വാക്യങ്ങളെ ചൊല്ലണം. അതിനാണു് ഇഖാമത്തു് എന്നു പറയുന്നതു്.

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ، اَشْهَدُ اَنَّ
مُحَمَّدًا رَسُولُ اللّٰهِ، حَيَّ عَلَى الصَّلٰوةِ، حَيَّ عَلَى الْفَلَاحِ،
قَدْ قَامَتِ الصَّلَاةُ قَدْ قَامَتِ الصَّلَاةُ، اَللّٰهُ اَكْبَرُ
اَللّٰهُ اَكْبَرُ لَا اِلٰهَ اِلَّا اللّٰهُ۔

(1) അല്ലാഹു അക്ബറുല്ലാഹു അക്ബർ (2) അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു (3) അശ്ഹദു അന്നമുഹമ്മദർ റസൂലുല്ലാഹ് (4) ഹയ്യ അലസ്സലാത്തി (5) ഹയ്യ അലൽ ഫലാഹ് (6) കദ്കാമത്തിസ്സലാത്തു കദ്കാമത്തിസ്സലാഹ് (നിശ്ചയമായും നമസ്കാരം ആരംഭിച്ചുകഴിഞ്ഞു.) (7) അല്ലാഹു അക്ബറുല്ലാഹു അക്ബർ (8) ലാഇലാഹ ഇല്ലല്ലാഹ്.

ചോ:—ബാങ്കിനും ഇഖാമത്തിനും മറുപടി പറയേണ്ടതു് എങ്ങനെ?

ഉ:—ബാങ്കും ഇഖാമത്തും കേൾക്കുന്നവർ അതു പറയുന്ന ആൾ ഉച്ചരിക്കുന്നതുപോലെ പതുക്കെ പറയണം. രണ്ടു ഹയ്യഅലത്തുകളിലും "ലാഹൗല വലാക്കുവത്ത ഇല്ലാബില്ലാഹി" (പാപകർമ്മങ്ങളിൽനിന്നും പിന്മാറുന്നതിനും, ആരാധനയ്ക്കു ശക്തിയുണ്ടാകുന്നതിനും അല്ലാഹുവിൻെറ സഹായംകൊണ്ടല്ലാതെ സാദ്ധ്യമല്ല) എന്നും, "അസ്സലാത്തുഖയ്റും മിനന്നൌം" എന്നതിനു് "സദക്കത്ത വബറിറ്ത്ത" (നീ പറഞ്ഞതു വാസ്തവം; നല്ലതു്) എന്നും, കദ്കാമത്തിസ്സലാത്തു എന്നതിനു് "അഖാമഹല്ലാഹു വ അദാമഹാ" (അല്ലാഹു ആ നമസ്കാരത്തെ നിലനിറുത്തുകയും നിത്യമാക്കുകയും ചെയ്യട്ടെ) എന്നും മറുപടി പറയുന്നതും സുന്നത്താകുന്നു. ഇമാമും ജമാഅത്തും ആയി നമസ്കരിച്ചാലും ഒററയ്ക്കു നമസ്കരിച്ചാലും ബാങ്കും ഇഖാമത്തും ഫർസു നമസ്കാരങ്ങളിൽ സുന്നത്താകുന്നു.

## പാഠം 27

# നമസ്കാരം

ചോ:—നമസ്കാരത്തിൽ പ്രവേശിക്കേണ്ട വിധമെങ്ങനെ?

ഉ:—നമസ്കാരത്തിൽ പ്രവേശിക്കുന്നതു സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി ആയിരിക്കണം. അല്ലാഹുവിൻെറ മഹത്വത്തേയും, കാരുണ്യത്തേയും, രക്ഷാശിക്ഷകൾ നല്കുവാനുള്ള അവൻെറ ശക്തിയേയുംപററിയുള്ള ബോധത്തോടും, ഭയഭക്തിയോടും ഏകാഗ്രതയോടുംകൂടി വണക്കമൊയും ഒതുക്കമൊയുമാണു് നമസ്കരിക്കേണ്ടതു്. സകല രഹസ്യങ്ങളും അറിയുന്ന രക്ഷിതാവിൻെറ തിരുസന്നിധിയിൽ നില്ക്കുകയാണെന്നുള്ള വിചാരം, നമസ്കാരം ആരംഭിക്കുന്നതുമുതൽ അവസാനിപ്പിക്കുന്നതുവരെയും ഉണ്ടായിരിക്കണം. നമസ്കാരത്തിൽ ഓതുന്ന ഖുർആൻവാക്യങ്ങളുടേയും, മററു പ്രാർത്ഥനകളുടേയും അർത്ഥത്തെ അറിയുകയും അതിനെ ഓർമ്മിക്കുകയും ചെയ്യേണ്ടതാണു്.

നമസ്കരിക്കുന്നവൻെറ മുൻപിൽ ആ സ്ഥലത്തെ വേർതിരിക്കുന്നതിനുവേണ്ടി ചുവരോ തൂണോപോലെയുള്ള മറവുണ്ടായിരിക്കണം. മറയില്ലാത്ത മരുഭൂമിയിലാണെങ്കിൽ വടിപോലുള്ള എന്തെങ്കിലും നാട്ടുകയോ തുണി വിരിക്കുകയോ ചെയ്യണം. അതിനും സൌകര്യപ്പെടാത്തപക്ഷം ഒരു വരയെങ്കിലും വരച്ചു രേഖപ്പെടുത്തണം. ഇതു മൂന്നു മുഴത്തിൽ കൂടുതൽ അകന്നുപോകരുതു്. അതിനുള്ളിൽ അന്യർക്ക പ്രവേശിക്കാൻ പാടില്ലാത്തതും, അഥവാ ഒരാൾ പ്രവേശിച്ചാൽ അയാളെ തടയാനുള്ള അധികാരം നമസ്കരിക്കുന്ന ആളിനുള്ളതുമാകുന്നു.

**നമസ്കരിക്കേണ്ട ക്രമം**

ചോ:—നമസ്കരിക്കേണ്ട ക്രമമെങ്ങനെ?

ഉ:—ശരീരത്തെ ശുദ്ധമാക്കുകയും, നിർമ്മലവസ്ത്രങ്ങൾ ധരിച്ചു് ഔറത്തിനെ മറയ്ക്കുകയും ചെയ്തശേഷം നമസ്കരിക്കുന്നതിനായി ശുദ്ധമായ ഒരു സ്ഥലത്തു് ഖിബ്‌ലയ്ക്കു് അഭിമുഖമായി നില്ക്കണം. ബാങ്കിനുശേഷം ഇഖാമത്തു

ചൊല്ലണം. പാദങ്ങളുടെ ഇടയ്ക്കു് ഒരു ചാൺ അകലം ഉണ്ടായിരിക്കത്തക്കവിധത്തിൽ നിന്നു നമസ്കാരം ആരംഭിക്കണം. (സ്ത്രീകൾ പാദങ്ങൾ ചേർത്തുവയ്ക്കണം) നമസ്കരിക്കാൻ നില്ക്കുമ്പോൾ മുതുകു നിവർന്നും, തല അല്പം കുനിഞ്ഞും, നോട്ടം സുജൂദുചെയ്യുന്ന സ്ഥലത്തും ആയിരിക്കണം (ചിത്രം 1 നോക്കുക.) അനന്തരം നീയ്യത്തുചെയ്യണം.

**1. നീയ്യത്തു്:**—ഇന്ന നമസ്കാരമാണെന്നും ഫർസാണെങ്കിൽ ഫർസു എന്നും, ആ നമസ്കാരത്തെ ചെയ്യുന്നു എന്നും നീയ്യത്തു ചെയ്യണം.

(അദായെന്നും, കസാ എന്നും, ഇത്ര റക്അത്തെന്നും, ഖിബ്‌ലയ്ക്കു് അഭിമുഖമായി എന്നും, അല്ലാഹുവിനുവേണ്ടിയാണെന്നും പ്രത്യേകം നീയ്യത്തു ചെയ്യുന്നതും, നീയ്യത്തു നാവുകൊണ്ടുച്ചരിക്കുന്നതും സുന്നത്താകുന്നു.)

ഇമാമിന്റെ പിന്നിൽ നിന്നു നമസ്കരിക്കുമ്പോൾ "ഈ ഇമാമിനെ തുടരുന്നു" എന്നു് നീയ്യത്തോടുകൂടി ചേർക്കേണ്ടതു് അത്യാവശ്യമാകുന്നു.



(ചിത്രം 1)

(1) സുഹ്റ എന്ന ഫർസിനെ ഞാൻ നമസ്കരിക്കുന്നു.

(2) അസ്ർ എന്ന ഫർസിനെ ഞാൻ നമസ്കരിക്കുന്നു.

(3) മഗ്രിബ് എന്ന ഫർസിനെ ഞാൻ നമസ്കരിക്കുന്നു.

(4) ഇശാ എന്ന ഫർസിനെ ഞാൻ നമസ്കരിക്കുന്നു.

(5) സുബ്ഹി എന്ന ഫർസിനെ ഞാൻ നമസ്കരിക്കുന്നു.

## 2. തക്ബീറത്തുൽ ഇഹ്റാം:—

നീയ്യത്തു ഹൃദയത്തിൽ സ്ഥിരമായാൽ വിരലുകൾ വിടർത്തി ഉള്ളംകൈകൾ രണ്ടും തോളുകൾക്കു നേരെ ഖിബ്ലയുടെ ഭാഗത്തേയ്ക്കു വരത്തക്കവിധം രണ്ടു കൈകളേയും ഉയർത്തി (ചിത്രം 2 നോക്കുക.)




ചിത്രം 2

اَللّٰهُ اَكْبَرْ

അല്ലാഹു അക്ബർ എന്നു ചൊല്ലി രണ്ടു കൈകളേയും നെഞ്ചിനു കീഴ്ഭാഗത്തു വയ്ക്കണം. ഇടതു കൈയുടെ മണികെട്ടിനു മുകളിൽ വലതുകൈയുടെ അകവശം വരത്തക്കവിധത്തിൽ വലതുകൈകൊണ്ടു് ഇടതുകൈയുടെ മണിക്കെട്ടിൽ പിടിച്ചിരിക്കണം

(ചിത്രം 3 നോക്കുക.)



(ചിത്രം 3)

(സ്ത്രീകൾ കൈകളെ തോൾ വരെ ഉയർത്തി വിരലുകൾ അകററാതെ നെഞ്ചിനു മുകളിൽ വയ്ക്കണം.) ഇമാമിൻെറ തക്ബീറിനുശേഷം, തുടരുന്നവൻ തക്ബീർ ചൊല്ലണം. ഇമാം ഉച്ചത്തിൽ തക്ബീർ ചൊല്ലുകയും, തുടരുന്നവനും ഒററയ്ക്കു നമസ്കരിക്കുന്നവനും തക്ബീർ പതുക്കെച്ചൊല്ലുകയും വേണ്ടതാകുന്നു.

**3. ഖിയാം:**—ഫർസുനമസ്കാരത്തിൽ നില്ക്കുവാൻ കഴിവുള്ളവൻ അപ്രകാരം ചെയ്യേണ്ടതു നിർബ്ബന്ധമാകുന്നു. അതിനു കഴിവില്ലാത്തവൻ ഇരുന്നോ കിടന്നോ കണ്ണുകൊണ്ടു് ആംഗ്യംകാണിച്ചോ ഹൃദയംകൊണ്ടു് കരുതിയോ കഴിവുള്ളതുപോലെ നമസ്കരിക്കേണ്ടതാണു്. തക്ബീറത്തുൽ ഇഹ്റാമിനുശേഷം വജ്ജഹ്ത്തു് ഓതണം.

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمٰوَاتِ وَالْأَرْضَ حَنِيفًا
مُسْلِمًا وَمَا أَنَا مِنَ الْمُشْرِكِينَ ۝ إِنَّ صَلَاتِي وَنُسُكِي
وَمَحْيَايَ وَمَمَاتِي لِلّٰهِ رَبِّ الْعَالَمِينَ ۝ لَا شَرِيكَ لَهُ
وَبِذٰلِكَ أُمِرْتُ وَأَنَا مِنَ الْمُسْلِمِينَ ۝

വജ്ജഹ്ത്തിന്റെ അൎത്ഥം:—(ഞാൻ സത്യവാനായും അനുസരണയുള്ളവനായും ഭൂലോകത്തെയും ഉപരിലോകങ്ങളെയും സൃഷ്ടിച്ച അല്ലാഹുവിലേയ്ക്ക് എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ മുശ്രിക്ക് (ബഹുദൈവവിശ്വാസി)കളിൽ പെട്ടവനല്ല. നിശ്ചയമായും എന്റെ നമസ്കാരവും, ആരാധനകളും എന്റെ ജീവിതവും എന്റെ മരണവും സൎവ്വലോകപരിപാലകനായ • അല്ലാഹുവിനുവേണ്ടിയാകുന്നു. അവനു സമന്മാരായി ആരുംതന്നെയില്ല. അതിനായി (അല്ലാഹുവിനെ ആരാധിക്കുന്നതിനായി) എന്നോട്ട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഞാൻ അനുസരണയുള്ളവരിൽപെട്ടവനാകുന്നു.

**4. ഫാത്തിഹ ഓതുന്നതു്:**—ഫാത്തിഹ അറബുഭാഷയിൽതന്നെ ഓതണം. ഖുർആൻ അറബുഭാഷയിലല്ലാതെ അന്യഭാഷയിൽ എഴുതുവാൻ പാടില്ലാത്തതിനാൽ ഫാത്തിഹയേയും മററു ഭാഷകളിൽ എഴുതുവാൻ പാടില്ല. ഫാത്തിഹയുടെ അക്ഷരങ്ങൾ, അക്ഷരങ്ങളുടെ ഇരട്ടിപ്പു്, സ്വരച്ഛിഹ്നങ്ങൾ, തുടർച്ചക്രമം ഇവയെല്ലാം സൂക്ഷിച്ചു് ഓതേണ്ടതാകുന്നു. ഫാത്തിഹയ്ക്കുമുമ്പ് അഊദു ഓതുന്നതും, ഓതിത്തീൻ്ന് അല്പം ഇടവിട്ടു് ആമീൻചൊല്ലുന്നതും, ആദ്യത്തെ രണ്ടു റക്കഅത്തിലും, ഫാത്തിഹയ്ക്കുശേഷവും ഓരോ സൂറത്തു് ഓതുന്നതും സുന്നത്താകുന്നു. സുബ്ഹിയിലും,

മഗ്‌രിബ്, ഈശാ ഇതുകളിലെ ആദ്യത്തെ രണ്ടു റക്അത്തുകളിലും ഫാത്തിഹയും അതിനെത്തുടർന്നുള്ള സൂറത്തും ഉറക്കെ ഓതുന്നതു സുന്നത്താകുന്നു.

ഇമാമിനെ തുടരുകയാണെങ്കിൽ ഇമാമ് ഉറക്കെയും, തുടരുന്നവൻ പതുക്കെയും ഓതണം. ഫാത്തിഹ അറിവില്ലാത്തവർ ഫാത്തിഹയിലുള്ളിടത്തോളം അക്ഷരമുള്ള മററ് ഏഴ് ആയത്തുകളെ ഓതുകയോ, അതും അറിയുവാൻപാടില്ലെങ്കിൽ അത്രയും അക്ഷരമുള്ള ഏഴ് ദിക്ക്റുകൾ ഓതുകയോ, ഒന്നും അറിഞ്ഞുകൂടായെങ്കിൽ ഫാത്തിഹാ ഓതുന്നത്ര സമയം നില്ക്കുകയോ ചെയ്യണം.

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ

بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ

الْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ۝ الرَّحْمٰنِ الرَّحِيمِ ۝ مَالِكِ

يَوْمِ الدِّينِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝ اهْدِنَا

الصِّرَاطَ الْمُسْتَقِيمَ ۝ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ

غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۝

ഫാത്തിഹയുടെ പരിഭാഷ:—ശപിക്കപ്പെട്ട പിശാചിൽനിന്നും ഞാൻ അല്ലാഹുവിനെ ശരണം പ്രാപിക്കുന്നു.

(1) മഹാകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

(2) സമസ്തലോകങ്ങളെയും സൃഷ്ടിച്ചു പോററിപ്പുലത്തുന്ന അല്ലാഹുവിന്നാകുന്നു സവ്വസ്തോത്രങ്ങളും.

(3) (അവൻ) പരമകാരുണികനും, കരുണാനിധിയുമാകുന്നു.

(4) (അവൻ) ന്യായവിസ്താരദിവസത്തിൻെറ പരമാധികാരിയാകുന്നു.

(5) (ഞങ്ങളുടെ നാഥാ!) നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം ഞങ്ങൾ സഹായം അൎത്ഥിക്കുകയും ചെയ്യുന്നു.

(6) (ഞങ്ങളുടെ നാഥാ!) ഞങ്ങളെ നീ നേർവഴിയിൽ നടത്തണമേ.

(7) നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ—നിൻെറ അപ്രീതിക്കു പാത്രമായവരോ വഴിതെററിയരോ അല്ലാത്തവരുടെ—മാൎഗ്ഗത്തിൽ (നീ ഞങ്ങളെ നയിക്കേണമേ!)

ഫാത്തിഹ ഓതിത്തീൎന്നശേഷം 'ആമീൻ' (ഞങ്ങളുടെ പ്രാൎത്ഥന സ്വീകരിച്ചാലും) എന്ന് ഉച്ചരിക്കുക. അതിൽ പിന്നീട് ഏതെങ്കിലും സൂറത്തോ അല്ലെങ്കിൽ ആയത്തുകളോ ഓതാവുന്നതാണ്.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

قُلْ يٰٓاَيُّهَا الْكٰفِرُوْنَ ۝ لَآ اَعْبُدُ مَا تَعْبُدُوْنَ ۝ وَلَآ اَنْتُمْ

عٰبِدُوْنَ مَآ اَعْبُدُ ۝ وَلَآ اَنَا عَابِدٌ مَّا عَبَدْتُّمْ ۝ وَلَآ

اَنْتُمْ عٰبِدُوْنَ مَآ اَعْبُدُ ۝ لَكُمْ دِيْنُكُمْ وَلِيَ دِيْنِ ۝

പരിഭാഷ:—മഹാകാരുണികനും കാരുണ്യനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ.

(നബിയേ!) പറയുക. അവിശ്വാസികളേ! നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങൾ ആരാധിക്കുന്നവരുമല്ല. നി

ങ്ങളുടെ ആരാധനയെ ഞാൻ ആരാധിക്കുന്നവല്ല. ഞാൻ ആരാധിക്കുന്ന ആരാധനയെ നിങ്ങൾ ആരാധിക്കുന്നവരുമല്ല. നിങ്ങൾക്കു നിങ്ങളുടെ മതം; എനിക്ക് എന്റെ മതം.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
قُلْ هُوَ اللّٰهُ أَحَدٌ ۝ اَللّٰهُ الصَّمَدُ ۝ لَمْ يَلِدْ وَلَمْ
يُوْلَدْ ۝ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ ۝

പരിഭാഷ:—മഹാകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

(നബിയേ!) പറയുക. അല്ലാഹു ഏകനാകുന്നു. അവനാകുന്നു സർവ്വാധിനാഥൻ. അവൻ ജനിതാവല്ല, ജാതനുമല്ല. അവനു തുല്യനായി ആരുംതന്നെയില്ല.

**5. റുകൂഅ്:**—സൂറത്ത് അവസാനിച്ചാൽ അല്പം ഇടവിട്ട് അല്ലാഹു അക്ബർ എന്നുച്ചരിച്ചുകൊണ്ടു 'റുകൂഅ്' ചെയ്യണം. റുകൂഇൽ എത്തുന്നതുവരേയും തക്ബീർ നീണ്ടുനില്ക്കണം. രണ്ട് ഉള്ളംകൈയും മുട്ടിൽ എത്തുന്നതുവരെ കുനിയണം. അപ്പോൾ തലയും മുതുകും സമനിരപ്പിൽ ആയിരിക്കേണ്ടതാണ്. രണ്ടു കാലിന്റെ മുട്ടിലും ഉള്ളംകൈകൾ വച്ചു വിരലുകൾ ഖിബ്‌ലയുടെ ചൊവ്വിനു കാൽത്തണ്ടുകളിന്മേൽ പരത്തിവയ്ക്കണം. കാൽമുട്ടുകൾ തമ്മിൽ ചേരരുത്. അപ്പോൾ നോട്ടം പാദത്തിലായിരിക്കണം. കൈമുട്ടുകൾ വിലാവശങ്ങളിൽ ചേരാതെയും

(സ്ത്രീകൾ കൈമുട്ടുകൾ വിലാപ്പുറത്തു ചേർത്തുവച്ചും) ഇരിക്കേണ്ടതാണ്. (ചിത്രം 4 നോക്കുക.)



(ചിത്രം 4)

ഇപ്രകാരം നിന്നശേഷം

سُبْحَانَ رَبِّيَ الْعَظِيمِ وَبِحَمْدِهِ

"സുബ്ഹാന റബ്ബിയൽ അസീം വബിഹംദിഹീ" (ബഹുമാന്യനായ എന്റെ രക്ഷിതാവിനെ സ്തോത്രം ചെയ്യുന്നു; അവനെ സ്തുതിക്കുന്നതോടുകൂടി) എന്നു മൂന്നുപ്രാവശ്യം പറയണം.

**6. ഇഅ്ത്തിദാൽ:**—റുക്കൂഇൽനിന്നു നിവർന്നു ശരിയായിനിന്നു രണ്ടു കൈയുമുയർത്തി "സമിഅല്ലാഹു ലിമൻ ഹമിദഹ്" (അല്ലാഹു, സ്തുതിക്കുന്നവൻെറ സ്തുതിയെ കേട്ടു സ്വീകരിക്കുമാറാകട്ടെ) എന്നു പറയുകയും കൈയ് താഴ്ത്തിയിടുകയും വേണം. അല്പംകൂടി നിന്നിട്ടു

سَمِعَ اللّٰهُ لِمَنْ حَمِدَهُ


رَبَّنَا لَكَ الْحَمْدُ مِلْأُ السَّمٰوَاتِ وَمِلْأُ الْاَرْضِ وَمِلْأُ
مَا شِئْتَ مِنْ شَيْءٍ بَعْدُ ○

"റബ്ബനാ ലകൽഹംദു മിൽഅസ്സമാവാത്തി വമിൽ ആൽ അർസി വമിൽഅമാശിഅ്ത മിൻശയ്ഇൻ ബഅ്ദു" (ഞങ്ങളുടെ രക്ഷിതാവേ! ആകാശഭൂമികളും, ശേഷം നീ നിർദ്ദേശിച്ച ഏതൊന്നും നിറയെയുള്ള സ്തോത്രവും നിനക്കു മാത്രമാകുന്നു) എന്നു ചൊല്ലുകയും വേണം. സുബ്ഹി നമസ്കാരത്തിൽ രണ്ടാമത്തെ റക്അത്തിൽ ഇഅ്ത്തിദാലിനുശേഷം ഖുനൂത്തിൻെറ ദുആ ഓതണം.

**7. സുജൂദ്:**—ഇഅ്ത്തിദാലിനുശേഷം 'അല്ലാഹു അക്ബർ' എന്നു പറഞ്ഞുകൊണ്ടു സുജൂദുചെയ്യണം. ആദ്യം രണ്ടു കാൽമുട്ടുകളേയും, ഉള്ളംകൈകളേയും, പിന്നീടു നെററിയേയും മൂക്കിനേയും തറയിൽ തൊട്ടുവിക്കണം. നെററി തൊട്ടുവിക്കുന്നതു ധരിച്ചിട്ടുള്ള വസ്ത്രത്തിന്മേലാകാതെ സൂക്ഷിക്കണം. നെററിയിൽ മറയില്ലാതിരിക്കുകയും, പൃഷ്ഠഭാഗം ഉയർന്നിരിക്കുകയും തലയുടെ ഘനം സുജൂദിൻെറ സ്ഥാനത്തായിരിക്കുകയും വേണ്ടതാകുന്നു. പുറംകൈകൾ രണ്ടും ഭുജങ്ങൾക്കുനേരെയും വിരലുകൾ അകന്നും ഇരിക്കണം.

മുഴംകൈയ് തറയിൽ വയ്ക്കരുത്. രണ്ടു മുട്ടുകളും വിലാവശങ്ങളും തമ്മിലും, വയറും തുടകളും തമ്മിലും അകന്നിരിക്കേണ്ടതാണ്. മുതുക് വളയരുത്. കാൽവിരലുകളുടെ അകവശം തറയിൽ തൊട്ടിരിക്കണം. അപ്പോൾ നോട്ടം മൂക്കിൻെറ ഇരുവശങ്ങളിലും ആയിരിക്കണം. (ചിത്രം 5 നോക്കുക.)

സ്ത്രീകൾ മേല്പറഞ്ഞ അവയവങ്ങളെ ചേർത്തുവയ്ക്കേണ്ടതാകുന്നു.



(ചിത്രം 5)

ഇപ്രകാരം സുജൂദുചെയ്തുകൊണ്ട്

سُبْحَانَ رَبِّيَ الْأَعْلَى وَبِحَمْدِهِ

"സുബ്ഹാന റബ്ബിയൽ അഅ്ലാ വബിഹംദിഹീ" (ഏററവും ഉന്നതനായ എൻെറ രക്ഷിതാവിനെ ഞാൻ സ്തോത്രംചെയ്യുന്നതിനോടുകൂടി അവനെ സ്തുതിക്കുകയും ചെയ്യുന്നു) എന്നു മൂന്നുപ്രാവശ്യം പറയണം. ഇതാണ് ആദ്യത്തെ സുജൂദ്.

8. **ജുലൂസ്:**—ആദ്യത്തെ സുജൂദുകഴിഞ്ഞാൽ 'അല്ലാഹു അക്ബർ' എന്നുച്ചരിച്ചുകൊണ്ടു നിവന്ന് ഇടതുകാൽ

ചരിച്ചുവച്ചു് അതിന്മേൽ ഇരിക്കുകയും, വലതുകാൽ തറയിൽ കുത്തിനിറുത്തുകയുംവേണം. കൈകൾ തുടകളുടെ മുകളിലും കൈവിരലുകൾ നിവർത്തി കാൽമുട്ടുകളിലും (വിരലുകളുടെ അററം മുട്ടിൻെറ അററത്തു് എത്തുന്ന നിലയിൽ) വയ്ക്കണം. മുതുകു വളയരുതു്. അപ്പോൾ നോട്ടം കാൽമുട്ടുകളിന്മേലായിരിക്കണം.

ഈ ഇരിപ്പിനാണു് ഇഫ്ത്തിരാശ് എന്നു പറയുന്നതു്. (ചിത്രം 6 നോക്കുക) അപ്പോൾ ഇപ്രകാരം ഓതണം: 1

رَبِّ اغْفِرْ لِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَارْزُقْنِي

وَاهْدِنِي وَعَافِنِي



(ചിത്രം 6)

"റബ്ബിഗ്ഫിർലീ, വർഹംനീ, വജ്ബുർനീ, വർഫഅ്നീ, വർസുക്ക്നീ, വഹ്ദിനീ, വആഫ്നീ" (എൻെറ രക്ഷി

താവേ! എന്റെ പാപങ്ങളെ പൊറുക്കുകയും, എനിക്കു കരുണചെയ്യുകയും എന്റെ വീഴ്ച്ചകളെ പരിഹരിക്കുകയും, എന്നെ ഉന്നതമായ പദവിയിൽ എത്തിക്കുകയും, എനിക്കു ഉപജീവനമാർഗ്ഗം ഉണ്ടാക്കിത്തരികയും എന്നെ നേരായ മാർഗ്ഗത്തിൽ നടത്തുകയും എനിക്കു സൌഖ്യം നല്കുകയും ചെയ്യേണമേ!) അനന്തരം അല്ലാഹു അക്ബർ എന്നുച്ചരിച്ചുകൊണ്ടു രണ്ടാമത്തും സുജൂദുചെയ്യണം. ഇതോടുകൂടി ഒരു റക്‌അത്തു പൂർത്തിയാകും. അനന്തരം രണ്ടാമത്തെ റക്‌അത്തിനുവേണ്ടി 'അല്ലാഹുഅക്ബർ' എന്നു പറഞ്ഞുകൊണ്ടു എഴുന്നേററുനിന്നു ഫാത്തിഹായും സൂറത്തും ഓതണം. വജ്ജ്ഹത്തു ഓതാൻ പാടില്ല. പിന്നീടു റുക്കൂഅ്, ഇഅ്തിദാൽ, സുജൂദ് ഇവ ചെയ്യേണ്ടതും ആദ്യത്തെ റക്‌അത്തിൽ ഓതിയവയെല്ലാം ഓതേണ്ടതുമാകുന്നു. പിന്നീടു അല്ലാഹു അക്ബർ എന്നു പറഞ്ഞുകൊണ്ടു നിവന്നു ഇരിക്കണം. വിവരണം പിന്നാലെ.

9. **താമസം:**—റുക്കൂഅ്, ഇഅ്തിദാൽ, രണ്ടു സുജൂദ്, ജുലൂസ് എന്നിവയിൽ അല്പസമയം താമസം വേണ്ടതാകുന്നു.

10. ഒടുവിലത്തെ അത്തഹിയാത്ത്:—

اَلتَّحِيَّاتُ الْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلّٰهِ اَلسَّلَامُ

عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ

اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصَّالِحِيْنَ اَشْهَدُ

اَنْ لَا اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا رَسُوْلُ اللّٰهِ

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ

അത്തഹിയ്യാത്തുൽ മുബാറകാത്തുസ്സലവാത്തുത്തയ്യിബാത്തു ലില്ലാഹി അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹിസ്സാലിഹീൻ അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് * വഅശ്ഹദു അന്നമുഹമ്മദർ റസൂലുല്ലാഹ് അല്ലാഹുമ്മ സല്ലി അലാമുഹമ്മദ്. (എല്ലാ തിരുമുല്ക്കാഴ്ചകളും എല്ലാ അനുഗ്രഹങ്ങളും എല്ലാ നമസ്കാരങ്ങളും എല്ലാ പരിശുദ്ധആരാധനകളും അല്ലാഹുവിനാണ്. അല്ലയോ ദീർഘദർശിയേ! സർവ്വരക്ഷയും, അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങളിൽ ഉണ്ടാകുമാറാകട്ടെ. അല്ലാഹു അല്ലാതെ മറ്റൊരു ആരാദ്ധ്യനുമില്ലെന്നു ഞാൻ സാക്ഷ്യംവഹിക്കുന്നു. മുഹമ്മദുനബി സല്ലല്ലാഹു അലൈഹിവസല്ലം അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു.) രണ്ടു റക്അത്തിൽ കൂടുതലുള്ള നമസ്കാരത്തിൽ ആദ്യത്തെ അത്തഹിയാത്തിൽ അത്തഹിയ്യാത്ത് ഓതി "അല്ലാഹുമ്മ സല്ലി അലാമുഹമ്മദിൻ" എന്നു ചൊല്ലി നിറുത്തിയശേഷം എഴുന്നേല്ക്കണം. ഒടുവിലത്തെ അത്തഹിയ്യാത്തിൽ സലാത്തും ദുആയുംകൂടി ഓതണം.

**11. സലാത്ത്:**—അത്തഹിയ്യാത്തിനുശേഷം സലാത്തു ചൊല്ലണം.

وَعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اِبْرٰهِيمَ وَعَلٰى اٰلِ
اِبْرٰهِيمَ وَبَارِكْ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا
بَارَكْتَ عَلٰى اِبْرٰهِيمَ وَعَلٰى اٰلِ اِبْرٰهِيمَ فِي
الْعَالَمِينَ اِنَّكَ حَمِيدٌ مَجِيدٌ

---

* ഈ ഭാഗം ഉച്ചരിക്കുമ്പോൾ വലത്തുകൈയുടെ ചൂണ്ടാണിവിരൽ ഉയർത്തുകയും നോട്ടം ആ വിരലിലേക്ക് ആക്കുകയും ചെയ്യണം.

"വ അലാ ആലി മുഹമ്മദിൻ കമാസല്ലൈത്ത അലാ ഇബ്രാഹീമ വ അലാ ആലി ഇബ്രാഹീമ വബാരിക്ക് അ്ലാമുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാബാറക്ക്ത്ത അലാ ഇബ്രാഹീമ വ അലാ ആലി ഇബ്രാഹീമ ഫിൽ ആലമീന ഇന്നക്ക ഹമീദുൻ മജീദ്." (അല്ലാഹുവേ! ഭൂലോകവാസികളിൽവച്ച് ഇബ്രാഹീംനബിയിലും അദ്ദേഹത്തിൻെറ കുടുംബത്തിലും നീ മഹാകാരുണ്യം ചെയ്തതു പോലെ മുഹമ്മദുനബിയിലും അദ്ദേഹത്തിൻെറ കുടുംബത്തിലും നീ മഹാകാരുണ്യം ചെയ്യേണമേ!! ഇബ്രാഹീംനബിയേയും അദ്ദേഹത്തിൻെറ കുടുംബത്തേയും നീ അനുഗ്രഹിച്ചതുപോലെ മുഹമ്മദുനബിയേയും അദ്ദേഹത്തിൻെറ കുടുംബത്തേയും നീ അനുഗ്രഹിക്കേണമേ. നിശ്ചയമായും നീ ഉൽകൃഷ്ടനും സ്തുതിക്കപ്പെട്ടവനുമാകുന്നു.) തുടന്ന് ഇസ്തിഗ്ഫാർ ഓതണം.

. . .

اَللّٰهُمَّ اغْفِرْ لِيْ مَا قَدَّمْتُ وَمَا اَخَّرْتُ وَمَا اَسْرَرْتُ
وَمَا اَعْلَنْتُ وَمَا اَسْرَفْتُ وَمَا اَنْتَ اَعْلَمُ بِهٖ مِنِّيْ اِنَّكَ
اَنْتَ الْمُقَدِّمُ وَاَنْتَ الْمُؤَخِّرُ لَا اِلٰهَ اِلَّا اَنْتَ اَللّٰهُمَّ
اِنِّيْ اَعُوْذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ
وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيْحِ الدَّجَّالِ


"അല്ലാഹുമ്മഗ്ഫിർലീ മാകദ്ദംതു വമാ അഖ്ഖർതു വമാഅസ്റർതു വമാഅഅ്ലൻതു വമാ അസ്റഫ്തു വമാ അൻത അഅ്ലമുബിഹീ മിന്നീ ഇന്നക്ക അൻതൽമുകദ്ദിമു വ അൻതൽ മുഅഖ്ഖിറുലാ ഇലാഹ ഇല്ലാ അന്ത അല്ലാഹു

മ്മ ഇന്നീ അഉൗദുബിക മിൻ അദാബിൽ കബ്'രി വമിൻ അദാബിന്നാരി വമിൻ ഫിത്ത്'നത്തിൽമഹ്'യാ വൽമമാത്തി വമിൻ ഫിത്ത്'നത്തിൽ മസീഹിദ്ദജ്ജാൽ."

(അല്ലാഹ്ഹുവേ! ഞാൻ മുമ്പ് ചെയ്തിട്ടുള്ളതും, ഇനി എന്നിൽനിന്നു സംഭവിച്ചുപോകാവുന്നതും ഞാൻ രഹസ്യമായി ചെയ്തിട്ടുള്ളതും പരസ്യമായി ചെയ്തതും, അതിക്രമമായി പ്രവത്തിച്ചിട്ടുള്ളതും എന്നെക്കാൾ കൂടുതലായി നീ അറിയുന്നതുമായ എൻെറ പാപങ്ങളെയൊക്കെ നീ എനിക്കു മാപ്പുചെയ്തുതരേണമേ. നിശ്ചയമായും അതതുകാര്യങ്ങളെ അതതിൻെറ ക്രമപ്രകാരം മുന്തിക്കുന്നവനും പിന്തിക്കുന്നവനും നീതന്നെയാകുന്നു. നീ അല്ലാതെ ആരാധ്യനായി വേറെ ആരുമില്ല. അല്ലാഹ്ഹുവേ! ഖബറിലെ ശിക്ഷയിൽനിന്നും, ജീവിതത്തിലെയും മരണത്തിലെയും വിഷമതകളിൽനിന്നും മസീഹുദ്ദജ്ജാലിൻെറ ഉപദ്രവത്തിൽനിന്നും ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു.)

**12. അത്തഹിയാത്തിനും സ്വലാത്തിനുംവേണ്ടിയുള്ള ഇരിപ്പ്:—**വലതുകാൽ മടക്കി പാദം തറയിൽ കുത്തുകയും, ഇടതുകാലിൻെറ പാദം വലതുകാലിൻെറ അടിയിൽ കൂടി പുറത്തുകൊണ്ടുവരികയും ചെയ്തശേഷം ഇടത്തെ പൃഷ്ഠഭാഗം തറയിൽ ഉറപ്പിച്ച് ഇരിക്കണം. ഒടുവിലത്തെ അത്ത

ഹിയാത്തിനും സലാത്തിനുംവേണ്ടി ഇപ്രകാരംഇരിക്കുന്നതിനെ "തവർറുക്ക്" എന്നു പറയുന്നു. (ചിത്രം 7 നോക്കുക.)



(ചിത്രം 7)

അപ്പോൾ മുൻകൈകൾ രണ്ടും കാലിൻെറ മുട്ടുകളിൽ എത്തത്തക്കവിധം മുഴംകൈകൾ തുടയിൽ വയ്ക്കണം. ഇങ്ങനെ വയ്ക്കുമ്പോൾ വലതുകൈയുടെ തള്ളവിരൽ ചൂണ്ടാണിവിരലിൻെറ അററത്തു വച്ചുകൊണ്ടു വിരലുകൾ കൂട്ടിപ്പിടിക്കണം.

'ഇല്ലല്ലാഹ്' എന്നുച്ചരിക്കുന്നതോടുകൂടി തള്ളവിരൽ ചൂണ്ടാണിവിരലിൻെറ മേൽഭാഗത്തു വയ്ക്കണം. ആ ഇരിപ്പിൽനിന്നു വിരമിക്കേണ്ട സമയംവരെ ചൂണ്ടാണിവിരലിനെ ഉയത്തിപ്പിടിക്കുകയും വിരൽ ഉയത്തിയതു മുതൽ നോട്ടം അതിന്മേൽ ആക്കുകയും ചെയ്യേണ്ടതാണ്. ഇതു് രണ്ടു് അത്തഹിയ്യാത്തിലും സുന്നത്താകുന്നു.

**13. സലാംചൊല്ലുന്നതു്:**—നമസ്കാരത്തിന്റെ ഒടുവിലത്തെ ഇരിപ്പിൽ 'ദുആ'കൾ ഓതിക്കഴിഞ്ഞാൽ

السلام عليكم ورحمة الله

"അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്" (നിങ്ങൾക്കു സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും ഉണ്ടാകട്ടെ) എന്നു ചൊല്ലി പിൻഭാഗത്തിരിക്കുന്ന ആളിനു കാണത്തക്കവിധം മുഖത്തിന്റെ പകുതിവശത്തെ വലത്തോട്ടു തിരിക്കണം. പിന്നെ രണ്ടാമത്തെ സലാംചൊല്ലി മുഖത്തെ ഇടത്തോട്ടും തിരിക്കണം. രണ്ടു സലാംകൊണ്ടും നമസ്കാരത്തിൽനിന്നു് വിരമിക്കുന്നതായും അടുത്തിരിക്കുന്ന മുഅ്മിൻകൾക്കും മലക്കുകൾക്കും സലാംചൊല്ലുന്നതായും വിചാരിക്കുകയും വേണം. (ചിത്രം 8 നോക്കുക.)



(ചിത്രം 8)

**14. തർത്തീബ്:**—നമസ്കാരത്തിന്റെ ആരംഭംമുതൽ അവസാനംവരെ മേൽപ്പറഞ്ഞ ക്രമത്തിൽ അനുഷ്ഠിക്കുകയെന്നതാകുന്നു തർത്തീബ്.

നമസ്കാരത്തിൽ ഉറക്കെ ഓതേണ്ട സ്ഥാനത്ത് ഉറക്കെ ഓതണം. ജമാഅത്ത് നമസ്കാരത്തിൽ ഇമാമിൽനിന്നു നമസ്കാരവുമായി ബന്ധമില്ലാത്ത എന്തെങ്കിലും സംഭവിക്കുന്നെങ്കിൽ "സുബ്ഹാനല്ലാഹ്" എന്നു പറയണം. സ്ത്രീയാണെങ്കിൽ കൈകൾ തമ്മിൽ അടിക്കണം. (വലതു കൈയുടെ അകവശംകൊണ്ടു് ഇടതുകൈയുടെ പുറത്ത് അടിക്കണം) അന്യപുരുഷന്മാർ ഉണ്ടായിരിക്കുന്ന സ്ഥലങ്ങളിൽ എല്ലാ നമസ്കാരങ്ങളിലും സ്ത്രീകൾ പതുക്കെ ഓതണം.

. . .

മൂന്നും നാലും റക്അത്തുള്ള നമസ്കാരം:—രണ്ടു റക്അത്തിൽ കൂടുതലുള്ള നമസ്കാരത്തിൽ രണ്ടാമത്തെ റക്അത്തിനുശേഷം ആദ്യത്തെ അത്തഹിയാത്തിനുവേണ്ടി ഇഫ്ത്തിറാശിന്റെ ഇരിപ്പ് (രണ്ടു സുജൂദിന്റേയും ഇടയ്ക്കുള്ള ഇരിപ്പ്) ഇരിക്കണം. അതിൽ അത്തഹിയാത്തും, "അല്ലാഹുമ്മസല്ലിഅലാമുഹമ്മദ്" എന്ന് നബിയുടെമേൽ സലാത്തും ഓതി വീണ്ടും എഴുന്നേററുനിന്നു ബാക്കിയുള്ള റക്അത്തുകൾ പൂർത്തിയാക്കി, ഒടുവിലത്തെ അത്തഹിയാത്തിനുവേണ്ടി ഇരുന്ന് അത്തഹിയാത്തും സലാത്തും ദുആയും ഓതി അവസാനിപ്പിക്കേണ്ടതാകുന്നു.

. . .

ഖുനൂത്ത്:—സുബ്ഹിനമസ്കാരം രണ്ടാമത്തെ റക്അത്തിൽ ഇഅ്ത്തിദാലിനുശേഷവും റമസാൻ പതിന

ഞ്ചിനു ശേഷമുള്ള വിത്ത്ർ നമസ്കാരത്തിലും മുസ്ലിംകൾക്ക് കാളറാ, ക്ഷാമം മുതലായ എന്തെങ്കിലും ആപത്തു സംഭവിച്ചാൽ അഞ്ചുനേരത്തെ നമസ്കാരത്തിൻെറ ഒടുവിലത്തെ ഇഅ്ത്തിദാലിലും രണ്ടു കൈയും ഉയർത്തി ഖുനൂത്ത് ഓതുന്നതു സുന്നത്താകുന്നു.

(ചിത്രം 9 നോക്കുക.)



(ചിത്രം 9)

ഖുനൂത്തിൻെറ ദുആയിൽ മഅ്മൂമ് 'ആമീൻ' ചൊല്ലുന്നതും മററുള്ളതിൽ ഇമാമോട്ട് ഒത്തു ചൊല്ലുന്നതും സുന്നത്താകുന്നു.

## ഖുനൂത്ത്

اَللّٰهُمَّ اهْدِنِيْ فِيْمَنْ هَدَيْتَ وَعَافِنِيْ فِيْمَنْ عَافَيْتَ
وَتَوَلَّنِيْ فِيْمَنْ تَوَلَّيْتَ وَبَارِكْ لِيْ فِيْمَا اَعْطَيْتَ
وَقِنِيْ شَرَّ مَا قَضَيْتَ فَاِنَّكَ تَقْضِيْ وَلَا يُقْضٰى عَلَيْكَ
وَاِنَّهُ لَا يَذِلُّ مَنْ وَالَيْتَ وَلَا يَعِزُّ مَنْ عَادَيْتَ تَبَارَكْتَ
رَبَّنَا وَتَعَالَيْتَ فَلَكَ الْحَمْدُ عَلٰى مَا قَضَيْتَ اَسْتَغْفِرُكَ
وَاَتُوْبُ اِلَيْكَ وَصَلَّى اللّٰهُ عَلٰى سَيِّدِنَا مُحَمَّدِ
النَّبِيِّ الْاُمِّيِّ وَعَلٰى اٰلِهٖ وَصَحْبِهٖ وَسَلَّمَ ○

"അല്ലാഹുമ്മഹ്ദിനീ ഫീമൻഹദൈത്ത വആഫിനീ ഫീമൻ ആഫൈത്ത വതവല്ലനീ ഫീമൻതവല്ലൈത്ത വബാരിക്ക്‌ലീ ഫീമാ അഅ്ത്വൈത്ത വഖിനീ ശർറമാഖളൈത്ത് * ഫഇന്നക തക്‌ളീ വലായുക്‌ളാ അലൈക്ക വ ഇന്നഹു ലായദില്ലുമൻ വാലൈത്ത വലായഇസ്സുമൻ ആദൈത്ത തബാറക്ത്ത റബ്ബനാ വതആലൈത്ത ഫലകൽഹംദു അലാമാഖളൈത്ത അസ്തഗ്ഫിറുക്ക വ അതൂബു ഇലൈക്ക വസല്ലല്ലാഹു അലാ സയ്യിദിനാ മുഹമ്മദിനിന്നബിയ്യിൽ ഉമ്മിയ്യി വ അലാ ആലിഹീ വസഹ്ബിഹീ വസല്ലം." (അല്ലാഹുവേ! നീ നേർവഴിയിലാക്കിയവരോടുകൂടി എന്നെയും നേർവഴിയിലാക്കേണമേ; നീ സൌഖ്യപ്പെടുത്തിയവരോടുകൂടി എന്നെയും സൌഖ്യപ്പെടുത്തേണമേ; നീ രക്ഷയിലാക്കിയവരോടുകൂടി എന്നെയും രക്ഷയി

---

* തുടരുന്ന ആൾ, മുകളിൽ വരയിട്ടുകാണിച്ചിട്ടുള്ളതിനെ ഇമാമോടുകൂടെ ചൊല്ലണം. മററുള്ളതിൽ ആമീൻ ചൊല്ലണം.

ലാക്കേണമേ; നീ എനിക്കു തന്നിട്ടുള്ള ഒന്നിൽ അനുഗ്രഹം വർഷിക്കേണമേ. നിശ്ചയമായും നീ വിധികർത്താവാണ്. നിന്നിൽ വിധിക്കപ്പെടുകയില്ല. നീ ശ്രേഷ്ഠനാക്കിയവൻ നിസ്സാരനാകയില്ല. നീ നിസ്സാരനാക്കിയവൻ ശ്രേഷ്ഠനാകയുമില്ല. ഞങ്ങളുടെ രക്ഷിതാവേ! നീ അനുഗ്രഹം വർദ്ധിച്ചവനും ഉന്നതനും ആകുന്നു. നീ വിധിച്ചതിന്മേലുള്ള സർവ്വസ്തുതിയും നിനക്കു മാത്രമാണ്. നിന്നോടു ഞാൻ മാപ്പ് അപേക്ഷിക്കുകയും നിന്നിലേയ്ക്കു മടങ്ങുകയും ചെയ്യുന്നു.)

**സുജൂദുസഹ്വ്:**—നമസ്കാരത്തിന്റെ അബ്ആസ് സുന്നത്തുകൾ ഏതെങ്കിലും വിട്ടുപോയാൽ സലാം ചൊല്ലുന്നതിനുമുമ്പ് മറവിയുടെ രണ്ടു സുജൂദുചെയ്തു സലാം ചൊല്ലുന്നത് സുന്നത്താകുന്നു. ആ സുജൂദിൽ "സുബ്ഹാനമൻ ലായനാമു വലായസ്ഹൂ" (മറവിയും ഉറക്കവും ഇല്ലാത്ത ഒരുവനെ ഞാൻ സ്തോത്രംചെയ്യുന്നു) എന്നു മൂന്നുപ്രാവശ്യം പറയേണ്ടതുമാകുന്നു.

## പാഠം 28

# നമസ്കാരത്തിനുശേഷം

അഞ്ചുനേരത്തെ നമസ്കാരത്തിനുശേഷമുള്ള സ്തോത്രങ്ങൾ:—അസ്തഗ്ഫിറുല്ലാഹൽ അസീം (മൂന്നുപ്രാവശ്യം) അൽഖദീം അൽകരീം അർറഹീം അല്ലദീ ലാഇലാഹ ഇല്ലാഹുവൽ ഹയ്യുൽഖയ്യൂം മിൻകുല്ലി ദൻബിൻ വഖത്വീഅത്തിൻ വഅത്തുബു ഇലൈഹി വഅസ്ലുഹു തൌബത്ത അല്ലാഹുമ്മ അന്തസ്സലാമു വമിൻകസ്സലാമു വഇലൈക്ക യർജി ഉസ്സലാം ഹയ്യിനാ റബ്ബനാ ബിസ്സലാമി വഅദ്ഖിൽനാ ദാറസ്സലാം തബാറക്ത റബ്ബനാ വതആലൈത്ത യാദൽ ജലാലി വൽഇക്റാം അല്ലാഹുമ്മ അഈന്നീ അലാദിക്രിക്ക വശ്ശുക്ക്രിക്ക വഹുസ്നി ഇബാദത്തിക്ക വതൌഫീക്കി താഅത്തിക്ക വഈമാനിക്ക യാ അല്ലാഹ്.

പിന്നീട് 'ആയത്തുൽ കുർസി' ഓതണം. അതിനു ശേഷം സുബ്ഹാനല്ലാഹി 33 പ്രാവശ്യം. അൽഹംദുലില്ലാഹി 33 പ്രാവശ്യം. അല്ലാഹുഅക്ബർ 33 പ്രാവശ്യം ഓതണം. അനന്തരം "ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക്കലെഹു ലഹുൽമുൽക്കു വലഹുൽഹംദു യുഹ്‌യി വയുമീത്തു. വഹുവ അലാകുല്ലി ശയ്യിൻകദീർ അല്ലാഹുമ്മ ലാമാനിഅ ലിമാ അഅ്ത്വൈത്ത വലാമുഅ്ത്തിയ ലിമാമന അ്ത്ത വലാറാദ്ദ ലിമാകളൈത്ത വലാമുബദ്ദില ലിമാഹക്കാത വലായൻഫഉദൽജദ്ദി മിൻകൽജദ്ദ്" എന്ന് ഓതണം.

**അഞ്ചുനേരത്തെ നമസ്കാരത്തിനുശേഷമുള്ള ദുആ:—**

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۝ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ
وَعَلٰى اٰلِ مُحَمَّدٍ ۝ اَللّٰهُمَّ اَعِنِّيْ عَنْ ذِكْرِكَ وَشُكْرِكَ
وَحُسْنِ عِبَادَتِكَ وَتَوْفِيْقِ طَاعَتِكَ وَاِيْمَانِكَ يَا اَللّٰهُ ۝
اَللّٰهُمَّ اغْفِرْ لِيْ ذُنُوْبِيْ وَخَطَايَايَ كُلَّهَا اَللّٰهُمَّ
اَنْعِشْنِيْ وَاجْبُرْنِيْ وَارْفَعْنِيْ وَارْزُقْنِيْ وَاهْدِنِيْ
لِصَالِحِ الْاَعْمَالِ وَالْاَخْلَاقِ ۝ اِنَّهُ لَا يَهْدِيْ لِصَالِحِهَا وَلَا
يَصْرِفُ سَيِّئَهَا اِلَّا اَنْتَ اَللّٰهُمَّ اغْفِرْ لَنَا وَارْحَمْنَا وَلِوَالِدِيْنَا
وَلِاُسْتَاذِيْنَا بِرَحْمَتِكَ يَا اَرْحَمَ الرَّاحِمِيْنَ ۝ وَصَلَّى اللّٰهُ
عَلٰى خَيْرِ خَلْقِهٖ سَيِّدِنَا مُحَمَّدٍ وَاٰلِهٖ وَصَحْبِهٖ اَجْمَعِيْنَ ۝
وَالْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۝

അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ അല്ലാഹുമ്മ സല്ലി അലാമുഹമ്മദിൻ വഅലാ ആലിമുഹമ്മദ അല്ലാഹുമ്മ അ അ്ന്നീ അലാദിക്ക്രിക്ക വശുക്ക്രിക്ക വഹുസ്നി ഇബാദത്തിക്ക വതൗഫീഖി താഅത്തിക്ക വ ഈമാനിക്ക യാഅല്ലാഹ് അല്ലാഹുമ്മഗ്ഫിർലീ ദുനൂബീ വഖത്തായായകുല്ലഹാഅല്ലാഹുമ്മൻഅശ്നീ വജ്ബുർനീ വർഫഅ്നീ വർസുഖ്നീ വഹ്ദ്നീ ലിസാലിഹിൽ അഅ്മാലി വൽ അഖ്ലാക് ഇന്നഹു ലായഹ്ദി ലിസാലിഹിഹാ വലായസ്രിഫുസയ്യി അഹാ ഇല്ലാഅൻത അല്ലാഹുമ്മഗ്ഫിർലനാ വർഹംനാ വലിവാലിദീനാ വിലിഉസ്താദീനാ ബിറഹ്മത്തിക്ക യാ അറ്ഹമർ റാഹിമീൻ വ സല്ലലാഹു അലാഖൈയ്രി ഖൽക്കിഹീ സയ്യിദിനാ മുഹമ്മദിൻ വ ആലിഹീ വസഹ്ബിഹീ അജ്മയീന വൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. (സർവ്വസ്തുതിയും സർവ്വലോകപരിപാലകനായ അല്ലാഹുവിനു മാത്രമാകുന്നു. രക്ഷിതാവേ! മുഹമ്മദുനബി സല്ലല്ലാഹു അലൈഹി വസല്ലമിനും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ മഹാകാരുണ്യം ചെയ്യേണമേ. രക്ഷിതാവേ! നിന്നെ സ്മരിക്കുന്നതിനും നിന്നോടു നന്ദി പ്രകടിപ്പിക്കുന്നതിനും നിന്നെ നിഷ്കളങ്കമായി ആരാധിക്കുന്നതിനും നിന്നെ അനുസരിച്ച് അനുഗൃഹീതനാകുന്നതിനും, നിന്നിൽവിശ്വസിക്കുന്നതിനും എന്നെ നീ സഹായിക്കേണമേ. രക്ഷിതാവേ! എന്റെ പാപങ്ങളെയും എല്ലാ തെററുകളെയും എനിക്കു ക്ഷമിച്ചുതരണമെ; വഴിതെററി നശിക്കാതെ എന്നെ സൂക്ഷിച്ചുകൊള്ളണമേ! എന്റെ കുറവുകളെ പരിഹരിക്കേണമേ; എന്നെ ഉന്നതസ്ഥിതിയിലാക്കേണമേ; എനിക്ക് ഉപജീവനമാർഗ്ഗം നല്കേണമേ! എന്നെ നേർമാർഗ്ഗത്തിലാക്കേണമേ! സൽപ്രവൃത്തിക്കും സൽസ്വഭാവത്തിനും എനിക്ക് മാർഗ്ഗദർശനം ചെയ്യേണമേ. അവയിൽ നന്മയ്ക്കു വഴികാണിക്കുകയും തിന്മയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുവാൻ നിനക്കേ സാദ്ധ്യമാകയുള്ളൂ. രക്ഷിതാവേ! ഞങ്ങൾക്കും ഞങ്ങളുടെ

മാതാപിതാക്കന്മാൎക്കും ഞങ്ങളുടെ ഗുരുനാഥന്മാൎക്കും നീ മാപ്പും കരുണയും നല്കേണമേ!............)

## പാഠം 29

# ജമാഅത്തുനമസ്കാരം

ചോ:—ജമാഅത്തുനമസ്കാരമെന്നാൽ എന്തു്?

ഉത്തരം:—രണ്ടോ അതിലധികമോ ആളുകൾ നമസ്കാരത്തിനുള്ളപ്പോൾ ഒരാൾ മുമ്പിൽനിന്നും, മററുള്ളവർ അയാളെ തുടൎന്നും നമസ്കരിക്കുന്നതിനാണു് 'ഇമാമും ജമാഅത്തും' എന്നു പറയുന്നതു്. ഇതിൽ, മുമ്പിൽ നില്ക്കുന്ന ആളിനെ 'ഇമാമ്' എന്നും തുടരുന്നവനെ 'മഅ്മൂമ്' എന്നും പറയുന്നു.

ചോ:—ഇമാമും ജമാഅത്തിനു് എത്ര ആളുകൾ ഉണ്ടായിരിക്കണം?

ഉ:—കുറഞ്ഞതു് ഇമാമും, ഒരു മഅ്മൂമും മതിയാകും. മഅ്മൂമ് എത്ര അധികരിക്കുന്നതും നല്ലതാണു്.

ചോ:—ജമാഅത്തുനമസ്കാരത്തിനു നീയ്യത്തു ചെയ്യേണ്ടതു് എങ്ങനെ?

ഉ:—തുടരുന്നവൻ "ഞാൻ ഈ ഇമാമിനെ തുടൎന്നു നമസ്കരിക്കുന്നു" എന്നു നീയ്യത്തുചെയ്യണം.

ചോ:—ജമഅത്തുനമസ്കാരത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ ഏതെല്ലാം?

ഉ:—പല സംഗതികളും ഇതിൽ ശ്രദ്ധിക്കേണ്ടതായുണ്ടെങ്കിലും പ്രധാനമായ ചിലതു പറയാം. മഅ്മൂമ്, ഈ ഇമാമിനെ തുടൎന്നു നമസ്കരിക്കുന്നു എന്നു് നീയ്യത്തുചെയ്യുന്നതു്, മഅ്മൂമ് മടമ്പിൻകാലുകൊണ്ടു് ഇമാമിനെക്കാൾ മുന്താതിരിക്കുന്നതു്, നടുവിലത്തെ അത്തഹിയാത്തു് ഓത

ലിൻെറ സുജൂദപോലുള്ള സുന്നത്തുകളിലും ഇമാമിനോട്ടു കൂടി ഒത്തുപ്രവൎത്തിക്കുന്നതു്, കാരണംകൂടാതെ പ്രവൃത്തിയാലുള്ള രണ്ടു ഫൎസുകൊണ്ടു് ഇമാമിൽനിന്നു പിന്നിലാകാതിരിക്കുന്നതു്, കാരണത്തോടുകൂടി ദീൎഘമായ മൂന്നു ഫൎസിനേക്കാം പിന്താതിരിക്കുന്നതു്, പ്രവൃത്തിയാലുള്ള രണ്ടു ഫൎസുകൊണ്ടു് ഇമാമിനേക്കാൾ മുന്നിടാതിരിക്കുന്നതു്, മറവികൊണ്ടോ വിവരമില്ലാതെയോ പ്രവൎത്തിച്ചു പോയാൽ വിരോധമില്ല. എന്നാൽ അതിനെ വീണ്ടും ഇമാമിനോട്ടുകൂടി ചെയ്യണം. അറിവോട്ടുകൂടി ഒരു ഫൎസു മുന്നിടുന്നതു് ഹറാമാകുന്നു. ഇമാമിൻെറ പ്രവൃത്തിയോടു മഅ്മൂമു് ശരിയായി തുടരേണ്ടതാണു്. ഓരോ പ്രവൃത്തിയിലും പ്രവേശിക്കുന്നതു് ഇമാമിൻെറ പ്രവേശനത്തിനു ശേഷമായിരിക്കുകയും ഇമാമു് അതിൽനിന്നും ഒഴിവായ ശേഷം മഅ്മൂമു് ഒഴിവാകയും വേണ്ടതാണു്.

ചോ:—ഇമാമിൻെറ ആദ്യസലാമിനുമുമ്പു് തുടരുന്നവനു ജമാഅത്തു കിട്ടുമോ?

ഉ:—ഇമാമിൻെറ ആദ്യസലാമിനുമുമ്പു് തുടരുന്നവനു ജമാഅത്തു കിട്ടും. എന്നാൽ നമസ്കാരത്തിൻെറ ആരംഭംമുതൽ അവസാനംവരെ ഇമാമോട്ടുകൂടി കഴിയുന്നതിലാണു് ജമാഅത്തിൻെറ പൂൎണ്ണത ലഭിക്കുന്നതു്. അങ്ങനെ തുടരുന്നവൻ ഇമാമിൻെറ സലാമിനുശേഷം ആ നമസ്കാരത്തെ പൂൎണ്ണമായും നിൎവ്വഹിക്കണം. തുടരുന്നതു് ഒരാൾ മാത്രമാണെങ്കിൽ ഇമാമിൻെറ വലതുവശം അല്പം പിന്നിട്ടു നില്ക്കണം. പിന്നെ ഒരാൾകൂടി വന്നാൽ അതുപോലെ ഇടതുവശം നിന്നു തുടൎന്നശേഷം രണ്ടുപേരുംകൂടി പിന്തുകയോ സൌകൎയ്യമില്ലാത്തപക്ഷം ഇമാമു് മുന്തുകയോ ചെയ്തു് തുടരുന്നവർ അണിയായി നില്ക്കണം.

ചോ:—ഇമാമോട്ടുകൂടി 'റുക്കൂഇൽ' തുടരുന്നവനു് ആ റക്കഅത്തു കിട്ടുമോ?

ഉ:—ഇമാമോട്ടുകൂടി റുക്കൂഇൽ തുടരുന്നവന്ന് ആ റക്കഅത്തു കിട്ടണമെങ്കിൽ തക്ക്ബീറത്തുൽ ഇഹ്റാമിൻെറ തക്ക്ബീറിനെ ശ്രദ്ധിച്ചു ചൊല്ലുകയും, പിന്നീട്ട റുക്കൂഇന്നു വേണ്ടിയുള്ള സുന്നത്തായ തക്ക്ബീറിനെ വേറെ ഉച്ചരിക്കുകയും വേണ്ടതാകുന്നു. മാത്രമല്ല റുക്കൂഇൽ ഇമാമിനോട്ടു കൂടി അല്പം ഒരടക്കം ഉണ്ടായിരിക്കേണ്ടതുമാകുന്നു. ഇപ്രകാരം ചെയ്താൽമാത്രമേ ആ റക്കഅത്തു കിട്ടുകയുള്ളൂ. ഫാത്തിഹാ ഓതാൻ സമയം കിട്ടാത്ത 'മഅ്മൂമ്' വജ്ജഹത്തും, അഊദും ഓതാൻ പാടുള്ളതല്ല.

ഒരു നമസ്കാരത്തിൻെറ ആരംഭംമുതൽ ഇമാമോട്ടുകൂടി തുടരുന്നതായാൽ ഇമാമ് സലാം വീട്ടുന്നതിനോട്ടുകൂടി തുടരുന്നവൻെറ നമസ്കാരം പൂൎണ്ണമാകും. അഥവാ രണ്ടാമത്തെ റക്കഅത്തിൽ തുടരുന്നതായാൽ ഇമാമിൻെറ സലാമിനുശേഷം മഅ്മൂമ് സലാം വീട്ടാതെ എഴുന്നേററു ബാക്കി ഒരു റക്കഅത്തു നമസ്കരിച്ചു സലാം വീട്ടേണ്ടതാണ്. ഇപ്രകാരംതന്നെ മൂന്നാമത്തെയോ നാലാമത്തെയോ റക്കഅത്തിൽ തുടരുന്നെങ്കിലും ബാക്കി റക്കഅത്തുകൾ നമസ്കരിച്ചു പൂൎത്തിയാക്കേണ്ടതാകുന്നു.

പാഠം 30

## ജുംഅത്ത നമസ്കാരം

ചോദ്യം:—ജുംഅത്ത നമസ്കാരം എന്നാൽ എന്തു്?

ഉത്തരം:—വെള്ളിയാഴ്ച ദിവസം ളുഹ്ർ നാലു റക്കഅത്തു ഫർളു നമസ്കരിക്കുന്നതിനു പകരം, മസ്ജിദുകളിൽ ജനങ്ങൾ ഒരുമിച്ചുകൂടി രണ്ടു ഖുത്തുബയ്ക്കുശേഷം ഇമാമോട്ടുകൂടി രണ്ടു റക്കഅത്തു നമസ്കരിക്കുന്നതിന്ന് ജുംഅത്ത നമസ്കാരം എന്നു പറയുന്നു.

**ചോ:—ജുംഅത്ത നമസ്കാരം ആൎക്കെല്ലാമാണു നിർബന്ധമായിട്ടുള്ളതു്?**

ഉ:—പ്രായപൂർത്തിയുള്ളവനും; ജുംഅ നമസ്കാരത്തിൽ സംബന്ധിക്കുവാൻ മതപരമായ തടസ്സമില്ലാത്തവനും, സ്വബോധമുള്ള സ്വതന്ത്രനും ജുംഅ ഉള്ള ദേശത്തോ, അവിടെനിന്നുമുള്ള ബാങ്കു കേൾക്കപ്പെടാവുന്ന അയൽദേശത്തോ താമസിക്കുന്നവനും ആയ ഓരോ പുരുഷനും ജുംഅ 'ഫർസുഅയിൻ' ആകുന്നു.

ചോ:—ജുംഅയുടെ നിയ്യത്ത് എങ്ങനെ?

ഉ:—"ജുംഅ എന്ന ഫർസുനമസ്കാരം രണ്ടു റക്അത്ത് ഇമാമിനെ തുടർന്ന് ഞാൻ നമസ്കരിക്കുന്നു" എന്നാണ് അതിൻെറ നിയ്യത്ത്.

ചോ:—ജുംഅ നമസ്കാരം നിർബന്ധമില്ലാത്തത് ആർക്കെല്ലാം?

ഉ:—സ്ത്രീകൾ, കുട്ടികൾ, അടിമകൾ, വഴിയാത്രക്കാർ എന്നിവക്ക് ജുംഅ നമസ്കാരം നിർബന്ധമില്ല.

ചോ:—തക്കതായ കാരണമുണ്ടായി ജുംഅയ്ക്കു പോകാൻ സാധിക്കാതെവന്നാൽ എന്തുചെയ്യണം?

ഉ:—അവർ ളുഹ്ർ നമസ്കരിക്കണം.

ചോ:—രണ്ടാമത്തെ റക്അത്തിൽ തുടരുന്നവന് ജുംഅ കിട്ടുമോ?

ഉ:—രണ്ടാമത്തെ റക്അത്തിൽ തുടരുന്ന ആളിന് ആ റക്അത്തിൽ ഇമാമോടൊന്നിച്ച് 'റുക്കൂഅ്ഇൽ' താമസം കിട്ടണം. എന്നാൽ മാത്രമേ ജുംഅ കിട്ടുകയുള്ളൂ. അങ്ങനെ താമസം കിട്ടാത്തപക്ഷം ഇമാമിനെ തുടർന്നുതന്നെ നമസ്കരിക്കേണ്ടതും ഇമാമിൻെറ സലാമിനുശേഷം ളുഹ്ർ പൂർണ്ണമാക്കേണ്ടതുമാണ്.

ചോ:—ജുംഅയുടെ സുന്നത്തുകൾ ഏതെല്ലാം?

ഉ:—ജുംഅയ്ക്കു മസ്ജിദിൽ പോകുവാൻ വിചാരിക്കുന്ന ആൾ കുളിക്കുന്നത്, നേരത്തെ മസ്ജിദിൽ പോകുന്നത്, നഖം മുറിയ്ക്കുന്നത്, മേൽമീശ വെട്ടിയ്ക്കുന്നത്,

കക്ഷത്തിലേയും ഗുഹ്യസ്ഥാനത്തിലേയും മുടി കളയുന്നത്, ദുർഗ്ഗന്ധം അഴുക്ക മുതലായതു നീക്കുന്നത്, വെള്ളവസ്ത്രം ധരിക്കുന്നത്, സുഗന്ധദ്രവ്യം പൂശുന്നത്, നബി സല്ലല്ലാഹു അലൈഹിവസല്ലമിന്റെ മേൽ സലാത്തും ദുആയും അധികരിപ്പിക്കുന്നത്, അൽകഹ്ഫ്സൂറ ഓതുന്നത്, ഖത്തീബു മിംബറിൽ കയറിയതുമുതൽ ഖുത്തുബ ഓതി അവസാനിക്കുന്നതുവരെ സംസാരിക്കാതിരിക്കുന്നത്, മുഅദ്ദിന് (ബാങ്കുകൊടുക്കുന്ന ആൾ) ജവാബു പറയുന്നത്, ഖുത്തുബ ശ്രദ്ധിച്ചു കേൾക്കുന്നതിൽ മാത്രം ഓർമ്മയായിരിക്കുന്നത്, നമസ്കാരത്തിൽ ഒന്നാമത്തെ സഫിൽ ഇമാമിന്റെ വലതുവശത്തു നില്ക്കുന്നത്, അതിനു സാധിച്ചില്ലെങ്കിൽ എത്രത്തോളം അടുത്ത സഫിൽ നില്ക്കാൻ സാധിക്കുമോ അത്രത്തോളം അടുത്തു നില്ക്കുന്നത്; ഇവയാകുന്നു ജുംഅയുടെ സുന്നത്തുകൾ.

ചോ:—ജുംഅയിൽ ഹറാമായ സംഗതികൾ എന്തെല്ലാം?

ഉ:—വെള്ളിയാഴ്ച ദിവസം തക്ക കാരണം കൂടാതെ സഫർ (യാത്ര) പോകുന്നത്, ഖുത്തുബയുടെ ബാങ്കിനുശേഷം ജുംഅയിൽ സംബന്ധിക്കാൻ തടസ്സമായിവരുന്ന വല്ല സംഗതികളിലും ഏർപ്പെടുന്നത്, താമസിച്ചു വരുന്നവൻ ഇരിക്കുന്നവരുടെ തോളുകൾ കവച്ചുവച്ചു കടക്കുന്നത്, ഖത്തീബു് മിമ്പറിൽ ഇരുന്നുകഴിഞ്ഞാൽ ലഘുവായ തഹിയ്യത്തുൽ മസ്ജിദുനമസ്കാരമല്ലാത്ത മററു നമസ്കാരത്തെ ചെയ്യുന്നത് എന്നിവയാകുന്നു.

പാഠം 31

# കസർ നമസ്കാരം

ചോ:—കസർ നമസ്കാരമെന്നാൽ എന്താണ്?

ഉത്തരം:—യാത്രക്കാരനു സൗകര്യത്തെ ഉദ്ദേശിച്ച് അഞ്ചു ശർത്തുകളോടുകൂടി 'അദാ' ആയി വീടപ്പെടുന്ന

നാലു റക്അത്തുള്ള ഫർസുനമസ്കാരത്തെ രണ്ടു റക്അത്തായി ചുരുക്കി നമസ്കരിക്കുന്നതിന് അനുവദിയ്ക്കപ്പെട്ടിരിക്കുന്നു. അതാണ് കസർനമസ്കാരം.

ചോ:—അതിന്റെ നിയ്യത്ത് എങ്ങനെ?

ഉ:—"നാലു റക്അത്ത് (ഇന്ന) ഫർസുനമസ്കാരത്തെ രണ്ടായി ചുരുക്കി നമസ്കരിക്കുന്നു" എന്നാകുന്നു ഇതിനുള്ള നിയ്യത്ത്.

ചോ:—കസർനമസ്കാരത്തിന്റെ ശർത്തുകൾ ഏതെല്ലാം?

ഉ:—(1) മതം അനുവദിക്കുന്ന (മുബാഹായ) യാത്രയായിരിക്കുന്നത്, (2) യാത്രയിൽ ചെന്നെത്തേണ്ട സ്ഥലത്തേയ്ക്കുള്ള ദൂരം കുറഞ്ഞത് 16 കാതം (അറേബ്യയിലെ കണക്കനുസരിച്ച് 82 മൈൽ) എങ്കിലും ഉണ്ടായിരിക്കുന്നത്. (3) ചുരുക്കുന്ന നമസ്കാരം നാലു റക്അത്തായിരിക്കുന്നത്. (4) തക്ബീറത്തുൽ ഇഹ്റാമോടുകൂടി ചുരുക്കുന്നതിനെ നിയ്യത്തുചെയ്യുന്നത്. ആ നിയ്യത്ത് അവസാനം വരെ ഉണ്ടായിരിക്കേണ്ടതാണ്. (5) റക്അത്തുകൾ പൂർത്തിയാക്കി നമസ്കരിക്കുന്ന ഇമാമിനെ തുടരാതിരിക്കുന്നത്.

സ്വദേശാതിർത്തി വിടുന്നതിനു മുൻപും, മടങ്ങിയെത്തിയശേഷവും, നാലോ അധികമോ ദിവസത്തെ താമസം ഉദ്ദേശിച്ച് ഒരു സ്ഥലത്തു താമസിക്കുമ്പോഴും ചുരുക്കി നമസ്കരിക്കുവാൻ പാടില്ല. അങ്ങനെ ഉദ്ദേശിച്ചില്ലെങ്കിൽ 18 ദിവസംവരെ കസർ ആവാം.

## പാഠം 32

## ജംഅ് നമസ്കാരം

ചോ:—ജംഅ് നമസ്കാരം എന്നാൽ എന്ത്?

ഉത്തരം:—യാത്രചെയ്യുന്നവന് ളുഹ്റും അസറും ഒരുമിച്ച് ഇവ രണ്ടിലൊന്നിന്റെ സമയത്തും മഗ്രിബും

ഇശായും ഒരുമിച്ച് ഇവ രണ്ടിലൊന്നിൻെറ സമയത്തും ചേൎത്ത് നമസ്കരിക്കുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നു. ഇതിനെയാണ് ജംഅ് നമസ്കാരമെന്നു പറയുന്നതു്. ജംഅ് തക്ദീം എന്നും, ജംഅ് തഅ്ഖീർ എന്നും ഇതു രണ്ടുവിധത്തിലുണ്ടു്.

ചോ:—ജംഅ് തക്ദീം എന്നാൽ എന്തു്?

ഉ:—അസറിനെ ളുഹ്റോടും, ഇശായെ മഗ്‌രിബിനോടും ചേൎക്കുന്നതിനു ജംഅ് തക്ദീം എന്നു പറയുന്നു.

ചോ:—ജംഅ് തക്ദീം നമസ്കാരത്തിൻെറ ശൎത്തുകൾ ഏതെല്ലാം?

ഉ:—(1) ആദ്യനമസ്കാരത്തെ ആദ്യവും, പിന്നീട് രണ്ടാമത്തതിനേയും ചെയ്യുന്നതു്. (2) ആദ്യത്തേതിൻെറ ഇഹ്റാമോടുകൂടിയോ സലാമിനു മുൻപോ ജംഅ് ആക്കുന്നു എന്നു നിയ്യത്തുചെയ്യുന്നതു്. (3) രണ്ടു നമസ്കാരങ്ങളുടെയിടയിൽ താമസംകൂടാതെ തുടൎന്നുചെയ്യുന്നതു്.

ചോ:—ജംഅ് തഅ്ഖീർ നമസ്കരിക്കേണ്ടതു് എങ്ങനെ? അതിൻെറ ശൎത്തുകൾ എന്തെല്ലാം?

ഉ:—ളുഹ്റിനെ അസറിനോടും, മഗ്‌രിബിനെ ഇശായോടും ചേൎത്തു നമസ്കരിക്കുന്നതിനു ജംഅ് തഅ്ഖീർ എന്നു പറയുന്നു. ആദ്യത്തെ നമസ്കാരത്തിൻെറ സമയത്തുതന്നെ രണ്ടാമത്തെ നമസ്കാരത്തോടുകൂടി ചേൎത്തു നമസ്കരിക്കാമെന്നു നിയ്യത്തുചെയ്യുന്നതാണ് ഇതിൻെറ ശൎത്തു്.

പാഠം 33

## രണ്ടു പെരുനാാൾനമസ്കാരം

ചോ:—രണ്ടു പെരുനാാൾനമസ്കാരമെന്നാൽ എന്തു്?

ഉത്തരം:—റമസാൻമാസത്തെ നോമ്പ് അവസാനിക്കുന്നതിൻെറ പിറേറദിവസവും (ശവ്വാൽ 1—ാം ദിവസം), ദുൽഹജ്ജ്മാസത്തിലെ പത്താംദിവസവും ജമാഅത്തായി

രണ്ടു റക്കഅത്തു നമസ്കരിക്കുന്നതിനു രണ്ടു പെരുനാറംനമസ്കാരമെന്നു പറയുന്നു. ഇതു ബലവത്തായ സുന്നത്താകുന്നു.

ചോ:—ഈ നമസ്കാരങ്ങളുടെ സമയം എപ്പോഴാണ്? നമസ്കരിക്കേണ്ട വിധമെങ്ങനെ?

ഉ:—ഇതിൻെറ സമയം, സൂര്യൻ ഉദിച്ച് ഉദ്ദേശം ഏഴമുഴം ഉയൎന്നതുമുതൽ മദ്ധ്യാഹ്നത്തിന് അല്പം മുൻപു വരെയാകുന്നു. ഇതിൻെറ ആദ്യറക്കഅത്തിൽ തക്ബീറത്തുൽ ഇഹ്റാമിനുശേഷം ഏഴപ്രാവശ്യവും രണ്ടാമത്തതിൽ എഴുന്നേററുനില്ക്കുന്നതിനുള്ള തക്ബീർ ഒഴിച്ച് അഞ്ചുപ്രാവശ്യവും തക്ബീറ ചൊല്ലേണ്ടതാണ്. നമസ്കാരത്തിനുശേഷം രണ്ടു ഖുത്തുബ ഓതണം. ചെറിയ പെരുനാളിൻെറ തലേദിവസം, അതായതു് റമസാൻഒടുവിലത്തെ ദിവസം അസ്തമനംമുതൽ പെരുനാറംനമസ്കാരം തീരുന്നതുവരെയും വലിയ പെരുനാളിൻെറ തലേദിവസം അതായതു് ദുൽഹജ്ജ് 9 സുബ്ഹിമുതൽ 13 അസർവരെയും എല്ലാ നമസ്കാരങ്ങറംക്കുശേഷവും തക്ബീർ ചൊല്ലണം.

ചോ:—തക്ബീർ എപ്രകാരമാണ്?

ഉ:—"അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ അല്ലാഹു അക്ബർ വലില്ലാഹിൽഹംദ്" എന്നിപ്രകാരമാകുന്നു.

പാഠം 34

## മററു സുന്നത്തുനമസ്കാരങ്ങറം

ചോദ്യം:—മററു സുന്നത്തുനമസ്കാരങ്ങറം ഏതെല്ലാം? അവ നമസ്കരിക്കേണ്ടവിധമെങ്ങനെ?

ഉത്തരം:—(1) സുഹാനമസ്കാരം:—സൂൎയ്യൻ ഉദിച്ച് ഉദ്ദേശം ഏഴമുഴം ഉയൎന്നതുമുതൽ മദ്ധ്യാഹ്നംവരെയാണ്

ഇതിന്റെ സമയം. ചുരുങ്ങിയതു രണ്ടു റക്കഅത്ത്. ഏറിയതു് എട്ടു റക്കഅത്ത്.

(2) തഹിയ്യത്തു്:—മസ്ജിദിൽ പ്രവേശിക്കുന്നവർ ഇരിക്കുന്നതിനു മുൻപ് ചെയ്യേണ്ട ഒരു നമസ്കാരമാണു് തഹിയ്യത്തു്. മസ്ജിദിൽ പ്രവേശിച്ചവൻ തഹിയ്യത്തു കൂടി കരുതിക്കൊണ്ടു് ഏതു നമസ്കാരം നടത്തിയാലും ഈ സുന്നത്തു ലഭിക്കുന്നതാണു്.

(3) തഹജ്ജുദ്:—രാത്രി അല്പം ഉറങ്ങിയതിനുശേഷം എഴുന്നേററു ചെയ്യുന്ന നമസ്കാരമാണിതു്. വിത്ത്റിനെ പിന്തിച്ചു ചെയ്താൽ ഈ പ്രതിഫലംകൂടി കിട്ടും.

(4) ഗ്രഹണനമസ്കാരം:—സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം ഇവയുണ്ടാകുമ്പോൾ രണ്ടു റക്കഅത്തുവീതം നമസ്കരിക്കുന്നതു്. ഇതിന്റെ സമയം ഗ്രഹണം തുടങ്ങിയതു മുതൽ അതു നീങ്ങുന്നതുവരെയാകുന്നു. നമസ്കാരത്തിനു ശേഷം രണ്ടു ഖുത്തുബയും സുന്നത്താകുന്നു.

(5) മഴയ്ക്കുവേണ്ടിയുള്ള നമസ്കാരം:—മഴ കുറഞ്ഞു വെള്ളം കിട്ടാതെവരുമ്പോൾ അതിനുവേണ്ടി രണ്ടു റക്കഅത്തു നമസ്കരിക്കുന്നതു്. നമസ്കാരത്തിനുശേഷം രണ്ടു ഖുത്തുബ ഓതുന്നതു സുന്നത്താകുന്നു.

(6) തറാവീഹ്നമസ്കാരം:—ഇതു റമസാനിൽമാത്രം ഇശാനമസ്കാരത്തിനുശേഷം ചെയ്യപ്പെടുന്ന ഒരു നമസ്കാരമാകുന്നു. ഇതിന് ഇരുപതു റക്കഅത്തുണ്ടു്.

പാഠം 35

# മയ്യിത്തുനമസ്കാരം

ചോദ്യം:—മയ്യിത്തുനമസ്കാരത്തിന്റെ ഫർസുകൾ എന്തെല്ലാം?

ഉത്തരം:—(1) "ഈ മയ്യിത്തിന്റെമേൽ ഫർസായ നമസ്കാരത്തെ ഞാൻ ചെയ്യുന്നു" എന്നു നിയ്യത്തുചെയ്യുന്ന

ള്. (2) നില്ക്കുവാൻ കഴിവുള്ളവർ നില്ക്കുന്നതു്. (3) നാലു തക്ബീർ ചൊല്ലുന്നതു്. (4) ഒന്നാമത്തെ തക്ബീറിനു ശേഷം ഫാത്തിഹ ഓതുന്നതു്. (5) രണ്ടാമത്തെ തക്ബീറിനുശേഷം "അല്ലാഹുമ്മ സല്ലിഅലാ മുഹമ്മദ്വ വ അലാ ആലിമുഹമ്മദിൻ കമാസല്ലൈത്ത അലാ ഇബ്രാഹീമ വഅലാ ആലി ഇബ്രാഹീമ വബാരിക്ക് അലാമുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാബാറക്ക്ത്ത അലാ ഇബ്രാഹീമ വഅലാ ആലിഇബ്രാഹീമ ഫിൽ ആലമീന ഇന്നക്ക ഹമീദുൻ മജീദ്" എന്നു് നബി സല്ലല്ലാഹു അലൈഹിവസല്ലമിന്റെമേൽ സലാത്തു ചൊല്ലുന്നതു്. (6) മൂന്നാമത്തെ തക്ബീറിനുശേഷം മയ്യിത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതു്.

ദുആ:

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعْفُ عَنْهُ وَاَكْرِمْ نُزُلَهُ
وَوَسِّعْ مُدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ
وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْاَبْيَضُ مِنَ الدَّنَسِ
وَاَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَاَهْلًا خَيْرًا مِنْ اَهْلِهِ
وَزَوْجًا خَيْرًا مِنْ زَوْجِهِ وَاَدْخِلْهُ الْجَنَّةَ وَاَعِذْهُ
مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ

"അല്ലാഹുമ്മഗ്ഫിർലഹു * വർഹംഹു വ ആഫിഹി വഅ്ഫു അൻഹു വ അക്രിം നുസ്ലഹു വ വസ്സി

* മയ്യിത്തു സ്ത്രീയായിരുന്നാൽ അല്ലാഹുമ്മഗ്ഫിർലഹാ വർഹംഹാ എന്നു ചൊല്ലണം.

അ് മദ്ഖലഹൂ വഗ്സിൽഹു ബിൽമായി വസ്സൽജി വൽബർദി വനക്കിഹീ മിനൽ ഖതായാ കമായുനക്കാസ്സൌബുൽ അബ്യസു മിനദ്ദനസി വ അബ്ദിൽഹു ദാറൻ ഖൈറൻ മിൻദാരിഹീ വഅഹ്ലൻഖൈറൻ മിൻ അഹ്ലിഹീ വ സൌജൻ ഖൈറൻ മിൻസൌജിഹീ അല്ലാഹുമ്മ വ അദ്ഖിൽഹുൽജന്നത്ത വ അഇദ്ഹു മിൻ അദാബിൽകബ്രി വമിൻ അദാബിന്നാർ."

(അല്ലാഹുവേ! നീ ഈ ആളിനു പൊറുത്തുകൊടുക്കകയും, കരുണചെയ്യുകയും, മാപ്പുചെയ്യുകയും, സുഖം നൽകുകയും, ഈ ആളിന്റെ താവളസ്ഥലത്തെ ബഹുമാന്യമാക്കുകയും, പ്രവേശനസ്ഥലത്തെ വിശാലമാക്കിക്കൊടുക്കകയും ചെയ്യേണമേ. ഈ ആളിനെ വെള്ളംകൊണ്ടും, മഞ്ഞുകൊണ്ടും, ആലിപ്പഴംകൊണ്ടും കുളിപ്പിക്കുകയും, വെള്ളവസ്ത്രത്തെ അഴുക്കിൽനിന്നും ശുദ്ധമാക്കുന്നപ്രകാരം ഈ ആളിനെ പാപങ്ങളിൽനിന്നും വിമുക്തനാക്കുകയും ചെയ്യേണമേ. ഈയാളുടെ വീടിനെക്കാൾ നല്ല വീടിനേയും, കുടുംബത്തെക്കാൾ നല്ല കുടുംബത്തേയും, ഇണയെക്കാൾ നല്ല ഇണയേയും പകരം നൽകേണമേ. ഈയാളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ഖബറിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽനിന്നും രക്ഷപ്പെടുത്തുകയും ചെയ്യേണമേ.)

(7) നാലാമത്തെ തക്ബീറിനുശേഷം സലാം വീട്ടന്നു്. സലാമിനു മുമ്പായി

اَللّٰهُمَّ لَا تَحْرِمْنَا اَجْرَهُ وَلَا تَفْتِنَّا بَعْدَهُ وَاغْفِرْ لَنَا وَلَهُ

"അല്ലാഹുമ്മ ലാതുഹർരിംനാ അജ്റഹു വലാതഫ്തിന്നാ ബഅ്ദഹു വഗ്ഫിർലനാ വലഹു." (അല്ലാഹുവേ! ഈ

മയ്യിത്തിനായി നമസ്കരിച്ച പ്രതിഫലത്തെ ഞങ്ങൾക്ക നഷ്ടമാക്കുകയോ ഇദ്ദേഹത്തിനുശേഷം നീ ഞങ്ങളെ അനത്ഥത്തിലാക്കുകയോ ചെയ്യരുതേ! ഞങ്ങൾക്കും ഇദ്ദേഹത്തിനും നീ പൊറുത്തുതരേണമേ!) എന്നു ചൊല്ലുന്നതു് സുന്നത്താകുന്നു.

പാഠം 36

## സക്കാത്തു്

ചോദ്യം:—സക്കാത്തു് എന്നാൽ എന്തു്?

ഉത്തരം:—സക്കാത്തു് ഇസ്ലാമിന്റെ മൌലികസിദ്ധാന്തങ്ങളിൽ മുഖ്യമായ ഒന്നാകുന്നു. മനുഷ്യർക്ക പരസ്പരമുള്ള ചുമതലകളെയും, ഉത്തരവാദിത്വത്തെയുംപററി സക്കാത്തു നമ്മെ പഠിപ്പിക്കുന്നു. ദരിദ്രരുടെ ആവശ്യത്തിലേക്കുവേണ്ടി ധനികന്മാരുടെമേൽ ചുമത്തുന്ന ഒരു ദൈവികനികുതിയാകുന്നു സക്കാത്തു്. മനുഷ്യരെല്ലാവരും ധനികദരിദ്രഭേദമെന്യേ ഏകോദരസഹോദരന്മാരാണെന്നും, ഒരുവന്റെ ക്ലേശങ്ങളും ആവശ്യങ്ങളും പരിഹരിക്കുവാൻ മററുള്ളവക്കു് ഒരു കത്തവ്യമുണ്ടെന്നും പഠിപ്പിക്കുന്ന വിശുദ്ധപാഠമാണു് സക്കാത്തു്. കുറെ ആളുകൾ ധനമെല്ലാം ഉരുക്കൂട്ടിവച്ചു് മുതലാളികളായി ദരിദ്രപക്ഷത്തെ മർദ്ദിക്കാതിരിക്കേണ്ടതിലേയ്ക്കു് അല്ലാഹു നിർദ്ദേശിച്ച ഒരു മാർഗ്ഗമാണിതു്. സക്കാത്തു് എന്ന പദത്തിന്റെ അത്ഥംതന്നെ ശുദ്ധീകരണം എന്നാണു്. അതു് ധനത്തേയും ധനമുടമസ്ഥനേയുംശുദ്ധീകരിക്കുന്നു.

പാഠം 37

## റമസാൻവ്രതം

ചോദ്യം:—റമസാൻവ്രതമെന്നാൽ എന്തു്?

ഉത്തരം:—റമസാൻമാസത്തിലെ ഓരോ ദിവസവും ഉണ്മപ്രഭാതം (സുബ്ഹ്സാദിക്ക്) മുതൽ സൂര്യാസ്തമനം വരെ നിയ്യത്തോടുകൂടി ആഹാരപാനീയങ്ങളെ മാത്രമല്ല

നോമ്പിനെ മുറിക്കുന്ന മറെറല്ലാ സംഗതികളേയും ഉപേക്ഷിക്കുന്നതിനെയാകുന്നു റമസാൻവ്രതമെന്നു പറയുന്നത്ു. കുറേക്കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഭക്ഷണപാനീയങ്ങൾമാത്രമല്ല സുഖഭോഗങ്ങൾ എല്ലാംതന്നെ സദുദ്ദേശത്തോടുകൂടിയും അല്ലാഹുവിൻെറ തൃപ്തിക്കുവേണ്ടിയും ഉപേക്ഷിക്കേണ്ടതാകുന്നു. നാക്കു്, കണ്ണു്, ചെവി, ഹൃദയം, കൈകാലുകൾ തുടങ്ങി ദേഹത്തിലുള്ള ഓരോ അവയവങ്ങളെക്കൊണ്ടും വ്രതമനുഷ്ഠിപ്പിക്കുവാൻ ഓരോ മുസ്ലിമും നിർബ്ബന്ധിതനാണു്. കളവുപറയാതിരിക്കുക, ചീത്ത വാക്കുകൾ ഉച്ചരിക്കാതിരിക്കുക, അന്യരെ ദുഷിക്കാതിരിക്കുക ഇവയാണു് നാക്കിൻെറ വ്രതം. അന്യസ്ത്രീകളെ നോക്കാതെ കഴിയുന്നതാണു് കണ്ണിൻെറ വ്രതം. ചീത്ത വാക്കുകൾ കേൾക്കാതെയും മററും സൂക്ഷിക്കേണ്ടതു ചെവിയുടെ വ്രതമാകുന്നു. മേല്പറഞ്ഞ കാര്യ്യങ്ങളെ സൂക്ഷിക്കുന്നതോടുകൂടി അവയുടെ വിചാരംപോലും ഹൃദയത്തിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു. ഇങ്ങനെ അവയവങ്ങളെ പാപകർമ്മങ്ങളിൽനിന്നും ഒഴിച്ചുനിറുത്തുന്നതിനും പുറമെ, ധർമ്മം കൊടുക്കുക, ഇഅ്ത്തികാഫ് ഇരിക്കുക, ജമാഅത്തായി നമസ്കരിക്കുക, തറാവീഹ് നമസ്കരിക്കുക, ഖുർആൻ ഓതുക എന്നീ പുണ്യകർമ്മങ്ങളും ആചരിക്കേണ്ടതാണു്. (കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ 'റമസാൻവ്രതം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.)

പാഠം 38

## ഹജ്ജ്

ചോദ്യം:—ഹജ്ജ് എന്നാൽ എന്തു്?

ഉത്തരം:—പുണ്യഭൂമിയായ മക്കാനഗരത്തിൽ സ്ഥിതിചെയ്യുന്ന കഅ്ബാലയത്തിലും അതിൻെറ സമീപപ്രദേശത്തുള്ള ചില പ്രത്യേകസ്ഥാനങ്ങളിലും കൃത്യദിവസ

ങ്ങളിൽ ആചരിക്കുന്ന കർമ്മങ്ങളെയാണ് ഹജ്ജ് എന്നുപറയുന്നത്. ഇത് ഇസ്ലാമിൻെറ അഞ്ചാമത്തെ ഫർസാകുന്നു.

ചോ:—ഹജ്ജിൻെറ ഉദ്ദേശമെന്താണ്?

ഉ:—ഹജ്ജ് തീർത്ഥാടനത്തിൻെറ ഉദ്ദേശം രണ്ടാണ്. (1) ലോകത്തിലെ ഇസ്ലാമികജനതാപ്രതിനിധികളെ ഇല്ലെവർഷത്തിലൊരിക്കൽ ഒരുസ്ഥലത്തു സമ്മേളിപ്പിക്കുന്നു. ഈ അവസരത്തിൽ തങ്ങളെ സംബന്ധിക്കുന്ന പല പ്രശ്നങ്ങളെപ്പററിയും കൂടിയാലോചനനടത്തുന്നതിനു വിവിധ നാട്ടുകളിലെ മുസ്ലിംകൾക്കു സൗകര്യം ലഭിക്കുന്നു. (2) ലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും ചക്രവർത്തി മുതൽ വെറും കൂലിക്കാരൻവരെയുള്ള മുസ്ലിംകൾ പ്രത്യക്ഷമായ യാതൊരു ഭിന്നഭാവങ്ങളും കൂടാതെ ഈ കർമ്മത്തിനു തോളോടുതോൾ ചേർന്നുനില്ക്കുന്നു. അല്ലാഹുവിൻെറ വിശുദ്ധ കഅ്ബായിൽ പണ്ഡിതപാമരവ്യത്യാസമോ ധനികദരിദ്ര ഭേദമോ ഇല്ല.

## പാഠം 39

## കാഫിറായിത്തീരാൻ ഇടയാക്കുന്ന സംഗതികൾ

ചോ:—കാഫിറായിത്തീരാൻ ഇടയാക്കുന്ന സംഗതികൾ എന്തെല്ലാം?

ഉത്തരം:—കാഫിറായിത്തീരാൻ ഇടയാക്കുന്ന സംഗതികൾ വളരെയധികമുണ്ട്. അല്ലാഹു ഉണ്ടോ ഇല്ലയോ എന്നു സംശയിക്കുക, അല്ലാഹുവിനോട് അന്യവസ്തുക്കളെ സമപ്പെടുത്തുക, അമ്പിയാമുർസലുകളേയോ കിത്താബുകളേയോ അവിശ്വസിക്കുക, മുത്തവാത്തിറായ ഹദീസിനെയോ ഖുർആനേയോ നിഷേധിക്കുക, മതം നിരോധിച്ചിട്ടുള്ള സംഗതികളെ ശരിയാണെന്നു വിശ്വസിച്ചു സ്വീകരിക്കുക, മനുഷ്യരെ സുജൂദുചെയ്യുക, സൃഷ്ടികളെ ആരാധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

# അനുബന്ധം

## വലിയ അശുദ്ധി

### കുളി നിർബ്ബന്ധമാകുന്നതിനുള്ള കാരണങ്ങൾ

(1) സംഭോഗം, (2) ഉറക്കത്തിലോ മററുവല്ല കാരണത്താലോ ഉള്ള ഇന്ദ്രിയസ്ഖലനം, (3) മരണം (4) ആർത്തവരക്തം പുറപ്പെട്ടു് അവസാനിക്കുക, (5) പ്രസവം, (6) പ്രസവരക്തം പുറപ്പെട്ടു് അവസാനിക്കുക—ഇവ കുളി നിർബ്ബന്ധമാകുന്നതിനുള്ള സംഗതികളാകുന്നു.

ചോ:—ആർത്തവരക്തം എന്നാൽ എന്തു്?

ഉ:—സ്ത്രീകളുടെ ഗർഭപാത്രത്തിൽനിന്നു ക്ലിപ്തകാലങ്ങളിൽ പുറപ്പെടുന്ന രക്തത്തിനാണു് ആർത്തവരക്തമെന്നു പറയുന്നതു്. ഇതിനു് തീണ്ടാരി എന്നു സാധാരണ പറയാറുണ്ടു്. ചന്ദ്രവർഷം അനുസരിച്ചു സ്ത്രീകൾക്കു് ഉദ്ദേശം ഒൻപതുവയസ്സിലോ അതിനുശേഷമോ ആർത്തവം ആരംഭിക്കുകയും, ഓരോമാസത്തിലും അതു് ഉണ്ടാകയും ചെയ്യുന്നു. ഒൻപതുവയസ്സിനുമുമ്പു് ഈ വിധത്തിൽ രക്തം പുറപ്പെട്ടാൽ അതു രോഗരക്തമായി ഗണിക്കണം. ആർത്തവരക്തം പുറപ്പെട്ടു് അവസാനിക്കുന്നതിനുള്ള കുറഞ്ഞസമയം ഒരു രാത്രിയും പകലും ആകുന്നു. കൂടിയതു് പതിനഞ്ചുദിവസമാണു്. അതിൽ കൂടിയാൽ ആയതു രോഗരക്തമായി ഗണിക്കപ്പെടും. ഒരിക്കൽ ആർത്തവശുദ്ധി വന്നശേഷം അടുത്ത ആർത്തവത്തിനു ചുരുങ്ങിയതു പതിനഞ്ചുദിവസത്തെ ഇടയെങ്കിലും വേണ്ടതാണു്. ഈ പതിനഞ്ചുദിവസത്തിനു മുൻപു് രക്തം കണ്ടാൽ അതു രോഗരക്തമാണെന്നു് അനുമാനിക്കാം.

ചോ:—പ്രസവരക്തം എന്നാൽ എന്തു്?

ഉ:—സ്ത്രീകൾക്കു ഗർഭോല്പാദനത്തിനുശേഷമുള്ള ഋതുരക്തം മുഴുവനും പ്രസവരക്തമായി പരിണമിക്കുന്നു. അതു പ്രസവം നടന്നശേഷം പുറപ്പെടുന്നതാണു്. ഇതു തുടങ്ങി അവസാനിക്കുന്നതിനുള്ള സമയം കുറഞ്ഞതു് ഒരുനിമിഷവും, കൂടിയതു് 40 ദിവസവും, ഏററവുംകൂടിയതു് 60 ദിവസവും ആകുന്നു. 60–ൽകൂടുതൽ ദിവസം രക്തം കണ്ടാൽ അതു രോഗരക്തമാണെന്നു വിചാരിക്കേണ്ടതാകുന്നു. ഹൈസും നിഫാസും ഉള്ള കാലത്തു നമസ്കാരവും നോമ്പും നിർവ്വഹിക്കുക അനുവദനീയമല്ല. എന്നാൽ നോമ്പു മററൊരവസരത്തിൽ നോററു വീട്ടേണ്ടതാണു്.

---

ആസാദ് പ്രിൻറഴ്സ്—കൊല്ലം

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. M297 Acc. No. 14370

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M297 14370

മുഹമ്മദ് സാഹിബ് - മഹ.

ഇസ്ലാം ബാലബോധിനി

KOTTAYAM PUBLIC LIBRARY

Call No. M277 Acc. No. 14370

Author മുഹമ്മദ് സാഹിബ്. എ

Title ഇസ്ലാം ബാലബോധിനി